**ധനകാര്യം**

## ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരകർഷകരുടെ ശാക്തീകരണത്തിനും വരുമാന വർദ്ധനവിനും ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയ എല്ലാ തീറ്റവസ്തുക്കൾക്കും വില വർദ്ധിച്ചതായും അങ്ങനെയുള്ള സാഹചര്യത്തിലും ഇൻഷ്വറൻസ് തുകയിൽ വർദ്ധനവ് വരുത്തി കർഷകരെ പ്രതിസന്ധിയിലാക്കിയതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നാടൻ ഇനം പശുക്കളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലിത്തീറ്റയുടെ വിലവർദ്ധനവ് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലാവസ്ഥാ വ്യതിയാനംമൂലം പ്രതിസന്ധിയിലായ ക്ഷീരമേഖലയെ സംരക്ഷിക്കുന്നതിനും ക്ഷീരകർഷകരെ സഹായിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരമേഖലയിലെ സംരംഭകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വിവിധ കാരണങ്ങളാൽ പ്രതിസന്ധിയിലായ

കർഷകരെ സഹായിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇതര സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് കേരളത്തിൽ വിൽക്കുന്ന പാക്കറ്റ് പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇതര സംസ്ഥാനത്തുനിന്ന് വരുന്ന പാൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും അല്ലാത്തവ

അതിർത്തിയിൽത്തന്നെ തടയാനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്റ്റാൻഡേർഡ് മിൽക് എന്ന് അച്ചടിച്ച കവറിൽ ടോൺഡ് മിൽക് വിൽക്കാൻ പാടില്ല എന്ന വ്യവസ്ഥ നിലനിൽക്കേ, ടോൺഡ് മിൽക് നിറയ്ക്കേണ്ട നീലക്കവറുകളിൽ സ്റ്റാൻഡേർഡ് മിൽക് എന്ന് അച്ചടിച്ച് മിൽമ പാൽ വിതരണം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മിൽമയിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളിൽ അന്വേഷണം നടത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീമതി കെ. കെ. രമ
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
5. ശ്രീ. എൻ. ഷംസുദ്ദീൻ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. നജീബ് കാന്തപുരം
8. ശ്രീ. കുറുക്കോളി മൊയ്തീൻ
9. ശ്രീ. പി. ഉബൈദുള്ള

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. എ. പി. അനിൽ കുമാർ

13. ശ്രീ. അൻവർ സാദത്ത്

14. ഡോ. മാത്യു കുഴൽനാടൻ

15. ശ്രീ. സണ്ണി ജോസഫ്

16. ശ്രീ. സനീഷ്കുമാർ ജോസഫ്

17. ശ്രീ. ചാണ്ടി ഉമ്മൻ

18. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

19. ശ്രീ. പി. സി. വിഷ്ണുനാഥ്

**ധനാഭ്യർത്ഥന നമ്പർ XXXIV - വനം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനമേഖല സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമല്ലെന്ന് പറയപ്പെടുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വർദ്ധിച്ചുവരുന്ന വന്യമൃഗശല്യം തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവികൾ ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയാൻ ഫലപ്രദമായ നടപടികൾ

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യമൃഗങ്ങളുടെ അക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൊടിക്കുത്തിമല ഇക്കോട്ടൂറിസം പദ്ധതി നടപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി അക്രമണങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാട്ടുതീ തടയുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനം വകുപ്പിന്റെ കീഴിലുള്ള വിജിലൻസ്

വിംഗിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചാലിയാർ പുഴയിൽ തുടർച്ചയായി ഉണ്ടാകുന്ന നീർനായ ശല്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ വനം വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങളിലെ യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങൾ കൂടുതൽ ജലം വലിച്ചെടുക്കുന്നതുമൂലം വനത്തിനുള്ളിൽ ജലദൗർലഭ്യം ഉണ്ടാകുന്നത്

പരിഹരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി അക്രമണങ്ങൾക്കിരയായവർക്ക് അർഹമായ നഷ്ടപരിഹാരത്തുക ഉയർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി ആക്രമണം തടയാനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി അക്രമണങ്ങൾക്ക് ഇരയായവർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക കുടിശ്ശിക തീർത്ത് വിതരണം ചെയ്യണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജനവാസ മേഖലകളിലെ വന്യജീവി

അക്രമണങ്ങൾ ഫലപ്രദമായി പ്രതിരോധിക്കാൻ, ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കേന്ദ്ര വനം-വന്യജീവി നിയമം പരിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവികൾ കൃഷിനശിപ്പിക്കുകയും വളർത്തുമൃഗങ്ങളെ കൊന്നൊടുക്കുകയും ചെയ്യുന്നത് പ്രതിരോധിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനം വകുപ്പിന്റെ കീഴിലെ വിജിലൻസ് വിംഗ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനം വകുപ്പിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടേയും അസി.കൺസർവേറ്റർമാരുടേയും സ്ഥലംമാറ്റത്തിനായി കോഴ ഇടപാട് നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപയിൽ 10,00,000 രൂപ കുറവുചെയ്യേണ്ടതാണ്. (വനങ്ങളിൽനിന്നും ഘട്ടം ഘട്ടമായി യൂക്കാലിപ്റ്റസ്, അക്കേഷ്യ മരങ്ങൾ ഒഴിവാക്കാൻ 2021-ലെ ഇക്കോ റിസ്റ്റോറേഷൻ പോളിസി നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ, വനം വകുപ്പിന്റെ കീഴിലുള്ള കെ.എഫ്.ഡി.സി. തോട്ടങ്ങളിൽ അതേ ഇനങ്ങളിൽപ്പെട്ട മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീമതി കെ. കെ. രമ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. നജീബ് കാന്തപുരം
8. ശ്രീ. കുറുക്കോളി മൊയ്തീൻ
9. ശ്രീ. പി. ഉബൈദുള്ള

10. ശ്രീ. ടി. വി. ഇബ്രാഹിം

**ചർച്ച**

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 2024-25 സാമ്പത്തികവർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. രണ്ടാം പിണറായി ഗവൺമെന്റ് വന്നതിനുശേഷം ബഫർ സോൺ വിഷയത്തെക്കുറിച്ച് വലിയ തോതിലുള്ള ആശങ്ക ഉണർത്തിയിരുന്നു. ബഫർ സോണിന്റെ പേരിൽ കേരളത്തിലെ മലയോര മേഖലയിലെ പതിനായിരക്കണക്കിന് ആളുകളാണ് ആശങ്കയോടെ സമരരംഗത്ത് അണിനിരന്നത്. ജനവാസ മേഖലയിൽ പുതിയ നിർമ്മിതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നിരവധി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വേഗത്തിൽ നടപ്പാക്കാതെ ജനവികാരത്തോടൊപ്പംനിന്നുകൊണ്ട് സമയബന്ധിതമായി സർക്കാർ നടപടി സ്വീകരിച്ച് ജനങ്ങളുടെ ആശങ്ക ഒഴിവാക്കി. പ്രസ്തുത വിധി പ്രകാരമുള്ള നിയന്ത്രണങ്ങൾ നീക്കിക്കൊണ്ടുള്ള പുതിയ കോടതി വിധി നേടിയെടുക്കാൻ സർക്കാരിനും വനം വകുപ്പിനും സാധിച്ചു. അത് അഭിമാനകരമായ നേട്ടമാണ്.

വിവിധ നിർമ്മിതികളുടെ എണ്ണം, സ്ഥല പരിശോധന നടത്തിക്കൊണ്ട് കേരളത്തിലെ ജനസാന്ദ്രത എന്നിവ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ ധരിപ്പിച്ചതിലൂടെ ഇത്തരം നടപടികളിൽ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ സാധിച്ചു. കർശന നിയന്ത്രണങ്ങളിൽ ഇളവുവരുത്തി, ആയത് ക്വാറികൾക്കും ഖനികൾക്കും വൻകിട വ്യവസായങ്ങൾക്കും മാത്രമായിരിക്കുമെന്നും വ്യക്തമാക്കി. സംസ്ഥാന സർക്കാരിന്റെ നിലപാടുകൾ അംഗീകരിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി സർക്കാരിന് എടുത്തുപറയാവുന്ന ഒരു വലിയ നേട്ടവും ഇരുപത് വർഷത്തിലധികമായുള്ള ജനങ്ങളുടെ പരാതികൾക്കും ബഫർ സോൺ വിഷയത്തിനും ഒരു പരിഹാരം കണ്ടെത്താനും കേരളത്തിലെ ഈ സർക്കാരിന് സാധിച്ചു. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ഇതര സമൂഹത്തിൽപ്പെട്ട 782 കുടുംബങ്ങൾക്ക് കഴിഞ്ഞ രണ്ട് വർഷത്തെ സർക്കാരിന്റെ ഭരണ കാലയളവിൽ നവകിരണം പദ്ധതി മുഖേന 95 കോടി രൂപ അനുവദിച്ച് പുനരധിവാസത്തിന് സാഹചര്യമൊരുക്കി.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. ജി. എസ്. ജയലാൽ)

മലയോര മേഖലകളിൽ കൃഷി വ്യാപകമായി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. എന്നാൽ അതിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണെന്നും കാലാവധി നീട്ടിയില്ലെങ്കിൽ കൂടുതൽ അപകടകരമായ സ്ഥിതിയിലേയ്ക്ക് മാറുമെന്നുമുള്ളത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വനാശ്രിതരായ ആദിവാസി വിഭാഗത്തിൽനിന്നുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനം വകുപ്പിൽ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ ആദിവാസി മേഖലയിൽനിന്നും എട്ട് പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഇനിയും വേഗത്തിലാക്കേണ്ടതുണ്ടെന്ന് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വന മേഖലയിൽ താമസിക്കുന്നവരുടെ പട്ടയം, വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖ എന്നിവ നൽകുന്നതിന്റെ പ്രവർത്തനം കൂടുതൽ ത്വരിതപ്പെടുത്തേണ്ടതുണ്ടെന്നത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വനസൗഹൃദ സദസ്സിലൂടെ പാവപ്പെട്ടവർക്ക് നൽകിയ സഹായം കേരളത്തിൽ നാളിതുവരെ നടന്നതിൽ ഏറ്റവും വലിയ മാതൃകാപരമായ പ്രവർത്തനമാണ്. കേരളത്തിലെ ആദരണീയനായ മുഖ്യമന്ത്രി മാനന്തവാടിയിൽ ഉദ്ഘാടനം ചെയ്ത് ആരംഭിച്ച് 51 നിയമസഭാ നിയോജകമണ്ഡലങ്ങളിലെത്തിച്ചേർന്ന വനസൗഹൃദ സദസ്സ് കേരളത്തിൽ വമ്പിച്ച വിജയത്തിനിടവരുത്തിയിട്ടുണ്ട്. പാവപ്പെട്ട ആദിവാസികൾക്ക് നല്ല ആനുകൂല്യങ്ങൾ നൽകാൻ അതുവഴി സാധിച്ചു. കുളത്തൂപ്പുഴ ഫോറസ്റ്റ് മ്യൂസിയം ഞാൻ പോയി കണ്ടതാണ്. മൂന്ന് ഏക്കർ സ്ഥലത്ത് എത്ര മനോഹരമായാണ് ഒരു റിസർച്ച് സെന്റർ നിർമ്മാണം പൂർത്തിയാക്കി നാച്വറൽ ഹിസ്റ്ററി മ്യൂസിയമായി പരിണമിപ്പിച്ചത്. ഏറ്റവും വലിയ വികസന പ്രവർത്തനങ്ങളിലൊന്നാണിത്. തേനീച്ചയുടെ ഉപദ്രവത്താൽ പരിക്കേൽക്കുന്ന ആദിവാസികൾക്ക് നൽകുന്ന നഷ്ടപരിഹാര തുക രണ്ട് ലക്ഷം രൂപയിൽനിന്ന് പത്ത് ലക്ഷം രൂപ വരെയായി ഉയർത്താൻ തീരുമാനിച്ചത് സ്വാഭാവികമായും വലിയ സഹായമായിരിക്കുമെന്ന് കരുതുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ കൺട്രോൾ റൂം ആരംഭിച്ച് കാട്ടുതീ തടയാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. ഒരു

പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർഡാമിൽ ഫയർ ഫോഴ്സിന്റെ ഒരു ഓഫീസുണ്ടെങ്കിലും അവർക്ക് സ്വന്തമായി കെട്ടിടമില്ല. പക്ഷെ സ്ഥലമുണ്ട്. കാട്ടുതീ എപ്പോഴും ഉണ്ടാകാൻ സാധ്യതയുള്ള വനമേഖലയാണിത്. കെട്ടിടം അനുവദിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിൽ മൂന്നാമത്തെ ഫേസ് നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടന ഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. നിയമസഭാ സാമാജികർ എല്ലാവരും പോയി കാണേണ്ട സ്ഥലമാണത്. മനോഹരമായ നൂതനമായ കാഴ്ചകളാണ് അവിടെയുള്ളത്. ആനകളുടെ പുനരധിവാസത്തിനും കുട്ടിയാനകളെ വളർത്തുന്നതിനുംവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ കേരളത്തെ അതിശയിപ്പിക്കുന്നതാണ്. ഇപ്പോൾ വിദേശ രാജ്യങ്ങളിൽനിന്നുപോലും റിസെർച്ച് ഫെല്ലോസ് അവിടം സന്ദർശിക്കുന്നത് നമുക്ക് കാണാൻ കഴിയും. അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇനി അത് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാനായി അടിയന്തരമായി പരിശ്രമിക്കണമെന്ന് ആവശ്യപ്പെടുന്നു. വനാന്തരങ്ങളിൽ താമസിക്കുന്ന

ആദിവാസികൾ നിർമ്മിക്കുന്ന വസ്തുവകകൾ വിൽപ്പന നടത്താനുള്ള പ്രത്യേക പദ്ധതിയുണ്ട്. വനശ്രീ വിപണനകേന്ദ്രങ്ങൾ മുഖേന അവ വിൽപ്പന നടത്താവുന്നതാണ്. അമ്പൂരി പഞ്ചായത്ത് പന്ത്രണ്ട് ഉന്നതികളുള്ള ഒരു പ്രദേശമാണ്. മറ്റ് പേരുകൾ പറയാൻ കഴിയാത്തതുകൊണ്ടാണ് 'ഉന്നതി' എന്ന് സൂചിപ്പിക്കുന്നത്. അവിടെ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി ഒരു വിപണന കേന്ദ്രം അമ്പൂരി കേന്ദ്രീകരിച്ച് നടപ്പാക്കുന്നതിനായി വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെടുന്നു. കോഴിക്കോട് ജില്ലയിൽ ടൈഗർ സഫാരി പാർക്കുണ്ട്. പക്ഷെ നെയ്യാർഡാമിൽ നിലവിലുണ്ടായിരുന്ന ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പല സന്ദർഭങ്ങളിലും നിയമസഭയിൽ സബ്മിഷനായും ശ്രദ്ധക്ഷണിക്കലായും അവതരിപ്പിച്ചിട്ടുള്ള കാര്യമാണിത്. എന്തെങ്കിലും നിയമനടപടികൾ മാറ്റേണ്ടതുണ്ടെങ്കിൽ... കേന്ദ്രഗവൺമെന്റിന്റെ ഇടപെടൽ കാരണമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അടിയന്തരമായി ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനം പുനരാരംഭിക്കണം. ഒരു ടൂറിസ്റ്റ് കേന്ദ്രത്തിൽ ഉണ്ടായിരുന്ന സംവിധാനം

നഷ്ടപ്പെടുക എന്നുപറയുന്നത് അപമാനകരമാണ്. അടിയന്തര ഇടപെടൽ നടത്തി പാർക്കിന്റെ പ്രവർത്തനം പുനരാരംഭിക്കണമെന്ന് ആവശ്യപ്പെടുന്നു. സ്കൂളുകളിൽ അഞ്ചോ പത്തോ സെന്റിനുള്ളിൽ മാതൃകാവനം നിർമ്മിക്കുന്നതാണ് 'വിദ്യാവനം' പദ്ധതി. ഏറ്റവും മനോഹരവും മാതൃകാപരവുമാണിത്. അതുപോലെ നഗരവനം. ബഹുമാനപ്പെട്ട മന്ത്രിയും ഞാനും വനം വകുപ്പിലെ ഉദ്യോഗസ്ഥരും മറ്റ് എം.എൽ.എ.മാരുമായി കമ്മിറ്റിയുടെ ഭാഗമായി മഹാരാഷ്ട്ര സന്ദർശിക്കുന്ന അവസരത്തിൽ, മുംബൈയ്ക്ക് അടുത്ത് പൂനെയിൽ പത്തിരുപത് സെന്റ് സ്ഥലത്ത് അവർ നിർമ്മിച്ച നഗരവനം കാണാനിടയായി. അതുപോലെ കേരളത്തിലും നിരവധി കേന്ദ്രങ്ങളിൽ നഗരവനം നിർമ്മിക്കാനും മെച്ചപ്പെട്ട രീതിയിൽ പരിപാലിക്കാനും കഴിയും. അതൊരു മാതൃകയായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഗ്രാമീണ മേഖലയിലെ പരിസ്ഥിതി സന്തുലനാവസ്ഥയ്ക്ക് ഏറ്റവും അനിവാര്യമാണ് കാവുകളും കാടുകളും കുളങ്ങളും സംരക്ഷിക്കുക എന്നത്. അക്കാര്യത്തിൽ ഒരു ശക്തമായ നിലപാട് സ്വീകരിക്കണം. കാവുകളുടെയും അതിനോടനുബന്ധിച്ചുള്ള കുളങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി ശക്തമായ നിലപാട് സ്വീകരിക്കണം. അതിനുവേണ്ടി

ബഡ്ജറ്റിൽ തുക കൂടുതൽ ഉൾപ്പെടുത്തണം. കാവുകളുടെ സംരക്ഷണത്തിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതികൾ ആവശ്യമാണ്. ഇതുവഴി ഗ്രാമീണ മേഖലയിലുണ്ടാകുന്ന മാറ്റം ചെറുതായിരിക്കില്ല. പ്രത്യേകിച്ച് പരിസ്ഥിതിയുടെ സന്തുലനം ഉറപ്പാക്കാൻ ഏറ്റവും അനിവാര്യമാണ് കാവുകളുടെ സംരക്ഷണം എന്നത് ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. നമുക്ക് 30 ശതമാനം വനമേഖലയാണ് ഉണ്ടായിരുന്നത്. ഇക്കഴിഞ്ഞ ഏഴെട്ട് വർഷത്തിനിടയിൽ പ്രത്യേകിച്ച് പിണറായി സർക്കാർ വന്നതിനുശേഷം രണ്ട് ഘട്ടങ്ങളിലായി ഏകദേശം 15000 ഹെക്ടർ ഭൂമി കൂടി വനമേഖലയിലേയ്ക്ക് ചേർക്കാൻ കഴിഞ്ഞു. ഇത് വലിയൊരു നേട്ടമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വന മേഖലയുണ്ടെന്ന് പറയുന്ന സംസ്ഥാനങ്ങളിൽ വന മേഖല കുറഞ്ഞുവരുമ്പോൾ കേരളത്തിൽ വന മേഖല വർദ്ധിക്കുന്നു എന്നതാണ് പ്രത്യേക നേട്ടമായി നമുക്ക് കാണാൻ കഴിയുന്നത്. വനങ്ങളുടെ അനിവാര്യത ഉയർത്തിപ്പിടിക്കാൻ ഇതുവഴി നമുക്ക് കഴിയും. ജനസാന്ദ്രത കൂടിയ ഒരു സംസ്ഥാനത്താണ് വന മേഖല കൂടുതൽ വിപുലപ്പെടുത്തുന്നത് എന്നതാണ് പ്രത്യേകത.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരളം കാർഷിക സമ്പദ്ഘടനയ്ക്ക് ആഭിമുഖ്യമുള്ള ഒരു സംസ്ഥാനമാണ്. കാർഷിക മേഖലയിൽ നിന്നുള്ള വരുമാനത്തോടൊപ്പം മൃഗസംരക്ഷണം വഴിയും ഉരുക്കൾ വഴിയും ലഭിക്കുന്ന വരുമാനവും കൂടി അതിൽ ഉൾച്ചേർക്കുകയാണ്. കാർഷിക വരുമാനത്തിൽ ഏകദേശം 21 ശതമാനത്തോളവും ഉരുക്കളിൽനിന്നുള്ള വരുമാനം ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. പാലുല്പാദനം ആയാലും ഇറച്ചിയായാലും മറ്റുപല നിലയിലുള്ള വരുമാനം വഴിയായാലും ആ രംഗത്ത് കഴിഞ്ഞ 3 വർഷമായി വലിയ നേട്ടമാണ് കാണാൻ കഴിയുന്നത്. മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ വഴി.. പ്രത്യേകിച്ച് മനുഷ്യർ എന്നതുപോലെ തന്നെ ജീവജാലങ്ങളുടേയും അംഗസംഖ്യ കൂടിവരികയാണ്. മനുഷ്യർക്ക് പല നിലയിലുള്ള വ്യാധികളോ രോഗങ്ങളോ വന്നാൽ ആവശ്യത്തിന് വിവിധ ചികിത്സാ സൗകര്യങ്ങൾ ഗ്രാമീണതലങ്ങളിൽ വരെ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ ഉരുക്കൾക്ക് ആവശ്യമായ സംരക്ഷണവും ചികിത്സാ സൗകര്യവും ഗ്രാമീണമേഖലയിൽ എത്തിക്കാൻ നമുക്ക് കഴിയണം.

എന്റെ നിയോജകമണ്ഡലത്തിൽ ഒരു വലിയ Goat Farm ഉണ്ട്. സെന്റർ ഓഫ് എക്സലൻസിയിൽ ഉൾപ്പെടുത്തിയ ഒരു ആട്ടുവളർത്തൽ കേന്ദ്രമാണ്. അതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഒരു കോടി നാൽപ്പത് ലക്ഷം രൂപ കൂടി വകുപ്പിൽ നിന്ന് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആയിരം മലബാറി ആടുകളെ വളർത്താൻ കഴിയുന്ന ഒരു കേന്ദ്രമായി അതിനെ ഉയർത്താനാകും. അത് കേരളത്തിനൊരു മാതൃകയാണ്. ആ നിലയിൽ വകുപ്പ് അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഒരു dairy college ഇവിടെയുണ്ട്. ഇതിനുവേണ്ടി ആഭ്യന്തര വകുപ്പിന് കീഴിലുള്ള പതിനാറ് ഏക്കറോളം സ്ഥലം നെയ്യാർഡാമിൽ എടുത്തിട്ടുണ്ട്. അവിടെ കോളേജ് ആരംഭിക്കാനും പുൽകൃഷി ആരംഭിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.

ഒരു രാഷ്ട്രീയകാര്യം കൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഇവിടെ രാഷ്ട്രീയ ഡിബേറ്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടുപോയ കാര്യങ്ങൾ എല്ലാം സൂചിപ്പിക്കുന്നുണ്ട്. അവർ വിമർശനം ഉന്നയിക്കുന്നതിനോട് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്, ഒരു കവി

വചനമുണ്ട്.. പട്ടിണിയേക്കാൾ മറ്റൊരു ആർത്തിയും ഇല്ലല്ലോ എന്നുപറയുന്നതു പോലെയാണത്.

ചെയർപേഴ്സൺ: സമയം കഴിയാറായി.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളത്തിന്റെ വികസന പ്രക്രിയയിൽ പിണറായി സർക്കാർ നൽകിയത് പട്ടിണി മാറ്റാൻ വേണ്ടിയുള്ള അടിസ്ഥാന സൗകര്യം ഒരുക്കൽ ആയിരുന്നു. പക്ഷെ അത് തെറ്റിദ്ധരിപ്പിക്കുന്ന നിലയിൽ ഈ ഗവൺമെന്റിനെതിരെ തിരിച്ചുവിടാൻ യു.ഡി.എഫ്.-ന് കഴിഞ്ഞു.

ചെയർപേഴ്സൺ: ഇന്ന് അപരാഹ്ന സമ്മേളനമുണ്ട്...

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഒരു മിനിട്ട് കൂടി അനുവദിക്കണം. ഞാൻ സാധാരണ അധിക സമയം ആവശ്യപ്പെടാറില്ല. കാര്യത്തിനുള്ളിൽ നിന്നുതന്നെ സംസാരിക്കാൻ ശ്രമിക്കുന്ന ആളാണ്. കേരളത്തിൽ ഇടതുപക്ഷം മണ്ണൊരുക്കി, യു.ഡി.എഫ്. അത് കൊയ്തെടുത്തു. അതാണ് കേരളത്തിൽ നടക്കുന്നത്. ബി.ജെ.പി. ഉയർത്തിയ വർഗ്ഗീയ രാഷ്ട്രീയത്തിനെതിരായി മണ്ണൊരുക്കിയതും അതിനെതിരായി മതേതര ശക്തികളെ അണിനിരത്തിയതും ഞങ്ങളാണ്. പക്ഷെ അതിന്റെ ഫലം കൊയ്തത് യു.ഡി.എഫ്. ആണ്. അത് നിങ്ങൾ

മറക്കരുത്. എക്കാലവും അത് ലഭിക്കുമെന്നും നിങ്ങൾ കരുതേണ്ടതില്ലെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മൃഗസംരക്ഷണം എന്നത് സത്യത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്. മൃഗങ്ങൾക്ക് രോഗബാധയുണ്ടാകുന്ന സമയങ്ങളിൽ ആവശ്യമായ മരുന്നും ചികിത്സാ സൗകര്യങ്ങളുമില്ല. കൂടാതെ ആശുപത്രികളിൽ പലതിലും ഡോക്ടർമാരില്ല. അതുപോലെതന്നെ പകർച്ചവ്യാധികളുണ്ടാകുന്ന സമയത്ത് ഡിപ്പാർട്ട്മെന്റ് തന്നെ ഇടപെട്ട് വളർന്നുപന്നികളെയൊക്കെ വ്യാപകമായി കൊലപ്പെടുത്തുന്നുണ്ട്. പക്ഷെ കർഷകർക്ക് കാര്യമായ നഷ്ടപരിഹാര സംഖ്യയൊന്നും സമയബന്ധിതമായി കൊടുക്കുന്നില്ല. അതുപോലെ ക്ഷീരകർഷകർ വളരെയധികം പ്രതിസന്ധിയിലാണ്. അവർ കഠിനാധ്വാനം ചെയ്യുന്നവരാണ്. സമയബന്ധിതമായി ജോലി ചെയ്തെങ്കിൽ മാത്രമെ അവർക്ക് പിടിച്ചുനിൽക്കാൻ കഴിയൂ. അവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നത് വർഷങ്ങളായിട്ടുള്ള നമ്മുടെ ആവശ്യമാണ്. രണ്ട് ഗവൺമെന്റുകളും അക്കാര്യത്തിൽ വേണ്ട താൽപ്പര്യം കാണിക്കുന്നില്ല.

അക്കാര്യത്തിൽ വഞ്ചി ഇപ്പോഴും തിരുനക്കര തന്നെ എന്ന അവസ്ഥയിൽ നിൽക്കുകയാണെന്ന് പറയാം. എന്നാൽ മൃഗസംരക്ഷണത്തിനുപകരം വളർത്തുമൃഗങ്ങളെ വന്യമൃഗങ്ങൾ ആക്രമിക്കുന്ന നിരവധി സംഭവങ്ങൾ വളരെ വ്യാപകമായി ആ മേഖലകളിൽ ഉണ്ടാകുന്നുണ്ട്. നിയമസഭയുടെ ഈ സെഷനിൽ ഉണ്ടായിട്ടുള്ള ഗൗരവമേറിയ ചർച്ചകളെല്ലാം വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ടതുതന്നെയാണ്. ഇതുസംബന്ധിച്ച് പ്രത്യേകമായ പ്രമേയവും നിയമഭേദഗതിക്ക് സ്വകാര്യ ബില്ലും കൊണ്ടുവന്നു. ശ്രദ്ധക്ഷണിക്കൽ വേളയിൽ വിഷയം അവതരിപ്പിച്ചു. ചോദ്യോത്തരവേളയിൽ വളരെ സജീവമായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഈ വിഷയം ശക്തമായി ഉന്നയിച്ചു. പതിനഞ്ചാം കേരള നിയമസഭയിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2 അടിയന്തര പ്രമേയങ്ങൾ ഞാൻ തന്നെ കൊണ്ടുവന്നു. ആ രീതിയിലും ഗൗരവമേറിയ ചർച്ചയുണ്ടായിട്ടുണ്ട്. വയനാട്ടിൽ അജീഷ് എന്ന വ്യക്തി മരിച്ചതിനുശേഷം ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. ഒരു അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടി. എന്റെ നാട്ടിലെ ഒരു വിഷയം സൂചിപ്പിക്കുകയാണെങ്കിൽ, വനാതിർത്തിയിൽ നിന്ന് 10 കിലോമീറ്റർ

അകലെയുള്ള പള്ളിയിൽ പോകുന്ന സമയത്താണ് മോട്ടോർ സൈക്കിളിൽ സഞ്ചരിച്ചിരുന്ന ഭാര്യാഭർത്താക്കന്മാരെ ആന കൊന്നത്. ആ വിഷയത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് സംസാരിച്ചു. വയനാട്ടിൽ സാലു എന്ന തോമസിനെ, അയാളുടെ വീട്ടുപറമ്പിൽ കടുവ ആക്രമിച്ച് കൊലപ്പെടുത്തിയ വിഷയത്തിലും ഞങ്ങളിവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു. ഇതൊന്നും ചർച്ചയ്ക്കെടുക്കാൻ ഗവൺമെന്റ് തയ്യാറായില്ല. എന്നാൽ കക്ഷി വ്യത്യാസമില്ലാതെ സഭയ്ക്കകത്ത് എല്ലാവരും സജീവമായി ഉയർത്തുന്ന ഒരു പ്രശ്നമാണിത്. വനാതിർത്തി പങ്കിടാത്ത ഒരു ജില്ലയാണ് ആലപ്പുഴ. എന്നാൽ വനാതിർത്തിയിലെ പ്രശ്നങ്ങൾ ഗുരുതരമാണെന്ന് കുട്ടനാട് എം.എൽ.എ. കഴിഞ്ഞ ദിവസം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കുറഞ്ഞത് പത്ത് ചോദ്യങ്ങളുടെ മറുപടിയെങ്കിലും എന്റെ കൈവശമുണ്ട്. മിക്കവാറും എല്ലാം സ്റ്റീരിയോ ടൈപ്പ്.. ആവർത്തന വിരസമായിട്ടുള്ള മറുപടികളാണ്. ഫാക്ട് ആൻഡ് ഫിഗേഴ്സിൽ ചെറിയ വ്യത്യാസമുണ്ടെങ്കിൽപ്പോലും ഒരേ തരത്തിലുള്ള മറുപടിയാണ് ലഭിക്കുന്നത്. നേരത്തെ എന്റെ സ്നേഹിതൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് മാനന്തവാടിയിൽ

ആരംഭിച്ച വന സൗഹൃദ സദസ്സിനെക്കുറിച്ച് പറഞ്ഞു. വനമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി നിയോജകമണ്ഡലങ്ങളിലൂടെ യാത്രചെയ്ത് പഞ്ചായത്തുകളിലെ പ്രസിഡന്റുമാരിൽനിന്നും വിവരങ്ങൾ ശേഖരിച്ച് അവിടെ വന്യജീവി ആക്രമണത്തിൽ മരിച്ചവർക്ക് കൊടുക്കേണ്ട തുക നൽകുകയും ഫോട്ടോയെടുക്കുകയും ചെയ്തു. ഞങ്ങളുടെ ഫോട്ടോ വന്നുയെന്നല്ലാതെ എന്ത് ഫലമാണ് കിട്ടിയെന്നുചോദിച്ചാൽ അതിന് മറുപടിയില്ല. അതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. ഇപ്പോഴും വന്യജീവി ആക്രമണം ഗുരുതരമായി വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലും അല്ലാത്തിടത്തും വളരെ ശക്തമായി നിലനിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ആറളം, കൊട്ടിയൂർ എന്നീ രണ്ടുവന്യജീവി സംരക്ഷണകേന്ദ്രങ്ങളുണ്ട്. മാത്രമല്ല കർണ്ണാടകത്തിലെ ബ്രഹ്മഗിരി വന്യജീവി സംരക്ഷണകേന്ദ്രത്തിന്റെ അതിർത്തി കൂട്ടുപുഴ-അയ്യൻകുന്ന് പഞ്ചായത്ത് പങ്കിടുകയാണ്. ഫലത്തിൽ മൂന്ന് വന്യജീവി സംരക്ഷണകേന്ദ്രങ്ങളാണ് ഇവിടെ സ്ഥിതിചെയ്യുന്നത്. കേരളത്തിൽ ആകെ 23 വന്യജീവി സംരക്ഷണകേന്ദ്രങ്ങളാണുള്ളത്. കഴിഞ്ഞ ദിവസം ചോദ്യോത്തരവേളയിൽ

ബഹുമാനപ്പെട്ട കെ. ബാബു എന്നോട് ഇതുസംബന്ധിച്ച് ചോദ്യം ചോദിക്കുന്നില്ലേയെന്ന് ചോദിച്ചു. മുൻമന്ത്രി ഡോ. ടി. എം. തോമസ് ഐസകുമായി ഫ്ലൈറ്റിൽ ഒരുമിച്ചുയാത്ര ചെയ്തപ്പോൾ ആറളം ഫാമിലെ ആനകളെക്കുറിച്ച് ചോദിക്കുകയുണ്ടായി. ആദിവാസി ജനവിഭാഗങ്ങൾ താമസിക്കുന്ന ആറളം ഫാമിൽനിന്നുമാത്രം ഇപ്രാവശ്യം എഴുപത്തിമൂന്ന് കാട്ടാനകളെയാണ് തുരത്തിയത്. ഫോറസ്റ്റ് ജീവനക്കാർ ജനവാസ മേഖലയിൽ ആനകൾ വരാതിരിക്കാനുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. പക്ഷേ തുരത്തിയ ആനകൾ വീണ്ടും കടന്നുവരികയാണ്. ഇവിടെ ഇപ്പോൾ അമ്പത്തിമൂന്ന് കോടി രൂപ ചെലവഴിച്ച് ആന പ്രതിരോധ മതിൽ പണിയുകയാണ്. 2020-ൽ ഇരുപത് കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിന് കാലതാമസംവന്നതുകൊണ്ട് നിലവിൽ അമ്പത്തിമൂന്ന് കോടി രൂപയായി മാറി. പക്ഷേ, ആ തുക വനംവകുപ്പിന്റെയല്ല, പട്ടികവർഗ്ഗ വികസനവകുപ്പിന്റെ തുകയാണ്. ആദിവാസികളെ സംരക്ഷിക്കുന്നതിനുവേണ്ടി അവരുടെയും ഞങ്ങളുടെയുമെല്ലാം ആവശ്യപ്രകാരം അമ്പത്തിമൂന്ന് കോടി രൂപയാണ് ചെലവഴിക്കുന്നത്. പക്ഷേ ആവശ്യങ്ങൾ നിറവേറ്റപ്പെടണം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം വിളിച്ചുചേർത്ത മീറ്റിംഗിൽ ആറളം ഫാമിൽ ആനപ്രതിരോധ മതിലിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. മതിൽ കെട്ടുമ്പോൾ അതിന്റെ ഇരുവശങ്ങളിലും..... ഒരു വശത്ത് നേരത്തെ കെട്ടിയ മതിലുണ്ട്. അയ്യൻകുന്ന് പഞ്ചായത്തിൽ വന്യമൃഗങ്ങൾ പ്രത്യേകിച്ച് ആനകളാണ് കൂടുതലായും പ്രവേശിക്കുന്നത്. ഈ വിഷയം സംസാരിക്കുന്നതിനായി നാട്ടുകാർ വിളിച്ചുകൂട്ടിയ ഇന്നലത്തെ യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നു. ആനപ്പേടിയിൽ ഉരുപ്പുംകുറ്റി ആയാംകുടി ഗ്രാമം; വീടിന്റെ സമീപത്ത് കാട്ടാന, കൃഷിയിടങ്ങൾ ചതച്ചരച്ചു; കാട്ടാന ശല്യം പരിഹരിച്ചില്ലെങ്കിൽ കടുത്ത പ്രക്ഷോഭം എന്നീ നിലകളിൽ നിത്യവും പത്രങ്ങളിൽ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ജനങ്ങൾ രക്ഷതേടി ഫോറസ്റ്റ് ഉദ്യോഗസ്ഥരെ സമീപിക്കുമ്പോൾ തങ്ങളുടെ കൈവശം പടക്കംപോലും ഇല്ലെന്ന് പറയുന്ന ഗതികേടിൽനിന്ന് വനം വകുപ്പിനെ രക്ഷിക്കണം. വാച്ചർമാരെ നിയമിച്ചിട്ടുണ്ടെങ്കിലും അവർക്ക് ശമ്പളം കൊടുക്കുന്നില്ല, കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നുമില്ല. അവർക്ക് ആവശ്യമുള്ള ആയുധങ്ങളോ

അതിനുള്ള സംരക്ഷണമോ നൽകുന്നില്ല. ഫോറസ്റ്റ് ഉദ്യോഗസ്ഥർ വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും കൂടുതൽ ഫലപ്രദമാകുന്നില്ല. ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എത്ര ആളുകൾ മരിച്ചുയെന്ന് നമുക്കെല്ലാവർക്കുമറിയാം. വയനാട്ടിലെ പ്രജീഷിനെ കടുവ കൊന്ന് പകുതിയും ഭക്ഷിച്ച ശരീരമാണ് അദ്ദേഹത്തിന്റെ വീട്ടുകാർക്ക് കിട്ടിയത്. ഈ സംഭവം സഭയിൽ വന്ന വിഷയമാണ്.

കേരളം ഭൂവിസ്തൃതിയിൽ കുറവുള്ളതും എന്നാൽ വനവിസ്തൃതിയും ജനസാന്ദ്രതയും കൂടിയ സ്ഥലവുമാണ്. ഇവിടുത്തെ പ്രശ്നങ്ങൾ എല്ലാവർക്കുമറിയാവുന്നതാണ്. വന്യമൃഗാക്രമണങ്ങളെക്കുറിച്ച് പത്രങ്ങളിൽ ലേഖനങ്ങൾ വരുന്നു, മാതൃഭൂമിയിൽ എഡിറ്റോറിയൽ പേജിൽതന്നെ വാർത്തകൾ വരുന്നു. ശ്രീ. എം. വി. ശ്രേയാംസ് കുമാറിന്റെ ലേഖനങ്ങൾ ആവർത്തിച്ച് പത്രങ്ങളിലും ചാനലുകളിലും വരുന്നു. ദീപിക പത്രത്തിന്റെ എഡിറ്റോറിയൽ പേജ് എന്റെ കൈയിലുണ്ട്. അതിൽ പറയുന്നത്, "വന്യജീവി സംരക്ഷണവും ജനദ്രോഹവും: വന്യമൃഗശല്യംമൂലമുള്ള വിളനാശത്തിന്റെ നഷ്ടപരിഹാരം പുറത്തുപറയാൻ കൊള്ളാത്തത്ര അപര്യാപ്തവും യഥാസമയം

കിട്ടാത്തതുമാണ്. ഇതിനിടെയാണ് വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ വിചിത്രമായ മറുപടി നിയമസഭയിൽ കേട്ടത്. നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണെന്നാണ് അദ്ദേഹം പറഞ്ഞത്. നിലവിലെ നിരക്ക് അനുസരിച്ചുതന്നെ നഷ്ടപരിഹാരം നൽകാൻ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നും പറഞ്ഞു." മന്ത്രി സത്യസന്ധമായി പറഞ്ഞു. അതുകൊണ്ട് അതിരൂക്ഷമായിട്ടുള്ള ഈ വിഷയം ചർച്ച ചെയ്യണം. കാട്ടുപന്നികളെ കൊല്ലുന്നതിനുവേണ്ടിയെടുത്ത നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സംസാരിക്കുകയുണ്ടായി. കഴിഞ്ഞ മാസം 28-ാം തീയതി മലപ്പുറത്തെ എടവണ്ണ പാലപ്പറ്റയിൽ കാട്ടുപന്നി കുറുകെ ചാടി സ്കൂട്ടർ മറിഞ്ഞ് യാത്രാക്കാരനായ അരീക്കോട് സ്വദേശി പൂവഞ്ചീരി അബ്ദുൽ ഹമീദ് മരിച്ചു. കാട്ടുപന്നി വിഷയം അതിരൂക്ഷമായി നിലനിൽക്കുകയാണ്. അതിന്റെ ഉത്തരവാദിത്വം കേന്ദ്രസർക്കാരിൽ ഒതുക്കരുത്. പന്നികളെ കൊല്ലാനുള്ള അനുമതി പഞ്ചായത്തിന് നൽകിയാൽപോലും തോക്കിനുള്ള ലൈസൻസ് ലഭിക്കുന്നില്ല. കൊന്നുകഴിഞ്ഞാൽ മണ്ണെണ്ണ ഒഴിച്ച് കുഴിച്ചിടണമെന്നാണ്. എന്തുകൊണ്ട്

വെളിച്ചെണ്ണ ഒഴിച്ചുകൂടാ. കേരളത്തിന് ഈ വിഷയത്തിൽ ഒരു സമീപനം എടുക്കാവുന്നതേയുള്ളൂ. അതിനെ vermin ആയിട്ട് പ്രഖ്യാപിക്കാൻ കേരളം തീരുമാനിച്ചാൽ നമുക്ക് കുറച്ചുകൂടി മനുഷ്യത്വപരമായും ജനകീയമായും കർഷകരുടെ ആവശ്യങ്ങൾ അംഗീകരിച്ചുമുള്ള നിലപാടുകൾ സ്വീകരിക്കാൻ സാധിക്കും. കേന്ദ്രത്തിനെ മാത്രം പഴിചാരികൊണ്ട് വിഷയങ്ങളെ കൈകാര്യം ചെയ്യാൻ കഴിയില്ല. വയനാട്ടിലെ അജീഷിന്റെ മരണത്തെ തുടർന്ന് കേന്ദ്രമന്ത്രി വയനാട്ടിൽ യോഗം വിളിച്ചിരുന്നു. അദ്ദേഹം കേരളത്തിന് ഉത്തരവാദിത്വമുണ്ടെന്നാണ് പറയുന്നത്. നിയമത്തിൽ ഭേദഗതി വരുത്തണം. എന്റെ അഭിപ്രായത്തിൽ മനുഷ്യ-വന്യജീവി പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വനം വകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ്, ബന്ധപ്പെട്ട എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവരുമായി സംയുക്ത യോഗം വിളിച്ചുചേർക്കണം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഈ വിഷയം നല്ല നിലയിൽ കൈകാര്യം ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം. വനം വകുപ്പിന്റെ

കുറ്റകരമായ കെടുകാര്യസ്ഥതയിൽ ശക്തമായ എതിർപ്പ് രേഖപ്പെടുത്തുന്നു, ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഈ മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. കേരളീയ ജീവിതത്തിന്റെ സംസ്കാരത്തിന്റെ ഭാഗമാണ് പശു വളർത്തലും പാൽ ഉൽപ്പാദനവും. അത് ഗ്രാമീണ ജീവിതത്തിന്റെ സൗന്ദര്യത്തിന്റേകൂടി ഭാഗമായിരുന്നു. ഇന്ന് ഗ്രാമീണ ജീവിതത്തിന്റെ അന്ത:സത്ത മാറി നാഗരിക സംസ്കാരത്തിലേയ്ക്ക് നീങ്ങുകയാണ്. അത്തരമൊരു സാഹചര്യത്തിലാണ് കേരളം പാൽ ഉൽപ്പാദനരംഗത്ത് സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. അതിനായി ഭാവനാപൂർവ്വം വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നു. അതിൽ തൊഴിൽ നൽകുകയെന്ന ലക്ഷ്യംകൂടിയുണ്ട്. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും സ്വയം സഹായ സംഘങ്ങൾക്കും പശു വളർത്തൽ, പാൽ ഉൽപ്പാദനം, ബയോ ഇൻപുട്സ്, തീറ്റപ്പുൽകൃഷി തുടങ്ങിയ ഒട്ടേറെ പദ്ധതികളിലേയ്ക്കാണ് നീങ്ങുന്നത്. ക്ഷീരമേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തി ആയതിന് സാങ്കേതിക വിദ്യയിലൂടെ പരിഹാരം കണ്ടെത്തുന്നതിനായി 2023-24 വർഷം കേരള സ്റ്റേറ്റ്

സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് Dairy Innovation Zone പദ്ധതി നടപ്പിലാക്കുകയാണ്. പുൽകൃഷി വ്യാപിപ്പിക്കുന്നതിനും മുരിങ്ങയുടെ പ്രത്യേക ഗുണങ്ങൾ പ്രയോജനപ്പെടുത്തി ഉരുക്കളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനും കോളാർ മാതൃക (സങ്കര നേപ്പിയർ-മുരിങ്ങ സമ്മിശ്ര പുൽക്കൃഷി)-യിലുള്ള കൃഷി രീതി നടപ്പിലാക്കാൻ തീരുമാനിച്ചു. ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ് ഇന്ത്യയ്ക്ക് മാതൃകയായ അതിദരിദ്രരില്ലാത്ത കേരളം പദ്ധതി. അതിദരിദ്രരെ കണ്ടെത്തി അത് പരിഹരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. അതിദരിദ്ര കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കാനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമുള്ള പ്രത്യേക പദ്ധതിയിലൂടെ കേരളത്തിൽ അതിദരിദ്രരായ 64000 കുടുംബങ്ങളെ സർക്കാർ കണ്ടെത്തുകയും തെരഞ്ഞെടുക്കപ്പെട്ട നൂറ്റിനാൽപ്പത് കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുകയും ചെയ്തു. ഈ വകുപ്പ് ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് ഒരു പശു ഡയറി യൂണിറ്റ് സ്ഥാപിക്കുവാൻ ഈ വർഷം ലക്ഷ്യമിടുന്നുണ്ട്. ക്ഷീര സംഘങ്ങളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

അതോടൊപ്പം വാണിജ്യ ഡയറി ഫാമുകൾക്കും യുവാക്കൾക്കുള്ള സ്റ്റാർട്ടപ്പ് ഡയറി ഫാമുകൾക്കും പ്രത്യേക ധനസഹായപദ്ധതി ആരംഭിച്ചു. സംരംഭകർക്കായി ഇരുപത് പശു ഡയറി യൂണിറ്റുകളും യുവാക്കൾക്ക് സ്റ്റാർട്ടപ്പ് ഡയറി ഫാം പദ്ധതിയും നടപ്പിലാക്കുവാനുള്ള നൂതന പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. ക്ഷീരലയം പദ്ധതി - ഏറ്റവും ദുഷ്കരമായ ജീവിതം നയിക്കുന്നവരാണ് തോട്ടം തൊഴിലാളി മേഖല. തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക സാമൂഹിക സുരക്ഷയ്ക്കായി കമ്മ്യൂണിറ്റി കാറ്റിൽഷെഡ് സ്ഥാപിച്ച് ക്ഷീര സംഘങ്ങളുമായി സഹകരിച്ച് പ്രത്യേക ഡയറി പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. അതുപോലെതന്നെയാണ് ക്ഷീരതീരം പദ്ധതി. നമ്മുടെ മത്സ്യമേഖല പ്രത്യേകിച്ച് കാലാവസ്ഥ വ്യതിയാനത്തെത്തുടർന്ന് മത്സ്യ-കയർമേഖലകളിലെ തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേക ഡയറി പാക്കേജ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു. ആന്റിബയോട്ടിക്കുകളെക്കുറിച്ച് ചർച്ച നടക്കുന്ന കാലമാണ്. പാലിൽ ആന്റിബയോട്ടിക് കണ്ടെത്തി നിയന്ത്രിക്കുന്നതിനുള്ള കർമ്മപദ്ധതി

തീരുമാനിച്ച് സർട്ടിഫൈഡ് മിൽക്ക് സംസ്കരിച്ച് വിപണനം ചെയ്യുന്ന സംഘങ്ങൾക്ക് സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾക്കായി സ്പെഷ്യൽ പെർഫോർമൻസ് ബൂസ്റ്റർ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതും തികച്ചും സ്വാഗതാർഹമാണ്. ഞാൻ നേരത്തെ പുൽക്കൃഷിയെക്കുറിച്ച് സൂചിപ്പിച്ചു. ഇന്ന് വയലുകൾ ഇല്ലാത്തതിനാൽ പ്രത്യേകം പുൽക്കൃഷി നടത്തേണ്ട സാഹചര്യമാണുള്ളത്. തരിശുഭൂമിയിലാണ് പുൽക്കൃഷി നടത്തുന്നത്. പുൽക്കൃഷി വ്യാപനത്തിനായി 2302 ഹെക്ടർ സ്ഥലത്ത് പുൽക്കൃഷി ചെയ്ത് 3.68 ലക്ഷം മെട്രിക് ടൺ തീറ്റപ്പുൽ അധികമായി ഉല്പാദിപ്പിക്കാനാണ് ശ്രമിക്കുന്നത്. 90 ഹെക്ടർ തരിശുഭൂമിയിൽ പുൽക്കൃഷി വ്യാപനം നടക്കുന്നുണ്ട്. തീറ്റപ്പുൽകൃഷി വികസന പദ്ധതിയിലൂടെ പുല്ലിന്റെ ലഭ്യതക്കുറവ് 53 ശതമാനത്തിൽനിന്ന് 40 ശതമാനമായി കുറയ്ക്കുവാൻ സാധിക്കും. തീറ്റപ്പുൽകൃഷിക്കായി സ്ഥലം കണ്ടെത്തി വ്യാപിപ്പിക്കാനുള്ള ശ്രമമാണ് നടത്തേണ്ടത്. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള 3618 സൊസൈറ്റികളെയും ചേർത്തുകൊണ്ട് ക്ഷീരശ്രീ, ക്ഷീരസംഘങ്ങളിൽ ഏകീകൃത അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. ആ സംഘങ്ങൾക്ക് ഈ പദ്ധതിയിലൂടെ ഗുണങ്ങൾ ലഭിക്കുകയാണ്. സംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് 3 ലക്ഷം രൂപ നൽകാനുള്ള തീരുമാനവും ക്ഷീരസംഘങ്ങളിൽ മഴവെള്ള സംഭരണിയും കുറഞ്ഞ നിരക്കിലുള്ള മാലിന്യനിർമാർജന പ്ലാന്റ്, സൗരോർജ സംരക്ഷണ പദ്ധതികൾ എന്നിവ സ്ഥാപിക്കാനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷവും ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ ഗ്രാമപഞ്ചായത്തുകൾ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള വലിയ പരിശ്രമങ്ങൾ നടത്തുകയും നല്ല മുന്നേറ്റം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന രണ്ട് ലക്ഷത്തോളം കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ക്ഷീര വികസന വകുപ്പിന്റെ വെബ്പോർട്ടലായ ക്ഷീരശ്രീ പോർട്ടലിന് സംസ്ഥാന ഗവൺമെന്റിന്റെയും ഇന്ത്യ ഗവൺമെന്റിന്റെയും ഇ-ഗവേണൻസ് അവാർഡ് ഈ വർഷം ലഭിച്ചുവെന്നത് അഭിമാനകരമായ കാര്യമാണ്. 2024-25 വർഷത്തോടെ ക്ഷീരസഹകരണ മേഖലയെ സ്വയംപര്യാപ്തമാക്കാൻ ലക്ഷ്യം വയ്ക്കുന്ന പ്രവർത്തനം സംബന്ധിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. കർഷകരുടെ

സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിന് പാൽവില ചാർട്ട് ശാസ്ത്രീയമായി നവീകരിച്ചിട്ടുണ്ട്. സംഘങ്ങളിൽ പാൽ ഒരു ലിറ്ററിന് ഒരു രൂപ ഇൻസെന്റീവ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ക്ഷീരകർഷകരെയും കുടുംബങ്ങളെയും കന്നുകാലികളെയും ഉൾപ്പെടുത്തിയുള്ള ആരോഗ്യ പരിരക്ഷയ്ക്കായുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതിയാണ് 'ക്ഷീരസാന്ത്വനം'. കിടാരി പാർക്ക് പദ്ധതി ......... കാലിത്തീറ്റ ബിൽ പാസ്സാക്കുകയും നിയമമാക്കുന്നതിനുള്ള സത്വരനടപടികൾ നടക്കുകയും ചെയ്യുന്നു. ഈ ബിൽ പാസ്സാകുന്നതോടുകൂടി ഒരുപാട് പദ്ധതികളും പരിപാടികളും കൃഷിക്കാരെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കാൻ സാധിക്കും. സ്വയംപര്യാപ്തതയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം ഇതര സംസ്ഥാനങ്ങളിൽനിന്ന് പതിനായിരം പശുക്കളെ കൊണ്ടുവരുന്നതിനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്. നമ്മുടെ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന് വളരെയധികം സഹായകരമായ മൊബൈൽ വെറ്ററിനറി യൂണിറ്റ് പരീക്ഷണാടിസ്ഥാനത്തിൽ 29 ബ്ലോക്കുകളിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. രാത്രികാല അടിയന്തര ചികിത്സയ്ക്ക് മൊബൈൽ സർജറി

യൂണിറ്റ് വലിയ മാറ്റമാണ് കൊണ്ടുവരുന്നത്. സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര നഗരസഭയിലും മൊബൈൽ സർജറി യൂണിറ്റ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൃഷിക്കാരെ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിൽ വലിയ ഒരു ചലനം സൃഷ്ടിക്കുന്ന പദ്ധതിയാണത്. വിദേശത്തുനിന്ന് പാൽ ഇറക്കുമതി ചെയ്യുന്ന സംവിധാനങ്ങൾ വന്നിട്ടുണ്ട്. ഫ്രഞ്ച് കമ്പനി നമ്മുടെ ഒട്ടേറെ സ്ഥാപനങ്ങൾതന്നെ ഏറ്റെടുത്തുകഴിഞ്ഞു. അതുപോലെ മറ്റ് രാജ്യങ്ങളിൽനിന്ന് പാൽ നമ്മുടെ രാജ്യത്തേയ്ക്ക് വരുന്നത് അതീജിവിക്കാനുള്ള പ്രവർത്തനങ്ങൾ എത്രമാത്രം നടത്താൻ സാധിക്കുമെന്ന് ശ്രദ്ധിക്കേണ്ടതുണ്ട്. കേന്ദ്ര ഗവൺമെന്റാണ് അത് തീരുമാനിക്കുന്നത്. ഇന്ത്യയിലെ കൃഷിക്കാരെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽനിന്നും പിറകോട്ട് പോകുന്ന കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നിലപാടിനെ തടയേണ്ടതുണ്ട്. കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധന വളരെ കൃത്യമായി നടത്തണം.

വനം വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി സൂചിപ്പിച്ച് ഞാൻ അവസാനിപ്പിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ് വന്യജീവി

വകുപ്പ്. നമ്മുടെ സംസ്ഥാന റവന്യൂവിൽ നല്ല ഒരു ഫണ്ട് ചെലവഴിക്കേണ്ടതും നമ്മൾ സംരക്ഷിക്കേണ്ടതുമായ പ്രവർത്തനമാണ് വനം വകുപ്പിനുള്ളത്. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി സമൂഹത്തിൽപ്പെട്ട 752 കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കഴിഞ്ഞ രണ്ട് വർഷ കാലയളവിൽ നവീകരണ പദ്ധതികൾ മുഖേന 95.92 കോടി രൂപ അനുവദിച്ച് പുനരധിവാസ സാഹചര്യം ഒരുക്കിയെന്നത് സന്തോഷകരമാണ്. പുനരധിവസിപ്പിക്കപ്പെടുന്ന ആളുകളുടെ പരിശീലനത്തിനായുള്ള പദ്ധതികളും ഇതിന്റെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുണ്ട്. 25000/- രൂപ വരെയുള്ള സഹായ പദ്ധതികളാണ് ഇതിന്റെ ഭാഗമായിട്ടുള്ളത്. അതോടൊപ്പം ഇതിന്റെ ഭാഗമായി 156 ഹെക്ടർ ഭൂമി വനത്തോട് കൂട്ടിച്ചേർക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇന്നലെ നമ്മൾ ചർച്ച ചെയ്തതുപോലെ വന്യജീവികൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിപ്പിക്കുന്നതിനും മനുഷ്യ ജീവൻ നഷ്ടപ്പെടുന്നതിനും കാരണമാകുന്നു. ഈ പശ്ചാത്തലത്തിൽ 1972-ലെ കേന്ദ്രവന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പന്നിയെ വെടിവെച്ച് കൊല്ലുന്നതിനുള്ള

തുക വർദ്ധിപ്പിക്കുന്നത് ആ പ്രവർത്തനത്തിന് ആളെ ലഭിക്കുന്നതിന് സഹായകരമാണ്. പി.എസ്.സി.വഴി പട്ടികവർഗ വിഭാഗത്തിൽനിന്ന് 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് നിയമനം ലഭിച്ചുവെന്നത് വളരെ സന്തോഷവും സ്വാഗതാർഹവും അഭിനന്ദനാർഹവുമായ കാര്യമാണ്. വനം ഇക്കോ ടൂറിസം അതോറിറ്റിയുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പ്രോജക്ട് നേരത്തെ ആരംഭിച്ചതാണ്. ഇപ്പോൾ നാശത്തിന്റെ വക്കിലുള്ള ആ പദ്ധതിയെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമമുണ്ടാകണം. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പരിഹാരമാർഗങ്ങൾ അടങ്ങിയ 620 കോടി രൂപ ചെലവ് വരുന്ന 5 വർഷ കാലയളവുള്ള പക്കേജ് തയ്യാറാക്കി കേന്ദ്രത്തിന്റെ അനുമതിക്ക് ശ്രമിച്ചെങ്കിലും ലഭിച്ചിട്ടില്ല. ആ പ്രവർത്തനത്തിന് കമ്മിറ്റിയെ നിയോഗിച്ച് മുന്നോട്ടുപോകാൻ ശ്രമം നടത്തുന്നത് സന്തോഷകരമാണ്. വന്യജീവി സംരക്ഷണ നിയമം ഭേദഗതി വരുത്തേണ്ടതുണ്ട്. മാധവ് ഗാഡ്ഗിലും നേരത്തെ അത് സൂചിപ്പിച്ചിരുന്നു. അതിനുള്ള ശ്രമം കേരളത്തിലെ വനം വകുപ്പിന്റെയും കേരള സർക്കാരിന്റെയും ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന്

സൂചിപ്പിക്കുകയാണ്. 'വനസൗഹൃദ സദസ്', ഇൻഷ്വറൻസ് പരിരക്ഷ........ വനത്തിനോട് ചേർന്നുള്ള ഭാഗങ്ങളിലെ ജനങ്ങളെക്കൂടി ഇൻഷ്വറൻസ് പരിരക്ഷയിലുൾപ്പെടുത്താനുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. വന്യജീവി ആക്രമണം അത്രമാത്രം ഗുരുതരമായ സാഹചര്യമാണ്. നമ്മുടെ മഞ്ഞക്കൊന്ന, വാറ്റിൽ, അക്കേഷ്യ, യൂക്കാലി എന്നീ മരങ്ങൾ നീക്കം ചെയ്യാനുള്ള പദ്ധതി ആവിഷ്ക്കരിച്ചുവെന്നത് സന്തോഷകരമാണ്. വന്യജീവികളുടെ കടന്നാക്രമണം തടയുന്നതിനും വനസംരക്ഷണത്തിന്റെ ഭാഗമായും ഇതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. തീർച്ചയായും ഈ പ്രവർത്തനങ്ങളെല്ലാം സ്വാഗതാർഹമാണ്. നേരത്തെ ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ ഇതിനെ എതിർക്കുന്നുവെന്നാണ് പറഞ്ഞത്. എന്നാൽ ഇതിന് കൂടുതലായി ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് പാസ്സാക്കണമെന്നാണ് പറയേണ്ടിയിരുന്നത്. ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഒരു ആണ്ടറുതിപോലെ ഇങ്ങനെ പാസ്സാക്കുന്നതുകൊണ്ട് എന്താണ് കാര്യം. രാവിലെ റൂമിൽ വന്നപ്പോൾ ലഭിച്ചതാണ് ഈ തടിച്ച

പുസ്തകം. ഈ ഗവണ്മെന്റിന്റെ പ്രോഗ്രസ് റിപ്പോർട്ട് എന്ന് തലക്കെട്ട് നൽകിയിരിക്കുന്ന ഈ പുസ്തകത്തിൽ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെങ്കിലും വായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. "ക്ഷീര സാന്ത്വനം, ഗോസമൃദ്ധി എന്നീ കന്നുകാലി ഇൻഷ്വറൻസ് സ്കീമുകൾ വിപുലപ്പെടുത്തും. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ കന്നുകാലികൾ ചത്തുപോയതിന്റെയും കറവ ശുഷ്കമായതിന്റെയും ഫലമായി കടക്കെണിയിലാകുകയും ജപ്തി നടപടികൾ അഭിമുഖീകരിക്കുകയും ചെയ്ത കൃഷിക്കാരുണ്ട്. ഇവരെ സഹായിക്കാൻ ഒരു പദ്ധതി തയ്യാറാക്കും." എന്നാണ് പ്രോഗസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. മൂന്ന് വർഷം കഴിഞ്ഞു; ഇനി എന്നാണ് തയ്യാറാക്കുന്നത്? മൃഗസംരക്ഷണ മേഖല സംബന്ധിച്ച് ഗവൺമെന്റിന് താല്പര്യമില്ലെന്നതിന്റെ എറ്റവും വലിയ തെളിവാണ് ഈ തടിച്ച പുസ്തകം. ഈ മേഖലയെ നാം എങ്ങനെയാണ് അഭിമുഖീകരിക്കുന്നത്. ലോകത്തിലെ ഏറ്റവും കൂടുതൽ കന്നുകാലി സമ്പത്തുള്ള ഒരു രാജ്യമായ ഇന്ത്യയിലാണ് ലോകത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ ഏകദേശം 25 ശതമാനത്തോളം ഉല്പാദിപ്പിക്കുന്നത്. രാജ്യത്ത് 8 കോടിയോളം കർഷകരാണ്

ഈ മേഖലയിലുള്ളത്. ഒരു കാലത്ത് കേരളത്തിലെ 90 ശതമാനത്തിൽ കൂടുതൽ വീടുകളിൽ ഏതെങ്കിലും തരത്തിലുള്ള ഒരു കന്നുകാലിയെങ്കിലുമുണ്ടായിരുന്നു; ഒരു ആട് എങ്കിലുമുണ്ടായിരുന്നു. ഇന്ന് നമ്മുടെ നാട്ടിലെ സ്ഥിതിയെന്താണ്; എത്ര വീടുകളിൽ കന്നുകാലിയുണ്ട്; എന്തുകൊണ്ട് ആളുകൾ ഇതിൽനിന്ന് പിന്തിരിഞ്ഞുപോയി എന്നതിനെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടുണ്ടോ? ഇക്കഴിഞ്ഞ കന്നുകാലി സെൻസസ് അനുസരിച്ച് മുമ്പുള്ളതിനേക്കാൾ 30 ശതമാനത്തിന്റെ കുറവാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. കൃഷകർക്ക് സുസ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയാണ് വേണ്ടത്. ഏതെങ്കിലും ചെറിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതിനുപകരം സ്ഥിരമായി ഈ മേഖലയിൽ നിൽക്കാൻ ഉതകുന്ന സംവിധാനം ഉണ്ടാക്കുകയാണ് വേണ്ടത്. കന്നുകാലി വളർത്തുന്ന കർഷകരുടെ വീട്ടിൽ കർഷക ആത്മഹത്യകൾ നടക്കുന്നില്ലെന്ന ഹൈദരബാദിലെ MANAGE (National Institute of Agricultural Extension Management)-ന്റെ പഠന റിപ്പോർട്ടുണ്ട്. ഇക്കാര്യം വളരെ പ്രാധാന്യത്തോടെയാണ് നമ്മൾ കാണേണ്ടത്. ജനങ്ങൾക്ക് പ്രതീക്ഷയുളവാക്കുന്ന രീതിയിലും സന്തോഷം

പകരുന്ന രീതിയിലും ജീവിക്കാനുള്ള പദ്ധതികൾ സർക്കാർ തയ്യാറാക്കി ഈ മേഖലയെ സമ്പുഷ്ടപ്പെടുത്തിയാൽ ഏറെ നേട്ടങ്ങളുണ്ടെന്ന സൂചനയാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. മൃഗങ്ങളിലുണ്ടാകുന്ന വിവിധ രോഗങ്ങൾമൂലം പ്രത്യേകിച്ച് ക്ഷീരമേഖലയിലുണ്ടാകുന്ന തളർച്ച ചെറുതല്ല. രക്തപരാദ രോഗങ്ങളായ തൈലേറിയ, അനാപ്ലാസ്മ, കുളമ്പുരോഗം എന്നിവ ക്ഷീരമേഖലയിലുണ്ടാക്കിയ തളർച്ച ചെറുതല്ല. സംസ്ഥാനത്ത് രണ്ട് വർഷം മുമ്പ് ആരംഭിച്ച പന്നിപ്പനി ഈ മേഖലയിലുണ്ടാക്കിയ ഭീതി ഇന്നും തുടരുകയാണ്. ഈ മേഖലയിലുള്ള ആശങ്ക അകറ്റാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ഇന്നും വൈറസ് രോഗങ്ങൾ ഫാമുകളിലുണ്ടെന്ന് കർഷകർ പറയുന്നുണ്ട്. അതിർത്തി കടന്നുവരുന്ന പന്നികളുടെ വരവിനെ നമ്മൾ നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും അവ നിർബാധം വന്നുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. സാധാരണക്കാരായ ക്ഷീരകർഷകരുടെ അവസ്ഥ അതിദയനീയമാണ്. ക്ഷീരമേഖലയിൽ ഉയർന്ന പരിപാലന ചെലവുണ്ട്; എന്നാൽ പാലിന്റെ വില പിടിച്ചുനിർത്താൻ സാധിക്കാത്ത നിലയിലുമാണ്. കഴിഞ്ഞവർഷം പാലിന്റെ വില 56/- രൂപയായിട്ടും കർഷകർക്ക് ലഭിക്കുന്നത് 34/- രൂപയും 45/-

ശ്രുപയ്യുമിടയിൽ മാത്രമാണ്. വിവരങ്ങൾ പഠിക്കാൻ നാം സന്നദ്ധരാകേണ്ടതുണ്ട്. ഇപ്പോൾ മാളുകളിൽ വിദേശപാലും പാലുല്പന്നങ്ങളും നിർലോഭം ലഭിക്കും. നമ്മുടെ കുട്ടികൾക്ക് ഇന്ന് സുലഭമായ വിദേശനിർമിത പാലുല്പന്നങ്ങളും ഐസ്ക്രീമുകളുമാണ് ഇഷ്ടം.

കർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്താൻ താൽപര്യമുണ്ടോ ഇല്ലയോയെന്നതിന്റെ ഒരു തെളിവാണ് അവർക്ക് നൽകിവരുന്ന ഇൻസെന്റീവ്. 1 ശതമാനം സർക്കാരും 3 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് 4 ശതമാനം ഇൻസെന്റീവ് നൽകാമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നവജാതശിശുക്കൾക്ക് നാവിൽ തേൻ പുരട്ടിക്കൊടുക്കുന്ന ഒരു രീതിയുണ്ട്; അത് നിങ്ങളുടെ നാട്ടിലുണ്ടോയെന്ന് എനിക്കറിയില്ല. ആ ഒരു രീതിയിലാണ് സർക്കാരിന്റെ ഈ പദ്ധതി. പണ്ട് എപ്പോഴോ ഒരു ദിവസം കർഷകന് നാവിൽ പുരട്ടിക്കൊടുത്തു; പിന്നെ നൽകിയിട്ടില്ല. 4 ശതമാനം ഇൻസെന്റീവ് നൽകാൻ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധരാണ്. എന്നാൽ നിങ്ങൾ അതിന് അനുമതി നൽകുന്നുമില്ല; 3 ശതമാനം മാത്രമേ നൽകാൻ പാടുള്ളൂവെന്നാണ് നിങ്ങൾ

പറയുന്നത്. പ്രസ്തുത ഇൻസെന്റീവ് നൽകുന്നതിന് സർക്കാർ അനുമതിയില്ലെന്നാണ് മലപ്പുറം ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾ പറഞ്ഞത്. ഇപ്പോൾ ക്ഷീരകർഷകർക്ക് മാത്രമെ ഇൻഷ്വറൻസുള്ളൂ; നമ്മുടെ മൃഗസമ്പത്തിന് ഇൻഷ്വറൻസില്ല. മുമ്പുണ്ടായിരുന്ന 'ക്ഷീരസാന്ത്വനം' പദ്ധതി ഇപ്പോൾ നിലച്ചുപോയെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാവുന്ന കാര്യമാണ്. അത് പുനഃസ്ഥാപിക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കണം. ഒരു കർഷകന് 5 മൃഗങ്ങളിൽക്കൂടുതൽ വളർത്തണമെങ്കിൽ ലൈസൻസ് വേണമെന്ന ഒരു നിയമമുള്ളത് ലഘൂകരിക്കാൻ തയ്യാറാകണം. ചുരുങ്ങിയത് 25 മൃഗങ്ങളെയെങ്കിലും ലൈസൻസ് ഇല്ലാതെതന്നെ വളർത്താനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിൽ ഈ മേഖലയെ കൂടുതൽ മെച്ചപ്പെടുത്താനാകുമെന്നാണ് എനിക്കുതോന്നുന്നത്. കന്നുകാലിക്കുട്ടികൾക്കുള്ള തീറ്റ കഴിഞ്ഞ വർഷം മുടങ്ങുകയും ഇപ്രാവശ്യം ഏപ്രിൽ മാസത്തിൽ നൽകേണ്ടിയിരുന്നത് ഇതുവരെ നൽകാൻ സാധിച്ചിട്ടുമില്ല. എന്റെ നാട്ടിലെ തിരൂരിലെ ഒരു വെറ്ററിനറി ആശുപത്രിയിൽ ഒരു വെറ്ററിനറി സർജനെ നിയമിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി

പറഞ്ഞിരുന്നത് ഇതുവരെ ചെയ്തിട്ടില്ല; അതിനുള്ള താൽപര്യംകൂടി കാണിക്കണം.

കഴിഞ്ഞ തെരഞ്ഞെടുപ്പ് ഫലത്തിൽ ഞങ്ങൾ അഹങ്കരിക്കേണ്ടെന്ന് എന്റെ പ്രിയങ്കരനായ സുഹൃത്തും ബഹുമാനപ്പെട്ട അംഗവുമായ ശ്രീ. സി. കെ. ഹരീന്ദ്രൻ ഇവിടെ പറയുകയുണ്ടായി. നിങ്ങൾ നിലം പാകപ്പെടുത്തുകയും ഞങ്ങൾ കൊയ്തുവെന്നും ഇവിടെ പലരും പറയുകയുണ്ടായി. എന്താണ് സംഭവിച്ചതെന്ന് നിങ്ങളുടെ ജില്ലാ കമ്മിറ്റിയുടെയും സ്റ്റേറ്റ് കമ്മിറ്റിയുടെയും നാഷണൽ കമ്മിറ്റിയുടെയും റിപ്പോർട്ട് മാത്രം വായിച്ചാൽ മതിയാകും. ഞങ്ങളും ഇത് വായിക്കുന്നവരല്ലേ? ഒരു കുടുംബത്തിലെ മക്കൾ ആടിനെ മേയ്ക്കാൻ പോയ ഒരു കഥയുണ്ട്. ആ കുടുംബത്തിലെ മക്കളിൽ ഏറ്റവും ഇളയ മകനോട് പിതാവിന് വലിയ താൽപര്യമായിരുന്നു. ഇതിൽ അസൂയ പൂണ്ട യഹൂദ എന്ന മൂത്ത മകനും മറ്റുള്ളവരും ചേർന്ന് ഇളയ കുട്ടിയെ ഒരു പൊട്ടക്കിണറ്റിലിട്ടതിനുശേഷം ആ കുട്ടിയെ ചെന്നായ പിടിച്ചുവെന്നുപറഞ്ഞ് വീട്ടിൽ തിരിച്ചെത്തി. പിതാവിന് വളരെ വിഷമമുണ്ടായി. എന്നാൽ വഴിയാത്രക്കാർ കുടിക്കാനായി കിണറ്റിൽനിന്നും വെള്ളം കോരിയപ്പോൾ

ബക്കറ്റിൽപ്പിടിച്ച് ഇളയ കുട്ടി കരയ്ക്കുകയറുകയും അവർ ആ കുട്ടിയെ ചന്തയിൽക്കൊണ്ടുപോയി വിൽക്കുകയും ചെയ്തു. കുട്ടിയുടെ സൗന്ദര്യം കണ്ട് വലിയ വിലയ്ക്കാണ് ആ കുട്ടിയെ ഒരാൾ വാങ്ങിയത്. ആ കുട്ടി ഈജിപ്തിലെ കൊട്ടാരത്തിൽ വളരുകയും പിന്നീട് അവിടത്തെ രാജാവായിമാറുകയും ചെയ്യുന്ന ഒരു സാഹചര്യവുമാണുണ്ടായത്. ഈജിപ്തിൽ ആ സമയത്ത് കടുത്ത വറുതിയുണ്ടായപ്പോൾ ലോകത്ത് ആദ്യമായി അന്ന് റേഷൻ സംവിധാനങ്ങൾ ആരംഭിച്ചു. ഇവിടെ നമുക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുണ്ട്; എന്നാൽ ഇവിടത്തെ സംവിധാനം പോലെയല്ല, വളരെ ശാസ്ത്രീയമായാണ് അവിടെ അത് നടത്തിയിരുന്നത്. റേഷൻ വാങ്ങുന്നതിനായി ആ പ്രദേശങ്ങളിലുള്ള ആളുകളൊക്കെ അവിടെയെത്തിയ കൂട്ടത്തിൽ യഹൂദയും സാധനങ്ങളൊക്കെ വാങ്ങി തിരിച്ചുവന്നു. അന്ന് അവർ കിണറ്റിലിട്ട കുട്ടി അവിടുത്തെ രാജാവാണെന്ന് പിന്നീടാണ് യഹൂദയ്ക്ക് മനസ്സിലായത്. സി.പി.ഐ.(എം.)-ന്റെ അവസ്ഥ ഇതുപോലെയല്ലേ; മുമ്പ് കോൺഗ്രസിനെ നിങ്ങൾ പൊട്ടക്കിണറ്റിലിടാൻ ശ്രമിച്ചില്ലേ; നിങ്ങൾ ഏതുചെകുത്താനുമായും കൂട്ടുകൂടുമെന്ന് പറഞ്ഞില്ലേ? ബി.ജെ.പി. ജയിച്ചാലും കുഴപ്പമില്ല; ഇടതുപക്ഷം

തോറ്റാൽമതി എന്നതായിരുന്നു കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും നയം എന്ന് എന്റെ ഒരു സ്നേഹിതൻ പറയുകയുണ്ടായി.

1989-ൽ വി. പി. സിംഗ് ഭൂരിപക്ഷം നേടി അധികാരത്തിലെത്തിയപ്പോൾ കോൺഗ്രസ് പിരിച്ചുവിടണമെന്ന് പറഞ്ഞ് ഇ.എം.എസ്. ഒരു ലേഖനമെഴുതി. അടുത്ത ദിവസത്തെ ലേഖനത്തിൽ മുസ്ലീം ലീഗിനെ പിരിച്ചുവിടണമെന്നുമെഴുതി. പിന്നീട് 1991-ലെ ജില്ലാ കൗൺസിൽ ഇലക്ഷൻ കഴിഞ്ഞപ്പോൾ യു.ഡി.എഫ്.-നെ പിരിച്ചുവിടണമെന്നും അവസാനത്തെ ഖണ്ഡികയിൽ മുസ്ലീം ലീഗിനെ പിരിച്ചുവിടേണ്ടെന്നും ഇ.എം.എസ്. ലേഖനമെഴുതി. കാരണം മലപ്പുറത്ത് ഞങ്ങൾ വിജയിക്കുകയും ബാക്കിയുള്ളവയിൽ നിങ്ങൾ വിജയിക്കുകയും ചെയ്തു. എന്നാൽ അന്ന് നിങ്ങൾ കുഴിച്ചുമൂടാൻ ശ്രമിച്ച കോൺഗ്രസിന്റെ പിന്നാലെ ഞങ്ങളുടെ മുന്നണിയിൽ സഹകരിച്ചിരുന്നുവെങ്കിൽ ഇതിലും നേട്ടമുണ്ടാകുമായിരുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം പറയുകയുണ്ടായി.

<u>ചെയർപേഴ്സൺ</u>: അങ്ങ് സഹകരിക്കണം. പ്ലീസ്, കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ആ രാജാവിനുമുമ്പിൽ യഹൂദ കൈകൂപ്പിയതുപോലെയാണ് സി.പി.ഐ.(എം.) ഇന്ന് കോൺഗ്രസിന്റെ മുമ്പിൽ കൈകൂപ്പുന്നത്. ആ രാജാവിന്റെ പേര് യൂസഫ് നബിയെന്നായിരുന്നു. യൂസഫ് നബിയുടെ ചരിത്രമായിരുന്നു ഇത്. ഇതിനുതത്തുല്യമായി യൂസഫ് നബിയെ കൊലപ്പെടുത്താൻ ശ്രമിച്ച യഹൂദയുടെ സ്ഥാനത്താണ് സി.പി.ഐ.(എം.) ഇപ്പോഴുള്ളത്. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഈ മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. എനിക്കുതൊട്ടുമുമ്പ് ബഹുമാന്യരായ രണ്ട് യു.ഡി.എഫ്. അംഗങ്ങൾ സംസാരിച്ചു. ശ്രീ. സണ്ണി ജോസഫ് എം.എൽ.എ., സംസാരിച്ചപ്പോൾ വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന ദുരന്തങ്ങളുടെയും ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുടെയുമെല്ലാം ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിന്റെയും വനം വകുപ്പിന്റെയും മേൽ ആരോപിക്കുന്ന ഒരു സ്ഥിതിയാണുണ്ടായത്. യഥാർത്ഥത്തിൽ കേന്ദ്രഗവൺമെന്റ് വരുത്തുന്ന വലിയ കുറ്റകരമായ വീഴ്ച.... ഏറ്റവും പ്രധാനപ്പെട്ടതായി ഇവിടെ

സൂചിപ്പിക്കപ്പെട്ട വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികളും അതുപോലെ മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനാവശ്യമായ ധനസഹായം നൽകുന്നതടക്കമുള്ള കാര്യങ്ങളിലും കേരളത്തിൽനിന്നുള്ള യു.ഡി.എഫ്. എം.പി.-മാർ എന്ത് കാര്യമാണ് ചെയ്യുന്നതെന്നുകൂടി അദ്ദേഹം ഒന്നുപരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. കഴിഞ്ഞ വർഷം വനമേഖലയും കാർഷികമേഖലയുമായി ബന്ധപ്പെട്ട സംരക്ഷണത്തിനായി സംസ്ഥാന വനം വകുപ്പ് 620 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്രത്തിൽ സമർപ്പിച്ചു. ആ പദ്ധതി നിഷ്കരുണം തള്ളിക്കളഞ്ഞപ്പോൾ അതിനെതിരെ ഒരു വാക്കുപറയാൻ കേരളത്തിലെ ഒരു യു.ഡി.എഫ്. എം.പി.-മാരും തയ്യാറായില്ലെന്നത് ഏറെ ഖേദകരമാണ്. അതുപോലെ ബഹുമാനപ്പെട്ട അംഗം ശ്രീ. കുറുക്കോളി മൊയ്തീൻ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട ഒരുപാട് പ്രശ്നങ്ങൾ ഇവിടെ പരാമർശിച്ചു. ഇക്കഴിഞ്ഞ നാളുകളിലൊക്കെ ഏറ്റവും ശ്രദ്ധേയമായ നിലയിൽ ക്ഷീരവികസന മേഖല മാതൃകാപരമായി മുന്നോട്ടുപോകുകയാണ്. കേരളം ഇന്ന്

പാലുല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തതയുടെ അടുത്തെത്തുകയാണ്. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടപ്പോൾ,

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോര തന്നെ കൊതുകിന്നു കൗതുകം."

എന്ന കവിവാക്യം ഓർമ്മ വന്നത് സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. സമയപരിമിതിമൂലം മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അധീനതയിലുള്ള വന്യമൃഗങ്ങൾ ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുടെ അധീനതയിലുള്ള നാട്ടുമൃഗങ്ങളെ കൊന്നുതിന്നുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ നമുക്ക് രണ്ട് വിഭാഗങ്ങളെയും സംരക്ഷിക്കേണ്ടതുണ്ട്. വനം-വന്യജീവി വകുപ്പുമന്ത്രിയുടെ മൃഗങ്ങളെ വനത്തിനുള്ളിൽത്തന്നെ സംരക്ഷിക്കണം. അതുകൊണ്ട് വന്യമൃഗങ്ങൾ നാട്ടുമൃഗങ്ങളെ കൊന്നുതിന്നുന്നതും മനുഷ്യരെ കൊല്ലുന്ന സ്ഥിതിയും അവസാനിപ്പിക്കാനുള്ള നടപടികൾ നമുക്ക് കൂട്ടായി

നടപ്പിലാക്കിയേ മതിയാകൂ. വനം വകുപ്പിനെതിരെ ആക്ഷേപങ്ങൾ ചൊരിയുമ്പോഴും വനംവകുപ്പ് ശ്രദ്ധേയമായ പല കാര്യങ്ങളും ചെയ്യുന്നുണ്ടെന്നുള്ളത് കാണാതെ പോകാൻ സാധിക്കില്ല. ഇപ്പോൾത്തന്നെ 9 പുതിയ ആർ.ആർ.ടി.(റാപ്പിഡ് റെസ്പോൺസ് ടീം)-കൾ അനുവദിച്ചിട്ടുള്ളതിൽ ഒരു ആർ.ആർ.ടി. എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൻപതാൽ-എരുമേലി ഫോറസ്റ്റ് ഡിവിഷന്റെ കീഴിലാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ നന്ദി അറിയിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ ഫെൻസിംഗിനുള്ള ടെണ്ടർ നടപടികളിലേക്കെത്തിക്കഴിഞ്ഞു. ആ നിലയിൽ സാധ്യമായ കുറെ കാര്യങ്ങൾ ചെയ്യുന്നത് കാണാതെ പോകുന്നില്ല.

എന്റെ നിയോജകമണ്ഡലത്തിലൂടെയാണ് ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേക്കുള്ള കാനനപാത. അതുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങളും സംരക്ഷണപ്രവർത്തനങ്ങളും വനം വകുപ്പാണ് ചെയ്യേണ്ടത്. അത് കുറേക്കൂടി കാര്യക്ഷമമായി നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ കാനനപാതയിലൂടെ എത്തുന്ന മുഴുവൻ അയ്യപ്പഭക്തന്മാരും വനത്തിലെ കാളകെട്ടി ക്ഷേത്രത്തിൽ എത്തി അവിടെ

ആചാരാനുഷ്ഠാനങ്ങൾ നടത്തിയാണ് പോകുന്നത്. വനത്തിനുള്ളിൽ സ്ഥിതിചെയ്യുന്നതിനാൽ ആ ക്ഷേത്രത്തിന്റെ ജീർണ്ണാവസ്ഥയും അവിടേയ്ക്കുള്ള റോഡിന്റെ ശോച്യാവസ്ഥയും പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ നല്ല രീതിയിലുള്ള ഒരു ഇടപെടലുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. കൂടാതെ, എന്റെ നിയോജകമണ്ഡലത്തിലെ പമ്പാവാലി, എയ്ഞ്ചൽവാലി എന്നീ പ്രദേശങ്ങളെ പെരിയാർ ടൈഗർ റിസർവ് പരിധിയിൽനിന്നും ഒഴിവാക്കിയിരുന്നു. പ്രസ്തുത തീരുമാനമെടുത്തത് 19-01-2023-ലാണ്. എന്നാൽ കേന്ദ്രവന്യജീവി ബോർഡിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമെ അത് പ്രാബല്യത്തിൽ വരികയുള്ളൂ. അതിനുവേണ്ടി ഒരുവർഷത്തോളം വൈകി 25-01-2024-ൽ അനുമതിക്കായി കത്ത് അയയ്ക്കുകയും ചെയ്തു. എന്നാൽ, PARIVESH എന്ന പോർട്ടലിലൂടെ അയയ്ക്കണമെന്ന നിബന്ധന പാലിക്കാത്തതുമൂലം ചില പ്രശ്നങ്ങളുണ്ടായിട്ടുള്ളതിനാൽ അക്കാര്യം ഇതുവരെയും നടന്നിട്ടില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുകയും അതിനുവേണ്ട അടിയന്തര നടപടികളുണ്ടാകുകയും ചെയ്യണമെന്ന് ഈ ചർച്ചയിലൂടെ അഭ്യർഥിക്കുകയാണ്. വന്യജീവി

ആക്രമണങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്തുകൊണ്ട് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കാനുള്ള ശ്രമങ്ങൾ കേന്ദ്രത്തോട് ആവശ്യപ്പെടുന്നതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് എന്തുചെയ്യാൻ കഴിയും എന്നുള്ളത് പരിശോധിക്കുകയും വേണം. കൺകറന്റ് ലിസ്റ്റിൽ പ്രതിപാദിച്ചിട്ടുള്ള ഒരു വിഷയമാണ് വനമേഖല. അതുകൊണ്ടുതന്നെ കേന്ദ്രനിയമത്തോട് ഉപോൽബലകമായിത്തന്നെ കേരളത്തിന് നിയമമുണ്ടാക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 254(2) പ്രകാരം കൺകറന്റ് ലിസ്റ്റിലുള്ള കാര്യങ്ങൾക്ക് സംസ്ഥാനതലത്തിൽ നിയമനിർമ്മാണം നടത്താൻ സാധിക്കും. അതിന് രാഷ്ട്രപതിയുടെ സമ്മതം വേണമെന്ന് മാത്രമേയുള്ളൂ. വന്യമൃഗങ്ങൾ മനുഷ്യനെ ആക്രമിക്കുന്നത് തടയുന്നതുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിനുള്ള സാധ്യതകൾ വളരെ ഗൗരവകരമായി പരിശോധിക്കണം എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ചെയർപേഴ്സൺ</u>: അങ്ങ് സഹകരിക്കണം. പ്ലീസ്, കൺക്ലൂഡ് ചെയ്യണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് കുറച്ചുകാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കന്നുകുട്ടിപരിപാലനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുമ്പോൾ അത് കൂടുതൽ ഊർജിതവും കാര്യക്ഷമവും ആക്കണമെന്ന് അഭ്യർഥിക്കുകയാണ്. കന്നുകാലികളുടെ ഇൻഷ്വറൻസിന്റെ കാര്യത്തിൽ സബ്സിഡി നൽകുന്നുണ്ടെങ്കിലും അത് കുറച്ചുകൂടി വർധിപ്പിക്കുകയോ അല്ലെങ്കിൽ പ്രീമിയം പൂർണ്ണമായും സബ്സിഡിയായി നൽകുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഫാം-മെയ്ഡ് പാക്കേജും സംരംഭകത്വ വികസനവും കർഷകർക്ക് നഷ്ടപരിഹാരവും പ്രതിരോധ കുത്തിവയ്പും തുടങ്ങിയ കാര്യങ്ങൾ മാതൃകാപരമാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളാൽ കൊല്ലപ്പെടുന്ന ആളുകളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നത് സർക്കാർ

കണ്ടില്ലെന്നു നടിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമസഭയിൽ എത്രയോ വട്ടം ചർച്ചകളുണ്ടായി. നടപടികൾ ഉണ്ടാകുമെന്ന സർക്കാരിന്റെ ആവർത്തിച്ചുള്ള മറുപടി മാത്രമാണ് ഉണ്ടാകുന്നത്; എന്നാൽ ഒരു നടപടിയും ഉണ്ടാകുന്നില്ല. ഇത് ഒരു സാമൂഹികപ്രശ്നമായി ഉടലെടുത്തുകൊണ്ടിരിക്കുകയാണ്. വന്യജീവികളുടെ ആക്രമണം തടയുവാനും ഏതെങ്കിലും രീതിയിൽ അപകടം സംഭവിക്കുന്നവരെ എല്ലാ അർത്ഥത്തിലും സംരക്ഷിക്കുവാനുമുള്ള ഉത്തരവാദിത്വം സർക്കാരിനാണ്. പക്ഷേ അക്കാര്യത്തിൽ സർക്കാർ സമ്പൂർണമായും പരാജയപ്പെട്ടിരിക്കുകയാണ്. **The Payment of Compensation to Victims of Attack by Wild Animals Act, 1980** പ്രകാരമാണ് വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത്. ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞ മൂന്നുവർഷത്തിനിടെ വന്യജീവി ആക്രമണങ്ങളാൽ 336 അപകടമരണങ്ങൾ ഉണ്ടായി. 2021-22 മുതൽ 2023-24 വരെ 6773 നഷ്ടപരിഹാര അപേക്ഷകൾക്കുമേൽ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല എന്നാണ് അങ്ങ് നൽകിയ ഒരു മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

വന്യജീവികളുടെ ആക്രമണങ്ങൾ, കൃഷിനാശം എന്നിവ ഉൾപ്പെടെയുള്ള കേസുകളാണിത്. ഇതിനെതിരെ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? എം.എൽ.എ.-മാരടക്കം ഈ വിഷയം നിയമസഭയിൽ ആവർത്തിച്ച് ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ മറുപടി നൽകുന്നതല്ലാതെ നടപടികളിലേയ്ക്ക് നീങ്ങുന്നില്ല. അവർക്ക് കോമ്പൻസേഷൻപോലും നൽകാൻ സർക്കാരിന് സാധിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും ഗുരുതരമായ വിഷയം. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ വളരെ അടിയന്തരമായ ഇടപെടലുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

968 അപകടമരണങ്ങളാണ് 2016 മുതൽ ഇന്നുവരെ ഉണ്ടായിട്ടുള്ളത്. വന്യമൃഗങ്ങൾ ജനവാസമേഖലയിലേയ്ക്ക് ഇറങ്ങാതിരിക്കാനുള്ള ശാസ്ത്രീയമായ നടപടികൾ വനംവകുപ്പ് സ്വീകരിക്കുന്നുണ്ടെങ്കിൽപോലും അത് വിജയിക്കുന്നില്ല. കൃത്യമായ ഒരു പരിശോധന അക്കാര്യത്തിൽ ഉണ്ടാകണം. മറ്റൊരു പ്രശ്നം, നമ്മുടെ സാംസ്കാരിക മേഖലയിൽ വനംവകുപ്പിന്റെ വീഴ്ചമൂലം ഉടലെടുത്തിരിക്കുന്ന നാട്ടാനകളുടെ അഭാവമാണ്. ഇന്ന് ക്ഷേത്ര ഉത്സവങ്ങളിലും

പള്ളിപ്പെരുന്നാളടക്കമുള്ള കാര്യങ്ങളിൽ ആനകളെ എഴുന്നള്ളിക്കുന്ന ചടങ്ങുകളിൽ ആനകളുടെ അഭാവമുണ്ടാകുന്നു. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ നൽകിയ മറുപടിയിൽ അങ്ങനെയൊരു കുറവിനെ സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല എന്നാണ് പറയുന്നത്. വിവിധ ദേവാലയങ്ങളിലെ പെരുന്നാളുകൾ, മുസ്ലിം ദേവാലയങ്ങളിലെ ഉത്സവങ്ങളടക്കം, സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിരിക്കുന്ന ഏകദേശം 8000-ഓളം ഉത്സവങ്ങൾ കേരളത്തിലുണ്ട്. അവയ്ക്കെല്ലാം ചേർന്ന് 300-ൽ താഴെ ആനകൾ മാത്രമേയുള്ളൂ എന്നുള്ളതും സർക്കാരിന്റെ മറുപടിയിലുണ്ട്. ഇത്രയേറെ ഉത്സവങ്ങൾ ഉണ്ടാകുമ്പോൾ ആനകളെ എവിടുന്ന് എത്തിക്കാൻ കഴിയുമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതിന്റെ ഫലമായി അമിതമായ രീതിയിൽ മൃഗങ്ങളെ ഉപയോഗിക്കുന്ന സാഹചര്യം വരികയും അവയുടെ ആരോഗ്യം അപകടകരമായ നിലയിലേയ്ക്ക് മാറുകയും ചെയ്യുന്നു. ഈ ആനകളെല്ലാം 50 വയസ്സിനുമുകളിൽ പ്രായമുള്ളവയാണ്. ഈ വിഷയം പരിഹരിക്കാൻ സർക്കാർ ക്രിയാത്മകമായ നിലപാട് സ്വീകരിക്കണം. ആനകളുടെ സംരക്ഷണം

ഉറപ്പുവരുത്തുന്നതോടൊപ്പം നമ്മുടെ സാംസ്കാരികതയുടെ ഭാഗമായ ഉത്സവങ്ങൾക്ക് നാട്ടാനകളുടെ ലഭ്യത ഉറപ്പുവരുത്താനുമുള്ള ഉത്തരവാദിത്വവും സർക്കാരിനുണ്ടാകണം. കോന്നി, കോട്ടൂർ തുടങ്ങിയ മേഖലകൾ ഫോറസ്റ്റ് വകുപ്പിന്റെ ക്യാമ്പുകളാണ്. അവിടെ ആനകൾ ചരിയുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അതിൽ വലിയ ദുരൂഹതകൾ ആരോപിക്കപ്പെടുന്നുണ്ട്. അക്കാര്യത്തിൽ സർക്കാർ വിശദമായ പരിശോധന നടത്തണം.

ക്ഷീരവികസന മേഖലയുമായി ബന്ധപ്പെട്ടുവരുന്ന പദ്ധതികൾ ധാരാളമുണ്ട്. ഇവിടെ പ്രതിപാദിച്ചതുപോലെ പ്രോഗ്രസ് റിപ്പോർട്ട് പരിശോധിച്ചാൽ പദ്ധതികൾക്ക് ഒരു കുറവുമില്ല. എന്നാൽ ക്ഷീരകർഷകന്റെ അവസ്ഥ വളരെ പരിതാപകരമാണ്. വൻദുരിതത്തിലേയ്ക്കാണ് ഇന്ന് ക്ഷീര/കാർഷിക മേഖല എടുത്തെറിയപ്പെട്ടിരിക്കുന്നത്. കർഷകർക്ക് പാലിന് ന്യായവില ലഭിക്കണമെന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമാണ്. അത് സംഘങ്ങളെ ശാക്തീകരിക്കുന്നതിനൊപ്പം സംഘങ്ങൾവഴി കർഷകർക്ക് ന്യായവില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം വകുപ്പുമേധാവികളുടേതാണ്. അത് കൃത്യമായി നിർവ്വഹിക്കപ്പെടുന്നില്ല.

തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കും എന്നുള്ള പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രി ചുമതലയെടുത്ത നാൾമുതൽ കേൾക്കുന്നതാണ്. എന്നാൽ, അതിന്റെ വ്യാപനം ഒരർത്ഥത്തിലും മുന്നോട്ടുപോകുന്നില്ല. പല അപകടമരണങ്ങൾ ഉണ്ടാകുമ്പോഴും ഇൻഷ്വറൻസ് പരിരക്ഷയുള്ളവർക്ക് മാത്രമാണ് സംരക്ഷണം ലഭിക്കുന്നത്. ഇൻഷ്വറൻസ് എടുക്കാത്ത എത്രയോ കർഷകരുണ്ട്. മാത്രമല്ല, ഇതിന്റെ നഷ്ടപരിഹാരം കാലോചിതമായി വർധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ മുന്നിലുണ്ടെങ്കിലും യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മൃഗങ്ങൾക്ക് എന്തെങ്കിലും അസുഖമുണ്ടാകുമ്പോൾ ധൃതിയിൽ വാക്സിനേഷൻ കൊടുക്കുന്നതിൽ കാര്യമില്ല. ലംപി സ്കിൻ രോഗം വളരെ ഗുരുതരമായ നിലയിൽ പല സ്ഥലങ്ങളിലും ആവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത് വ്യാപിക്കുമെന്ന് അറിയാമായിരുന്നിട്ടും അതിനാവശ്യമായ പ്രതിരോധ നടപടികൾ എടുക്കുന്നതിൽ പരാജയപ്പെടുകയാണ്. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട വിഷയമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയെ സ്വാഭാവിക മരണത്തിന് വിട്ടുകൊടുക്കുകയാണോ; കോടിക്കണക്കിന് തുക വിനിയോഗിച്ച്

ആധുനിക പ്ലാന്റുകൾ അവിടെ സ്ഥാപിച്ചു. അതിന്റെ പ്രൊഡക്ഷൻ എവിടെയാണ്; എന്താണ് അവിടുത്തെ പ്രശ്നം; എന്തുകൊണ്ട് അത് മുന്നോട്ടുകൊണ്ടുവരാൻ കഴിയുന്നില്ല; അക്കാര്യത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്തണമെന്നുകൂടി ഈ സന്ദർഭത്തിൽ അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ക്ഷീരമേഖലയിലും മൃഗസംരക്ഷണമേഖലയിലും വനമേഖലയിലും സർക്കാർ നടത്തുന്ന ശ്രദ്ധേയമായ ഇടപെടലുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തൊടുപുഴയിലെ കുട്ടിക്കർഷകനായ മാത്യു ബെന്നിയുടെ പതിമൂന്ന് പശുക്കൾ ചത്തുപോയ ഘട്ടത്തിൽ അവയെ സംരക്ഷിക്കുന്നതിനും അവർക്കാവശ്യമായ ധനസഹായം നൽകുന്നതിനും ഈ സർക്കാരെടുത്ത നിലപാട്, ക്ഷീരമേഖലയിൽ സർക്കാർ കാണിക്കുന്ന കൃത്യമായ ഇടപെടലിന്റെ ഉദാഹരണമാണ്. എന്റെ വ്യക്തിപരമായ ഒരനുഭവം പങ്കുവയ്ക്കാം. ഒരു ദിവസം വീട്ടിൽ നിൽക്കുമ്പോഴാണ് രാത്രി പത്തു മണിയോടുകൂടി ഒരു ക്ഷീരകർഷക, തന്റെ ആകെയുള്ള ഒരു പശുവിന്റെ വയറ്റിൽനിന്നും രക്തം പോകുന്നുവെന്ന്

പറഞ്ഞ് എന്നെ വിളിക്കുന്നത്. ഈ സംഭവം നടക്കുന്നത് കോടഞ്ചേരി പഞ്ചായത്തിലാണ്. കൂടരഞ്ഞി പഞ്ചായത്തിലെ വെറ്ററിനറി ഡോക്ടറെ വിളിച്ചപ്പോൾ അദ്ദേഹം മൊബൈൽ വെറ്ററിനറി സേവനം ആ കർഷകയ്ക്ക് എത്തിച്ചുകൊടുത്തതിനാൽ പശുവിനെ രക്ഷിക്കാൻ സാധിച്ചു. സർക്കാർ ഒരു വിഷയത്തെ എങ്ങനെ നോക്കിക്കാണുന്നുവെന്നും എങ്ങനെയാണ് ഇടപെടൽ നടത്തുന്നതെന്നും ഉള്ളതിന്റെ പ്രകടമായ ഉദാഹരണമാണിത്. രാവിലെ ഒൻപത് മണി മുതൽ മൂന്ന് മണി വരെ മാത്രം പ്രവർത്തിക്കുന്ന മൃഗാശുപത്രികളുടെ സേവനം രാത്രിയിലും വീടുകളിലെത്തിച്ചുകൊടുക്കുന്ന സേവനമായി മാറുന്നത് സർക്കാരിന്റെ കാഴ്ചപ്പാടിന്റെ ഭാഗമായിട്ടാണ് എന്നുള്ളത് ഇവിടെ സൂചിപ്പിക്കുകയാണ്. ക്ഷീരമേഖല നിരവധി പ്രതിസന്ധികൾ നേരിടുന്നുണ്ട്. ആ പ്രതിസന്ധികളെ അഡ്രസ്സ് ചെയ്യേണ്ടതുണ്ട്. ഇന്ന് നാമമാത്രമായ പശുക്കളെ ഉപയോഗപ്പെടുത്തി ഉപജീവനം നടത്തുന്ന കർഷകർക്ക് ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതിനൊരു കാരണം കാലിത്തീറ്റയുടെ വില വർദ്ധനവാണ്. മിൽമ സബ്സിഡിയോടുകൂടി 1,350 രൂപയ്ക്ക് കാലിത്തീറ്റ

കൊടുക്കുകയാണ്. എന്നാൽ അസംസ്കൃത പദാർഥങ്ങൾ കേരളത്തിൽ ഇല്ലാത്തതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന കാലിത്തീറ്റയുടെ വില നിയന്ത്രിക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. സ്വാഭാവികമായും തീറ്റപ്പുൽകൃഷിയുടെ വ്യാപനം ഉപയോഗപ്പെടുത്തിയിട്ടുള്ള കൃഷിരീതിയിലേയ്ക്ക് പോകുന്നതും അതിനെ ഉപയോഗപ്പെടുത്തി കർഷകർക്ക് സഹായകരമാകുന്ന നിലയിൽ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ മേഖലയിൽ നമുക്ക് ചെയ്യാൻ കഴിയുന്നത്. അതിന് പഞ്ചായത്തുകളുടെ സഹായത്തോടെ തൊഴിലുറപ്പ് പദ്ധതിയിൽ നമുക്ക് ഈ പദ്ധതിയെ ഉൾപ്പെടുത്തിക്കൊണ്ട് പോകാൻ കഴിയണം. തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ നിർലോഭമായ പിന്തുണ ഈ കർഷകർക്ക് നൽകേണ്ടതുണ്ട് എന്ന് ഈയവസരത്തിൽ ഞാൻ സൂചിപ്പിക്കുന്നു. മറ്റൊന്ന്, രോഗങ്ങളാണ്. പശു ചത്തുപോയാലോ ഗർഭം ധരിക്കുന്നില്ലെങ്കിലോ മാത്രമാണ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ ഇവരെ സഹായിക്കാൻ നമുക്ക് കഴിയുന്നത്. എന്നാൽ മാരകമായ ഒരു രോഗം വന്നാൽ അതിന്റെ ചികിത്സയ്ക്കാവശ്യമായ പണം കണ്ടെത്താൻ ക്ഷീര കർഷകർക്ക് കഴിയാത്ത

സാഹചര്യമുണ്ട്. വ്യത്യസ്തങ്ങളായ പദ്ധതികൾ ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ടെങ്കിലും അത് കുറച്ചുകൂടി വിപുലപ്പെടുത്തി പശുക്കളുടെ ചികിത്സയ്ക്കാവശ്യമായ പദ്ധതികൾ ഇൻഷ്വറൻസ് പരിരക്ഷയോടുകൂടി കൊടുക്കുന്നതിനാവശ്യമായ ഇടപെടൽ ഇതിന്റെ ഭാഗമായി ചെയ്യേണ്ടതുണ്ട്. ക്ഷീരകർഷകർ ഈ മേഖലയിൽനിന്ന് പിന്തിരിയുന്നതിന്റെ കാരണം ചോദിച്ചാൽ അവരുടെ ജീവിതമാർഗ്ഗം അതിൽനിന്നും കണ്ടെത്താൻ കഴിയുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കഴിഞ്ഞ ദിവസമാണ് നാഷണൽ കോ-ഓപ്പറേറ്റീവ് ഡയറി ഫെഡറേഷന്റെ മുൻ ചെയർമാൻ ഡോ. മംഗൽജിത്ത് റായ് കോഴിക്കോട് എത്തിയത്. നമുക്ക് പാൽ സംഭരിച്ചുവയ്ക്കാനോ പാൽപ്പൊടിയാക്കി സംഭരിച്ചുവയ്ക്കാനോ കഴിയുന്നില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പാലിന്റെ 90 ശതമാനവും കുടിച്ചുതീർക്കുന്നവരാണ് നമ്മൾ. ആ പാൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ കൊണ്ടുവരാൻ സാധിക്കുന്നില്ല. എങ്ങനെയാണ് അത് വികസിപ്പിച്ചെടുക്കാൻ സാധിക്കുന്നതെന്നതിനെക്കുറിച്ച് കൂടുതൽ ആലോചനകൾ നടത്താനും അത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്

ആവശ്യമായ കൃത്യമായ ഇടപെടൽ നടത്താനും കഴിയണം. കഴിഞ്ഞ ദിവസം കണ്ണൂർ ജില്ലയിൽനിന്ന് വന്നൊരു വാർത്ത, ഒരു കർഷകൻ അവിടെ കഴുത ഫാം തുടങ്ങിയിരിക്കുന്നുവെന്നുള്ളതാണ്. കഴുതയുടെ ഒരു ലിറ്റർ പാലിന് അയ്യായിരം രൂപ മാർക്കറ്റിൽ വിലയുണ്ടെന്നാണ് പത്രത്തിൽ വായിച്ചത്. സൗന്ദര്യവർദ്ധക വസ്തുക്കൾ നിർമ്മിക്കുന്നതിനാണ് കഴുതപ്പാൽ ഉപയോഗിക്കുന്നത്. നമ്മുടെ ക്ഷീര കർഷക മേഖലയിൽ അത്തരം വാല്യൂ ആഡഡ് പ്രോഡക്ടുകൾ ഉപയോഗപ്പെടുത്താൻ ആവശ്യമായ ക്രമീകരണം ചെയ്യണം. ചാണകം ബ്രാൻഡ് ഇനത്തിൽ ഉൾപ്പെടുത്തി സൂപ്പർമാർക്കറ്റുകളിൽ വിപണനം ചെയ്യാൻ സാധിക്കണം. ഇങ്ങനെ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ ക്ഷീര മേഖലയിൽ പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ.

മറ്റൊന്ന്, പദ്ധതി ഇംപ്ലിമെന്റ് ചെയ്യുമ്പോഴുള്ള പ്രശ്നമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ നേരത്തെ തൊഴുത്തുനിർമ്മാണം, തീറ്റപ്പുൽ കൃഷി എന്നിവയൊക്കെ സാധ്യമാകുമായിരുന്നു. എന്നാൽ ഇപ്പോൾ അതിന്റെ കുറവുണ്ടാകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഇത് എങ്ങനെ പ്രാബല്യത്തിൽക്കൊണ്ടുവന്ന് ക്ഷീരകർഷകർക്ക്

സഹായകരമാക്കാൻ കഴിയുമെന്നത് വളരെ ഗൗരവത്തോടെ ആലോചിച്ച് അതിനാവശ്യമായ പിന്തുണ കൊടുക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

മറ്റൊന്ന്, തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര മേഖലയെ ഉൾപ്പെടുത്തണമെന്നുള്ളത് വർഷങ്ങളായി ആവശ്യപ്പെടുന്നതാണ്. അത് നിർബന്ധമായും ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ നല്ല രീതിയിൽ സമ്മർദ്ദം ചെലുത്തണം. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രമന്ത്രിയെ നേരിൽകണ്ട് ഈ വിഷയം സംസാരിച്ചതാണ്. ഇക്കാര്യത്തിൽ കൃത്യമായ ഒരു ഇടപെടൽ ഉണ്ടാകേണ്ടതാണ്.

മറ്റൊന്ന്, വന്യജീവി സംരക്ഷണ നിയമവുമായി ബന്ധപ്പെട്ടാണ്. നേരത്തെ സംസാരിച്ചവർ അതുസംബന്ധിച്ച് സൂചിപ്പിച്ചിരുന്നു. വന്യജീവിയുമായി ബന്ധപ്പെട്ട വിഷയം കേരളത്തെമാത്രം ബാധിക്കുന്ന ഒന്നല്ല. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും ബാധിക്കുന്ന വിഷയമാണ്. വന്യമൃഗ ശല്യത്താൽ കർണ്ണാടകയിൽ ആഴ്ചയിൽ ഒരാൾ വീതം കൊല്ലപ്പെടുന്നുവെന്ന് കഴിഞ്ഞ ഏപ്രിൽ മാസം ഒന്നാം തീയതി മലയാള മനോരമ ദിനപത്രത്തിൽ

വാർത്ത വന്നിരുന്നു. നമ്മുടെ തൊട്ടടുത്തുള്ള നിരവധി സംസ്ഥാനങ്ങളിൽ ഈ പ്രശ്നമുണ്ട്. 2024 ഫെബ്രുവരിയിൽ വന്ന കണക്കനുസരിച്ച് മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ബംഗാൾ, മധ്യപ്രദേശ്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ പുലിയുടെ ആക്രമണത്തിൽ യഥാക്രമം 85, 11, 1, 2 വീതം ആളുകളാണ് കൊലചെയ്യപ്പെട്ടത്. കാട്ടാനയുടെ ആക്രമണത്തിൽ ഒഡീഷ, ജാർഖണ്ഡ്, ആസ്സാം, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ 542, 474, 393, 389, 313 എന്നീ നിലകളിലാണ് ആളുകൾ മരണപ്പെടുന്നത്. വന്യജീവി ആക്രമണം, മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം എന്നിവ നിരന്തരം നാട്ടിലുണ്ടാകുകയാണ്. അതുകൊണ്ട് 1972-ലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യേണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനോട് മറ്റെല്ലാ കാര്യങ്ങളിലും ചിറ്റമ്മ നയം സ്വീകരിക്കുന്നതുപോലെതന്നെ ഇക്കാര്യത്തിലും ചിറ്റമ്മ നയം തന്നെയാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രി കേരളത്തിൽ വന്നപ്പോൾ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യേണ്ട കാര്യമില്ലെന്ന നിലപാടാണ് സ്വീകരിച്ചത്. അതൊരു തെറ്റായ നിലപാടാണ്. 1972-ൽ വന്യജീവി സംരക്ഷണ നിയമം രൂപപ്പെടുത്തുന്ന

ഘട്ടത്തിൽ അത് അനിവാര്യമായിരുന്നു. എന്നാൽ 50 വർഷങ്ങൾക്കിപ്പുറം നാം അതിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, കാലാനുസൃതമായ പരിഷ്കാരങ്ങൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്. ദൗർഭാഗ്യവശാൽ കേരളത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എം.പി.-മാർ ഏതെങ്കിലും വിഷയമുണ്ടാകുമ്പോൾ അതിനെ ഊതിപ്പെരുപ്പിച്ച് സമരം നടത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ കേരള സർക്കാരിനെതിരെ സമരം നടത്തുകയെന്നുള്ളതല്ലാതെ കേന്ദ്ര ഗവൺമെന്റിൽ എം.പി.-മാരെന്ന നിലയിൽ, നിയമം ഭേദഗതി ചെയ്യപ്പെടേണ്ട സ്ഥലമെന്ന നിലയിൽ പാർലമെന്റിൽ ഇതിനെതിരെ ശബ്ദമുയർത്തുന്നതായി കാണാൻ കഴിഞ്ഞിട്ടില്ല. എന്റെ ലോക്സഭാ മണ്ഡലം വയനാടാണ്. അവിടത്തെ എം.പി. എപ്പോൾ എഴുന്നേറ്റ് നിന്നാലും പാർലമെന്റിൽ മൈക്ക് കിട്ടുന്ന ബഹുമാന്യനായ വ്യക്തിത്വമാണ്, പക്ഷേ അദ്ദേഹം ഇന്നുവരെ ആ വിഷയത്തെക്കുറിച്ച് പാർലമെന്റിൽ ഒരക്ഷരം സംസാരിക്കുന്നത് കാണാൻ കഴിഞ്ഞിട്ടില്ല. വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യണം. കാലോചിതമായ പരിഷ്കാരങ്ങൾ അതിൽ അനിവാര്യമാണ്. നിരവധിയായ മൃഗങ്ങളുടെ എണ്ണം പെരുകുകയാണ്. കഴിഞ്ഞ ദിവസം സബ്മിഷനിലൂടെ ഇക്കാര്യം ഞാൻ സൂചിപ്പിച്ചിരുന്നു.

കാടിനകത്ത് ഉണ്ടാകുന്ന മാറ്റങ്ങൾ എന്താണെന്ന് മനസ്സിലാക്കി ആ മാറ്റങ്ങൾ ജനങ്ങൾക്ക് ദോഷകരമായ രൂപത്തിൽ ഭവിക്കുന്നുണ്ടെങ്കിൽ ജനങ്ങൾക്ക് മുഖ്യപരിഗണന നൽകിക്കൊണ്ട് വന്യജീവി സംരക്ഷണ നിയമത്തിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. സംസ്ഥാന സർക്കാർ 620 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചപ്പോൾ ആ പദ്ധതി നടപ്പിലാക്കേണ്ടതില്ലെന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. ഇങ്ങനെ ചിറ്റമ്മ നയം സ്വീകരിക്കുമ്പോൾ പാർലമെന്റിൽ നമ്മുടെ എം.പി.-മാർ ശക്തമായ ഇടപെടൽ നടത്തി ഈ നിയമത്തെ ഭേദഗതി ചെയ്യേണ്ടതാണ്. കാട്ടുപന്നി എന്ന പ്രയോഗം ഇപ്പോൾ മാറിയിരിക്കുകയാണ്. ഇപ്പോഴുള്ളത് നാട്ടുപന്നിയാണ്. കാരണം കാട്ടിൽ ഉള്ളതിനെക്കാൾ കൂടുതൽ പന്നികൾ ഇപ്പോൾ നാട്ടിലാണുള്ളത്. നാം കാണേണ്ട പ്രധാനപ്പെട്ട പ്രശ്നമുണ്ട്. അടുത്ത പത്ത് വർഷത്തിനുള്ളിൽ ജനിക്കുന്ന കാട്ടുപന്നികൾ കാടുകൾപോലും കാണില്ല. ആ മൃഗങ്ങൾ നാട്ടിൽ വന്നാണ് കുഞ്ഞുങ്ങളെ പ്രസവിക്കുന്നത്. അതിനാൽ ഇവ നാട്ടുപന്നികളായി മാറുന്നതോടൊപ്പം ഇതിന്റെ എണ്ണവും പെരുകുന്നതാണ്. കാട്ടുപന്നിയെ Vermin ആയി പ്രഖ്യാപിക്കണമെന്ന് നമ്മൾ

ആവശ്യപ്പെട്ടതാണ്. അതിനെ കൊല്ലാൻ കഴിയണം. നേരത്തെ ബഹുമാന്യനായ ശ്രീ. സണ്ണി ജോസഫ് ഇവിടെ സൂചിപ്പിച്ചതാണ്. കാട്ടുപന്നിയെ വെടിവച്ച് കൊന്നാൽ അതിനെ മണ്ണെണ്ണയൊഴിച്ച് നശിപ്പിക്കുകയാണ് ചെയ്യുന്നത്. എന്തിനാണ് അതിനെ നശിപ്പിക്കുന്നത്? നിയമഭേദഗതി കൊണ്ടുവന്നാൽ ആ കാട്ടുപന്നിയെ ലേലം ചെയ്ത് അതിന്റെ ഇറച്ചി വില്പനയ്ക്ക് വയ്ക്കാൻ കഴിയുന്ന സാഹചര്യമുണ്ട്. ലോകരാജ്യങ്ങളിൽ നടക്കുന്ന സംഭവവികാസങ്ങളെക്കുറിച്ച് നാം പഠിക്കേണ്ടതുണ്ട്. ഓസ്ട്രേലിയയുടെ ദേശീയ മൃഗമാണ് കങ്കാരു. കങ്കാരുവിന്റെ എണ്ണം പെരുകുന്നത് ആ രാജ്യത്തിന്റെ കാലാവസ്ഥയ്ക്കും മറ്റ് കാര്യങ്ങൾക്കും ഭീഷണിയാകുമെന്ന് കണ്ടപ്പോഴാണ് culling-ന് ആവശ്യമായ സൗകര്യം ആ ഗവൺമെന്റ് ഒരുക്കിക്കൊടുത്തത്. അതിന്റെ ഭാഗമായി നിശ്ചിത ഇടവേളകളിൽ കങ്കാരുവിനെ കൊന്നൊടുക്കുകയും അതിന്റെ എണ്ണം പെരുകുന്നത് നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്. ഇത് സ്വാഭാവികമായും വന്യജീവി സംരക്ഷണ നിയമത്തിലുണ്ടാകുന്ന ഭേദഗതിയുടെ ഭാഗമായാണ്. അത്തരം നിയമങ്ങൾ ഭേദഗതി ചെയ്യാൻ കേന്ദ്രസർക്കാർ തയ്യാറാകേണ്ടതുണ്ട്. നിയമം ഭേദഗതി

ചെയ്താൽ മാത്രമെ ഈ വിഷയത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാന സർക്കാരിന്റെ തീരുമാനപ്രകാരമാണ് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് വൈൽഡ്‌ലൈഫ് വാർഡന്റെ ചുമതല കൊടുത്തുകൊണ്ട് നാട്ടിലിറങ്ങുന്ന കാട്ടുപന്നിയെ വെടിവയ്ക്കാനുള്ള അവകാശം കൊടുത്തത്. പക്ഷേ ഇത്തരം ആളുകൾക്ക് തോക്ക് ലൈസൻസ് കൊടുക്കാത്ത വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. ഇതിനായി നേരത്തെ പോലീസിന്റെ ഒരു ട്രെയിനിംഗ് കൊടുക്കാൻ തീരുമാനമെടുത്തിരുന്നെങ്കിലും പിന്നീട് അത് വേണ്ടതില്ലെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് കുറേ സംഘടനകൾ ചേർന്ന് കോടതിയിൽ പോയിരുന്നു. ഒരു അക്രെഡിറ്റഡ് ഏജൻസിയെ നിയമിച്ചുകൊണ്ട് ട്രെയിനിംഗ് കൊടുക്കണമെന്ന് പിന്നീട് തീരുമാനമുണ്ടായെങ്കിലും അതും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അതൊരു വലിയ പ്രശ്നമാണ്. അത് അനുവദിക്കണമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. 1972-ലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യാൻ ശക്തമായ ഇടപെടലുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ടും ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

<u>ശ്രീ. എ. രാജ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. അടുത്ത കാലത്തായി വന്യമൃഗ ആക്രമണം സംസ്ഥാനത്ത് കൂടിവരികയാണ്. ഈ ഗവൺമെന്റ് ശക്തമായി ഇടപെടാത്തതുകൊണ്ടാണ് വന്യമൃഗ ആക്രമണം കൂടിക്കൊണ്ടിരിക്കുന്നതെന്നാണ് പ്രതിപക്ഷത്തുനിന്ന് സംസാരിച്ചവർ പറഞ്ഞത്. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം തിളക്കമാർന്ന വിജയം ഏറ്റുവാങ്ങിക്കൊണ്ടാണ് അവർ പാർലമെന്റിലേക്ക് പോയിരിക്കുന്നത്. തിരഞ്ഞെടുപ്പ് സമയത്ത് പരിസ്ഥിതിയുമായി ബന്ധപ്പെട്ട് അവരുടെ നിലപാട് എന്തായിരുന്നുവെന്നുള്ളത് നോക്കുന്നത് നല്ലതാണ്. പ്രകടന പത്രികയിൽ തീവ്ര പരിസ്ഥിതി നിലപാട് എപ്പോഴും ഉയർത്തിപ്പിടിച്ചിട്ടുള്ളവരാണ് അവർ. ഈ തിരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പരിസ്ഥിതിലോല മേഖലാ അതോറിറ്റി രൂപീകരിക്കുമെന്നാണ് അവർ പറഞ്ഞിരുന്നത്. നേരത്തെ നമ്മുടെ നാട്ടിൽ വലിയ രീതിയിലുള്ള വിഷയങ്ങൾ ഉണ്ടായതാണ്. ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടുമെല്ലാം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട സമയത്ത് അന്ന് ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തന്നെയാണ് പ്രകടന പത്രികയിൽ കോൺഗ്രസ്സ്

ഉയർത്തിയിട്ടുള്ളത്. മറ്റൊന്ന് പറഞ്ഞിരിക്കുന്നത്, വന വിസ്തീർണ്ണം വർദ്ധിപ്പിക്കണമെന്നുള്ളതാണ്. നിലവിൽ കേരളത്തെ സംബന്ധിച്ചിടത്തോളം വന വിസ്തൃതി കൂടുതലാണ്. എന്നാൽപ്പോലും ഇനിയും വർദ്ധിപ്പിക്കണമെന്ന നിലപാടുമായാണ് കോൺഗ്രസ്സ് മുന്നോട്ടുപോകുന്നത്. വന്യജീവികളെ സംരക്ഷിക്കാൻവേണ്ടി ഒരു ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കുമെന്നാണ് അവരുടെ പ്രകടനപത്രികയിലുള്ളത്. ഞാൻ അത് ഓർമ്മിപ്പിച്ചെന്ന് മാത്രമേയുള്ളൂ. നമ്മുടെ രാജ്യത്ത് ബഫർസോണുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളെല്ലാം ഉയർന്നുവന്നിരുന്നു. 2002-ൽ ബി.ജെ.പി. ഗവൺമെന്റ് ഇന്ത്യ ഭരിച്ചുകൊണ്ടിരുന്ന സമയത്താണ് ബഫർസോണിനെക്കുറിച്ചുള്ള പരാമർശമെല്ലാം ഉയർന്നുവരുന്നത്. Environment (Protection) Rules-ലാണ് ബഫർസോണിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. എന്നാൽ UPA ഗവൺമെന്റ് അധികാരത്തിലുള്ള സമയത്താണ് തീവ്രമായ പരിസ്ഥിതി നിലപാടുമായി മുന്നോട്ടുപോയത്. അന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ചുമതലയുണ്ടായിരുന്നത് ശ്രീ. ജയറാം രമേശ് എന്ന മന്ത്രിക്കായിരുന്നു. സംരക്ഷിത മേഖലയ്ക്ക് ചുറ്റും സീറോ മുതൽ

പന്ത്രണ്ട് കി.മീ. വരെ പരിസ്ഥിതി സംരക്ഷണ മേഖലയായി വിജ്ഞാപനം ചെയ്യാൻ അന്ന് തീരുമാനിച്ചത് കേരളത്തിൽ യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. എന്നാൽ അതിൽ നിന്നെല്ലാം നമ്മൾ മാറി. ജനവാസ മേഖലയെ ഒഴിവാക്കിക്കൊണ്ട് സീറോ ബഫർസോണാക്കി നിർത്തണമെന്ന് തീരുമാനിച്ചു. നമ്മുടെ വാദം അംഗീകരിച്ചുകൊണ്ട് സുപ്രീംകോടതി ഉത്തരവിറക്കി. ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ട് സീറോ ബഫർസോൺ വനത്തിനകത്തുതന്നെ നിർത്തിയാൽ മതിയെന്നുള്ള നിലയ്ക്കാണ് സുപ്രീം കോടതി ഉത്തരവിറക്കിയിട്ടുള്ളത്. വന്യമൃഗ സംഘർഷങ്ങൾ തുടർച്ചയായിക്കൊണ്ടിരിക്കുമ്പോൾ ഈ ഗവൺമെന്റ് അതൊരു ദുരന്തമായിതന്നെ പ്രഖ്യാപിച്ചു. നിലവിൽ 100 കോടി രൂപ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം 110 കോടി രൂപയുംകൂടി അനുവദിക്കാൻ വേണ്ടിയിട്ടുള്ള ഇടപെടൽ ആരംഭിച്ചിട്ടുണ്ട്. ചീഫ് വൈൽഡ് ലൈഫ് വാർഡനെ നോഡൽ ഓഫീസറായും ഇതിനുവേണ്ടി ഒരു കൺട്രോൾ റൂമും അതുപോലെ വാട്സ്ആപ്പ് ഗ്രൂപ്പുകളും കൂടുതൽ വാച്ചർമാരെയും കഴിവുതെളിയിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരെയും ഇതിന്റെ

സംഘർഷ മേഖലയിലെല്ലാം നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. നഷ്ടപരിഹാര തുക എത്രയുംവേഗം അവർക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. സംഘർഷം കൂടുന്നതിന്റെ ഭാഗമായാണ് ഇതെല്ലാം നടത്തിയിട്ടുള്ളത്. കേരള നിയമസഭ 14-02-2024-ൽ ഒരു പ്രമേയം പാസ്സാക്കിയിരുന്നു. വന്യജീവി നിയമത്തിൽ ഭേദഗതി വരുത്തണം. കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്, അതിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്രഗവൺമെന്റാണ്. എന്നാൽ നമ്മുടെ നാട്ടിൽനിന്ന് ജയിച്ചുപോയിട്ടുള്ള എം.പി.-മാർ ഈ നിയമത്തിൽ ഭേദഗതി വരുത്താനുള്ള ഒരു കാര്യവും ചെയ്തിട്ടില്ല. സ്വഭാവികമായും കോൺഗ്രസ്സിന്റെ ആളുകൾ ഇവിടെനിന്ന് ജയിച്ചുപോയിട്ടുള്ളപ്പോൾ അവർക്ക് പാർലമെന്റിനകത്ത് ഈ വിഷയം ഉന്നയിക്കാൻ കഴിയില്ല. കോൺഗ്രസ്സ് അധികാരത്തിൽ ഇരുന്ന സമയത്താണ് 1972-ൽ ഈ നിയമം കൊണ്ടുവന്നത്. നമ്മൾ അതിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെടുന്നു. ഇപ്പോൾ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ കൈവശമുള്ള അധികാരങ്ങൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കൊടുക്കണമെന്ന ഉപക്ഷേപം പാസ്സാക്കിയിട്ടുണ്ട്. ഒരു സംസ്ഥാനത്തിന്

ചെയ്യാൻ കഴിയാവുന്നതെല്ലാം ഈ ഗവൺമെന്റ് ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിയമം ഭേദഗതി ചെയ്യേണ്ടത് കേന്ദ്രസർക്കാരാണ്. എനിക്ക് ചിലകാര്യങ്ങൾ പറയാൻ വിഷമമുണ്ട്. എന്റെ നാട്ടിൽ കാഞ്ഞിരവേലിയിൽ ഇന്ദിര എന്നൊരു വ്യക്തി മരണപ്പെട്ടുപോയി. ഈ വർഷം തുടങ്ങിയതിനുശേഷം മരിച്ചിട്ടുള്ളതിൽ ആറോളം ആളുകൾ എന്റെ മണ്ഡലത്തിലുള്ളവരാണ്. ഇങ്ങനെ ആളുകൾ മരിക്കുന്ന സമയത്ത് ആ കുടുംബത്തിന്റെകൂടെ ചേർന്നുനിന്നുകൊണ്ട് അവർക്കാവശ്യമായ കാര്യങ്ങൾ നമ്മൾ ചെയ്തിട്ടുണ്ട്. എന്നാൽ ചിലയാളുകൾ തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് മരിച്ചയാളുകളുടെ ബോഡിവരെ എടുത്തുകൊണ്ടുപോയി സമരം ചെയ്യുന്ന അവസ്ഥയിലേക്കാണ് നമ്മുടെ നാട് പോയിക്കൊണ്ടിരിക്കുന്നത്. അങ്ങനെയുള്ളവർ വീണ്ടും ജയിച്ചുപോയിട്ടുണ്ട്. അവരെല്ലാം കേന്ദ്രത്തിൽ ആവശ്യപ്പെട്ടുമെന്നാണ് വിചാരിക്കുന്നത്. നിരവധി കാര്യങ്ങളാണ് നമ്മുടെ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം, കാടിന്റെ മക്കൾക്ക് കാടിനെ സംരക്ഷിക്കുന്നതിനുവേണ്ടി ആദിവാസി വിഭാഗത്തിൽപ്പെട്ട ഏകദേശം 460-ഓളം പേരെ ബീറ്റ് ഫോറസ്റ്റ്

ഓഫീസർമാരായി നിയമിക്കുന്നതിനു തീരുമാനിച്ചു. എന്റെ മണ്ഡലത്തിലുള്ള നിരവധി ആളുകൾ അതിന്റെ ഭാഗമായിട്ടുണ്ട്. ഈ സംഘർഷം നമുക്ക് കുറച്ചുകൊണ്ടുവരേണ്ടതുണ്ട്. വന്യമൃഗ സംഘർഷം തുടർച്ചയായിക്കൊണ്ടിരിക്കുന്ന സമയത്ത് പുതിയ പതിമൂന്ന് RRT (Rapid Response Team)-കൾ പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രഖ്യാപിച്ചതിൽ രണ്ടെണ്ണം ദേവികുളം നിയോജകമണ്ഡലത്തിലാണ്. നേരത്തെതന്നെ RRT ഉണ്ടെങ്കിലും 165 കിലോമീറ്ററോളം നീണ്ടുകിടക്കുന്ന ഉൾപ്രദേശമായതിനാൽ പുതുതായി രണ്ടെണ്ണം അനുവദിച്ചിട്ടുണ്ട്. വന്യമൃഗസംഘർഷം കുറച്ചുകൊണ്ടുവരാൻ കഴിയുമെന്നുള്ള നിലയ്ക്കാണ് ഇതിനെ കാണുന്നത്. എന്റെ മണ്ഡലത്തിൽ ചില വിഷയങ്ങളുണ്ട്, നേരത്തെ കണ്ണൂരിലെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ വലിയ രണ്ട് സാങ്ച്വറികളാണുള്ളത്. എന്റെ മണ്ഡലത്തിൽ പാമ്പാടുംചോല, ആനമുടി, മതികെട്ടാൻചോല, ഇരവികുളം എന്നീ നാല് നാഷണൽ പാർക്കുകളും ചിന്നാർ, കുറിഞ്ഞിമല എന്നീ രണ്ട് സാങ്ച്വറികളുമാണുള്ളത്. എന്റെ മണ്ഡലത്തിന് ചുറ്റും എഴുപത് ശതമാനവും ഫോറസ്റ്റാണ്. ഈ

ഫോറസ്റ്റിനിടയിലാണ് ഞങ്ങളെല്ലാമുള്ളത്. അങ്ങനെയുള്ള പ്രദേശത്ത് ഈ അടുത്തിടെ രണ്ട് സ്ഥലങ്ങളിൽ.., ഒന്ന്, പള്ളിവാസൽ വില്ലേജിൽ ചെങ്കുളം എന്ന സ്ഥലത്ത് പുതുതായി ഒരു നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. അത് റിസർവ് ഫോറസ്റ്റായി ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള നോട്ടിഫിക്കേഷനാണ്. ഇപ്പോൾത്തന്നെ ആ പള്ളിവാസൽ വില്ലേജ് രേഖകൾ പരിശോധിച്ചുകഴിഞ്ഞാൽ ഒരു സെന്റ് ഭൂമിപോലും ഫോറസ്റ്റെന്ന് കാണിച്ചിട്ടില്ല. മറ്റൊന്ന് ചിന്നക്കനാലാണ്. ചിന്നക്കനാലിൽ കൂടുതലും ഫോറസ്റ്റുള്ള പ്രദേശമാണ്. വീണ്ടും അവിടെ റിസർവ് ഫോറസ്റ്റാക്കാനുള്ള ഇടപെടലുമായാണ് വനം വകുപ്പ് ഇറങ്ങിയിരിക്കുന്നത്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾത്തന്നെ റിസർവായിട്ടും ഫോറസ്റ്റായിട്ടുമെല്ലാമുള്ള സ്ഥലത്താണ് ഈ അവസ്ഥ വന്നിരിക്കുന്നത്. എന്റെ മണ്ഡലത്തിലാണ് ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടി. ഇടമലക്കുടിയിലേക്ക് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം വിട്ടുകൊടുത്ത് അതിന്റെ പ്രവർത്തനങ്ങളെല്ലാം ആരംഭിച്ചിട്ടുണ്ട്. ഇടമലക്കുടിയിലുള്ള ആളുകളെ

ചേർത്തുപിടിക്കുന്നതിനുവേണ്ടിയിട്ടുള്ള ഇടപെടലാണ് ഈ ഗവൺമെന്റ് നടത്തിയിട്ടുള്ളത്. അതിന് ഗവൺമെന്റിനോട് പ്രത്യേകം നന്ദി പറയുകയാണ്.

അതുപോലെ മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, 2005-ലാണ് 'നീലക്കുറിഞ്ഞി ഉദ്യാനം' പ്രഖ്യാപിച്ചത്. വട്ടവട വില്ലേജിലെ കൊട്ടക്കൊമ്പൂരിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇത് പ്രഖ്യാപിച്ചതിനുശേഷം അവിടെയുള്ള ആളുകൾ വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ഇതിന്റെ ഫൈനൽ നോട്ടിഫിക്കേഷൻ ഇപ്പോഴും വന്നിട്ടില്ല. ഈ സ്ഥലം അളന്നുതിരിച്ച് സംയുക്തമായി ഒരു സർവെ നടത്തിയാൽ മാത്രമേ നമുക്ക് ഇതിന് ശാശ്വതമായി പരിഹാരം കാണാൻ കഴിയുകയുള്ളൂ. അതുപോലെ എന്റെ മണ്ഡലത്തിൽ തുടർച്ചയായി എല്ലാ ദിവസങ്ങളിലും വന്യമൃഗശല്യം നടന്നുകൊണ്ടിരിക്കുകയാണ്. ഈ അടുത്തിടെ വട്ടവടയിൽ ഒരു ദിവസം 42 ആടുകളെ കാട്ടുനായകൾ കടിച്ചുകൊന്നു. അടുത്ത ദിവസം വീണ്ടും 10 ആടുകളെ കൊന്നു. പിന്നീട് ഇന്നലെവരെ ഈയൊരു മാസത്തിനിടയിൽ തൊട്ടടുത്തുള്ള സ്ഥലങ്ങളിൽ തുടർച്ചയായിട്ടുള്ള വന്യമൃഗ ശല്യമാണ്. കാട്ടാനകൾ തമ്പടിച്ചിരിക്കുകയാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ

അവിടെച്ചെന്ന് അവയെ കാട്ടിലേക്ക് തുരത്തിവിടാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. പക്ഷേ അവയൊന്നും തിരിച്ചുപോകാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഇതിനെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്തെ വനം, വന്യജീവി വകുപ്പ് ഇതര സംസ്ഥാനങ്ങൾക്കുപോലും മാതൃകയാകത്തക്ക നിലയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. നാടിനെയാകെ ആശങ്കയിലാഴ്ത്തിയ വിഷയമായിരുന്ന ബഫർസോൺ വിഷയം. ഈ വിഷയത്തിൽ കേന്ദ്രസർക്കാർ ശക്തമായ നിലപാട് സ്വീകരിക്കാതിരുന്ന ഘട്ടത്തിൽ കേരളത്തിലെ ഗവൺമെന്റ് സുപ്രീം കോടതിയിൽ നടന്ന കേസ് വിജയിപ്പിച്ച് ആശങ്കയിലായ വനാതിർത്തി മേഖലയിലെ ജനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിച്ച് അനുകൂലമായ കോടതിവിധി നേടിയെടുത്തതിലൂടെയാണ് ബഫർസോൺ വിഷയത്തിൽ ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുള്ളത്. വന്യമൃഗ മനുഷ്യ

സംഘർഷം ഏറ്റവും രൂക്ഷമായിരിക്കുന്ന ഒരു ഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. വനാതിർത്തി പങ്കിടുന്ന മണ്ഡലങ്ങളിലെ ജനങ്ങൾ വളരെയേറെ ഭീതിയിലാണ് കഴിയുന്നത്. ഇത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒട്ടേറെ നടപടികൾ സംസ്ഥാനം സ്വീകരിച്ചുവരികയാണ്. രാജ്യത്ത് ആദ്യമായി സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചുകൊണ്ട് മനുഷ്യ വന്യമൃഗ ആക്രമണങ്ങൾ നേരിടുന്നതിനുവേണ്ടിയുള്ള നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ഡിവിഷനിലും ഡിവിഷൻ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിൽ പേപ്പാറ ഫോറസ്റ്റ് ഡിവിഷനിൽ 28 RRT-കളുടെ സേവനം ഇപ്പോൾത്തന്നെ സജ്ജമാക്കിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂറായി അറിയുന്നതിനുവേണ്ടിയുള്ള ‘ Early warning system‘ വനത്തിനോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള അഞ്ഞൂറ് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ വനംവകുപ്പ് പി.എസ്.സി.-വഴി നിയമിച്ചത്, ഈ മേഖലയിലുള്ള വിഷയങ്ങൾ

നേരിട്ടറിയാവുന്ന വ്യക്തികൾക്ക് വനമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇടപെടാനും വനംവകുപ്പിന്റെ പ്രവർത്തനങ്ങളെ സഹായിക്കാനും വളരെയേറെ സഹായകരമായിട്ടുണ്ട്. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ഇതര സമൂഹത്തിൽപ്പെട്ട 782 കുടുംബങ്ങൾക്ക് കഴിഞ്ഞ രണ്ടുവർഷംകൊണ്ട് പുനരധിവാസ സാഹചര്യമൊരുക്കുന്നതിന് ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. വനഭൂമി സംരക്ഷിക്കുന്നതിനായി നടത്തിയ വലിയൊരു കാൽവയ്പാണ് ഈ നിയമസഭ പാസ്സാക്കിയ 'കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ' . ഇത് വനഭൂമി സംരക്ഷിക്കുന്നതിന് സഹായകരമായിട്ടുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിലെ കോട്ടൂരിൽ നിലവിലുണ്ടായിരുന്ന ആന പുനരധിവാസ കേന്ദ്രത്തെ ഏഷ്യയിലെ ഏറ്റവും വലിയ ആന പുനരധിവാസ കേന്ദ്രമാക്കി മാറ്റുന്നതിന് കിഫ്ബി ഫണ്ടുപയോഗിച്ച് ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ 82.38 കോടി രൂപ വകയിരുത്തുകയും അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ശ്രീ. സി. കെ. ഹരീന്ദ്രൻ അത് സൂചിപ്പിച്ചിരുന്നു. രണ്ടാംഘട്ട പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കി അത് നാടിന്

സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ, ക്ഷീര കർഷകർക്ക് അനുകൂലമായിട്ടുള്ള നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. 'ക്ഷീരശ്രീ', 'ക്ഷീരജാലകം' എന്നീ പദ്ധതികൾ മുഖേന ക്ഷീരകർഷകർക്ക് അർഹമായിട്ടുള്ള സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നൽകാൻ കഴിഞ്ഞിട്ടുണ്ട്. മിൽമയുടെ പ്രതിദിന പാൽ സംഭരണം 2013-14-ൽ 6.42 ലക്ഷം ലിറ്ററായിരുന്നത് ഇപ്പോൾ 12.56 ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ മിൽമയുടെ വിറ്റുവരവിൽ 97 ശതമാനം വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സങ്കരയിനം പശുക്കളുടെ പാലുല്പാദനക്ഷമതയിൽ കേരളത്തിന് രാജ്യത്ത് മൂന്നാം സ്ഥാനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മറ്റ് ബ്രാൻഡുകളുമായി കിടപിടിക്കുന്ന രീതിയിൽ 'Repositioning Milma' എന്ന ദീർഘകാല പദ്ധതിയുമായി ക്ഷീരവികസനവകുപ്പ് മിൽമയുടെ നേതൃത്വത്തിൽ മുന്നോട്ടുപോകുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര മണ്ഡലത്തിൽ, വിതുരയിലും ചെറ്റച്ചലിലുമായി രണ്ട് ജഴ്സി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ രണ്ട്

ഫാമുകളും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഓട്ടോമാറ്റിക് കുടിവെള്ള സംവിധാനം, താപനിയന്ത്രണ സംവിധാനം, അടിയന്തരമായിട്ടുള്ള അറ്റകുറ്റപ്പണികൾ, ജലദൗർലഭ്യം പരിഹരിക്കൽ, ക്വാർട്ടേഴ്സുകളുടെ അടിസ്ഥാന സൗകര്യ വികസനം, പുൽകൃഷി ചെയ്യുന്നതിനുള്ള സ്ഥലം വികസിപ്പിക്കൽ തുടങ്ങിയവകൂടി ഈ രണ്ട് ഫാമുകളിലും നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരം കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തര ശ്രദ്ധ പതിയണമെന്നും ഇതിനാവശ്യമായ ഫണ്ട് ഈ സാമ്പത്തികവർഷംതന്നെ അനുവദിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം കാരണം പാലിന്റെ അളവിൽ ഇരുപത് ശതമാനം കുറവുവന്നിരിക്കുകയാണ്. സ്വയംപര്യാപ്തത ഉണ്ടാകണമെങ്കിൽ നിലവിലുള്ള കർഷകരെ സഹായിക്കണം. ഈ മേഖലയിൽ പുതുതായി കടന്നുവരുന്ന യുവകർഷകരെ പ്രസ്തുത രംഗത്ത് ഉറപ്പിച്ചുനിർത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കണം. കാലിത്തീറ്റയുടെ വിലവർദ്ധനവിനു കാരണം അവയുടെ ഉല്പാദനത്തിനുള്ള

അസംസ്കൃത സാധനങ്ങൾ കേരളത്തിൽ ലഭ്യമല്ലെന്നുള്ളതാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ കൊണ്ടുവരുമ്പോൾ വളരെയേറെ വിലകൂടുന്നുണ്ട്. പാലിന്റെ സബ്സിഡിയായി വകുപ്പ് ഒരുരൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൂന്നുരൂപയുമായാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇതിനുവേണ്ടി നീക്കിവയ്ക്കുന്ന തുക കുറവാണ്. അതുകൊണ്ട് പന്ത്രണ്ടുമാസവും പാലിനുള്ള സബ്സിഡി കൊടുക്കാൻ കഴിയാത്തത് ക്ഷീരകർഷകരെ ഒരുപരിധിവരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരുകാര്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേശത്തിൽ സബ്സിഡി നാൽപ്പതിനായിരം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പരിധി എടുത്തുകളയണമെന്നാണ് അഭ്യർത്ഥിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ സമയത്ത് സർക്കാർ കർശനമായി പാൽ ഉല്പാദനത്തിനനുസൃതമായിട്ടുള്ള തുക നീക്കി വയ്ക്കാൻ നിർദ്ദേശം നൽകണം. തദ്ദേശീയ പശുക്കളുടെ പ്രൊഡക്റ്റിവിറ്റി തോത് 10.3 ശതമാനത്തിലാണ് നിൽക്കുന്നത്. ഇതിനുകാരണം സങ്കരയിനം അല്ലാത്ത കാളകളുടെ ബീജം കുത്തിവയ്ക്കുന്നു എന്നുള്ളതാണ് ക്ഷീരകർഷകർ

സൂചിപ്പിക്കുന്നത്. അത്യുൽപ്പാദനശേഷിയുള്ള ബീജം മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ നിലവിൽ ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ' Sex sorted semen' മറ്റ് സംസ്ഥാനങ്ങളിൽ, പ്രധാനമായും പഞ്ചാബിൽ..... ഞാൻ അടുത്തകാലത്ത് ഒരു പത്രവാർത്ത വായിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ പഞ്ചാബിൽ പോയി ഇത്തരത്തിൽ അത്യുൽപ്പാദനശേഷിയുള്ള ബീജം കൊണ്ടുവരുന്നതിനുവേണ്ടി സംസ്ഥാന സർക്കാരുമായി ചർച്ചചെയ്ത് നടപടി സ്വീകരിച്ചിരുന്നുവെന്നാണ്. ഇതിന്റെ തുക അഞ്ഞൂറുരൂപയിൽനിന്നും പരമാവധി കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ലോകത്ത് പാലുല്പാദനത്തിൽ ഒന്നാംസ്ഥാനത്താണ് നാം നിൽക്കുന്നത്. ഒരുവർഷം ഇരുപത്തിയഞ്ച് ലക്ഷം മെട്രിക് ടൺ പാലാണ് നമ്മൾ ഉല്പാദിപ്പിക്കുന്നത്. കേരളം ഇപ്പോഴും സ്വയംപര്യാപ്തതയിലേക്ക് എത്തിയിട്ടില്ല. രണ്ടുലക്ഷം ലിറ്റർ പാലിന് അന്യസംസ്ഥാനങ്ങളെ നാം ഇപ്പോഴും ആശ്രയിക്കുകയാണ്. കാലി സമ്പത്ത് മുപ്പത്തിമൂന്ന് ലക്ഷമായിരുന്നത് പതിമൂന്ന് ലക്ഷത്തിലേക്ക് ചുരുങ്ങിയിട്ടുണ്ട്.

സമയം അനുവദിക്കുകയാണെങ്കിൽ ഞാൻ അത് വിശദീകരിക്കാം. അധികസമയം അനുവദിക്കുമോ?

ചെയർപേഴ്സൺ: ക്ഷമിക്കണം.... അധികസമയം അനുവദിക്കാൻ കഴിയില്ല.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പാലിന്റെ ഗുണമേന്മ നിർണ്ണയിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന് എല്ലാ ജില്ലകളിലും കേന്ദ്രങ്ങളുണ്ട്. എന്നാൽ നിയമപരമായി പാൽ പരിശോധിക്കാനുള്ള അധികാരം വകുപ്പിനില്ല. അത്തരത്തിലുള്ള ഒരു നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് മുന്നോട്ടുപോകുമോ; അതുസംബന്ധിച്ച കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, എന്റെ ശ്രദ്ധയിലില്ല. അതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രസ്തുത വിഷയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു. പാർലമെന്റ് തിരഞ്ഞെടുപ്പ് കഴിഞ്ഞ ഘട്ടത്തിലാണ് നമ്മൾ നിയമസഭാ സമ്മേളനം ചേരുന്നത്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നതിനുള്ള നടപടികൾ കേന്ദ്രഗവൺമെന്റ് സ്വീകരിച്ച് തുടങ്ങിയിട്ട്

എട്ടുവർഷം കഴിഞ്ഞു. ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ അന്വേഷണ ഏജൻസികളെ, കേരള സർക്കാരിനെ തകർക്കുന്നതിനും അപകീർത്തിപ്പെടുത്തുന്നതിനുമാണ് ഉപയോഗിച്ചിരുന്നതെങ്കിൽ, രണ്ടാം പിണറായി സർക്കാരിനെ അസ്ഥിരപ്പെടുത്താനാണ് അവർ ശ്രമിക്കുന്നത്, അത് സാമ്പത്തികമായി തകർക്കുന്നതിനുവേണ്ടിയാണ്. എല്ലാ അധിനിവേശ ശക്തികളും അതുപോലെ സാമ്രാജ്യത്വ ശക്തികളും ഒരുകാലത്ത് കോളനികളെ സാമ്പത്തികമായാണ് ഞെരുക്കിക്കൊണ്ടിരുന്നത്. രണ്ടാം പിണറായി ഗവൺമെന്റിന്റെ ജനക്ഷേമകരമായിട്ടുള്ള പ്രവർത്തനങ്ങൾ സ്വതന്ത്രമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സം നിൽക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് പരിഹരിക്കാൻ കേരളത്തിൽനിന്നുള്ള എം.പി.-മാർ ഒറ്റക്കെട്ടായി പരിശ്രമിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും നേതൃത്വത്തിൽ അവിടെ എം.പി.-മാർക്ക് നിർദ്ദേശം കൊടുക്കണമെന്നുള്ള വിനീതമായിട്ടുള്ള അഭ്യർഥന മുന്നോട്ടുവച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ടും ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കേരളത്തിലെ ഏറ്റവും ഉദാത്തമായൊരു മാതൃകയാണ് ക്ഷീരവികസന മേഖല. ഏറ്റവും പാവപ്പെട്ട ഗ്രാമീണ ജനതയുടെ ജീവനാഡി എന്നതിനപ്പുറം കേരളം കണികണ്ടുണരുന്ന നന്മയും നമ്മുടെ നാടിന്റെ ഐശ്വര്യവുമാണവ. അവർ ഇന്ന് വലിയൊരു പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഒരു ലിറ്റർ പാലുല്പാദിപ്പിക്കാൻ അറുപത്തിയഞ്ച് രൂപ ചെലവുണ്ടെന്നിരിക്കെ, നിലവിൽ സൊസൈറ്റിയിൽനിന്നും അവർക്ക് ലഭിക്കുന്നത് നാൽപ്പത്തിമൂന്ന് രൂപ മാത്രമാണ്. ഇതുമൂലം ഈ മേഖലയിൽ വലിയ കൊഴിഞ്ഞുപോക്കുണ്ടാകുകയാണ്. മാത്രമല്ല, ക്ഷീരസംഘങ്ങളൊക്കെ പൂട്ടിപ്പോകേണ്ട അവസ്ഥയിലേക്ക് നീങ്ങുകയാണ്. മിൽമയിൽനിന്നുള്ള കാലിത്തീറ്റയ്ക്ക് 1240 രൂപ എന്നുള്ളത് വർദ്ധിപ്പിച്ച് 1400 രൂപയാക്കി. കേരള ഫീഡ്സിൽനിന്നുള്ള 1210 രൂപ എന്നത് 1375 രൂപയാക്കി. ഇതോടെ പ്രൈവറ്റ് കമ്പനികളും കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതൊക്കെ പ്രൈവറ്റ് കമ്പനികളെ സഹായിക്കാനാണെന്നുള്ള ആക്ഷേപം പൊതുവെ ഉയർന്നുവന്നിരിക്കുകയാണ്. അതുകൊണ്ട് കാലിത്തീറ്റയ്ക്ക് അടിയന്തരമായി

സബ്സിഡി അനുവദിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. മറ്റൊന്ന്, പാലിന് അഞ്ചുരൂപവച്ച് സബ്സിഡി നൽകാനുള്ള തീരുമാനമുണ്ടാകണമെന്നുള്ളതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന നമ്മുടെ ക്ഷീരസംഘങ്ങളെ ഗ്രാന്റ് നൽകി സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും തയ്യാറാകണം. തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ മേഖലയെ സംരക്ഷിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. പന്നി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതികളാണുള്ളത്, അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്തിലെ ഫാമിൽ 150-ഓളം പന്നികൾ അസുഖം ബാധിച്ച് മരിക്കുകയും രോഗം ബാധിച്ച 600-ലധികം പന്നികളെ കൊന്നൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, നാളിതുവരെ അതിനുള്ള നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടില്ല, ഈയിനത്തിൽ കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള

നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ സഭയിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ടത് വനം വകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. കേരളത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യമൃഗശല്യവും അതുമൂലം പാവപ്പെട്ട കർഷകരും ആദിവാസി സമൂഹവും ഇന്ന് ഭയവിഹ്വലരായി കഴിയുകയാണ്. യുദ്ധസമാനമായ സാഹചര്യം നിലനിൽക്കുമ്പോഴും വന്യമൃഗശല്യത്തെ എത്ര ലാഘവത്തോടെയാണ്/നിസാരമായാണ് ഈ സർക്കാർ കാണുന്നത്? ഇതിന്റെ പൂർണ്ണ ഉത്തരവാദി സംസ്ഥാന സർക്കാർ മാത്രമാണ്. കേന്ദ്രത്തെ മാത്രം പഴിചാരി രക്ഷപ്പെടാൻ സംസ്ഥാന സർക്കാരിന് സാധിക്കില്ല. ഇവിടെ ബഹുമാനപ്പെട്ട ഒരംഗം ശ്രീ. രാഹുൽ ഗാന്ധിക്കെതിരെയാണ് ആരോപണമുന്നയിച്ചത്. യാഥാർത്ഥ്യങ്ങൾ കാണാതെയും അവ അംഗീകരിക്കാതെയും എന്തിനും ഏതിനും ശ്രീ. രാഹുൽ ഗാന്ധിയേയും കോൺഗ്രസ് പാർട്ടിയേയും കുറ്റപ്പെടുത്തുന്ന ഇത്തരം പ്രവണതകൾക്കുള്ള തിരിച്ചടിയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിലുണ്ടായതെന്ന വസ്തുത മനസ്സിലാക്കണം. ശ്രീ. രാഹുൽ ഗാന്ധി വയനാടിന്റെ ജനപ്രതിനിധിയെന്ന

നിലയിൽ അവിടത്തെ അതിരൂക്ഷമായ വന്യമൃഗശല്യത്തിനെതിരെ ശക്തമായ ഭാഷയിൽ പ്രതികരിക്കുകയും ഈ പ്രശ്നം പരിഹരിക്കുന്നതിന് തനിക്ക് കഴിയാവുന്ന വിധത്തിൽ സർക്കാരിൽ സമ്മർദ്ദവും ചെലുത്തിയിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ഏറ്റവുമധികം കത്തുകൾ നൽകിയതും അദ്ദേഹമായിരുന്നു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കർഷകർ കൊല്ലപ്പെട്ടപ്പോൾ 'ഭാരത് ജോഡോ ന്യായ്' യാത്ര നിർത്തിവച്ച് അദ്ദേഹം വയനാട്ടിലെത്തുകയും ആ കുടുംബാംഗങ്ങളെ സന്ദർശിക്കുകയും അവരുടെ ആവശ്യം പരിഗണിച്ച് ആ കുടുംബത്തെ സഹായിക്കുന്നതിനായി മുന്നോട്ടുവരികയും ചെയ്തു. തുടർന്ന് കർണ്ണാടക സർക്കാരിനോട് ആ കുടുംബത്തെ സഹായിക്കണമെന്ന നിർദ്ദേശം നൽകുകയും സർക്കാർ 15 ലക്ഷം രൂപ അനുവദിച്ച് ഉത്തരവിറക്കുകയും ചെയ്തിരുന്നു. എന്നാൽ ആ തീരുമാനത്തെ കർണ്ണാടകയിലെ ബി.ജെ.പി. നേതൃത്വം അതിശക്തമായി എതിർക്കുകയും ജാതിയും മതവും പ്രദേശവും പറഞ്ഞ് വിഭാഗീയത സൃഷ്ടിച്ച് ആ കുടുംബത്തെ ആക്ഷേപിച്ചതിനാൽ അവർ ആ സഹായം വേണ്ടെന്ന് പറയേണ്ട അവസ്ഥയുണ്ടായി. ഏറ്റവും അവസാനം ശ്രീ. രാഹുൽ ഗാന്ധി, കേരളത്തിലെ

പാർട്ടി ഘടകത്തോട് അവരെ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ 15 ലക്ഷം രൂപ ആ കുടുംബത്തിന് നൽകി സഹായിച്ചു. ഇത്തരത്തിൽ ശ്രീ. രാഹുൽ ഗാന്ധി ഇടപെടലുകൾ നടത്തിയപ്പോൾ സർക്കാരിനെ പ്രതിനിധീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് അവിടം സന്ദർശിക്കാൻപോലും കഴിഞ്ഞില്ല. ഭരിക്കുന്ന ഗവൺമെന്റിന്റെ ഉത്തരവാദിത്വംപോലും നിർവ്വഹിക്കാൻ കഴിയാതെ, ഇത്തരത്തിലുള്ള കുറവുകളും പോരായ്മകളും മറ്റുള്ളവരുടെ ചുമലിൽ കെട്ടിവെയ്ക്കാനുള്ള നീക്കം ശക്തമായി എതിർക്കപ്പെടേണ്ടതാണ്. ഭരണഘടനാപരമായ ബാധ്യത നിറവേറ്റാൻ കഴിയുന്നില്ലെങ്കിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി ബഹുമാനപ്പെട്ട മന്ത്രിയോട് എല്ലാ ജനങ്ങളും ആവശ്യപ്പെടുന്നത്, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഈ സഭയിലെ പരിചയസമ്പന്നനും പ്രമുഖ രാഷ്ട്രീയ നേതാവുമായ മുതിർന്ന ഒരംഗമാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ആളുകൾ മരിച്ചുവീഴുമ്പോൾ ജനങ്ങൾ നിസ്സഹായതയോടെ നോക്കിനിൽക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. അദ്ദേഹത്തിന് ഒന്നും

ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ അക്കാര്യം തുറന്നുപറഞ്ഞ്, ആ വകുപ്പിന്റെ ചുമതലയെങ്കിലും ഒഴിയാനുള്ള സന്നദ്ധത കാണിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. ഇതൊരു ബഹുമാനക്കുറവ് കൊണ്ടുപറയുന്നതല്ല. കാരണം, കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലേയും മലയോര മേഖലയുൾപ്പെടെയുള്ള പ്രദേശങ്ങളിലേയും ജനങ്ങൾ അഭിമുഖീകരിക്കുന്ന ദുരന്തപൂർണ്ണമായ ഈ വിഷയത്തിൽ അടിയന്തര നടപടിയാണ് ആവശ്യം. അത് കേന്ദ്ര ഗവൺമെന്റിന്റെ നയമാണ്, നിയമമാണ് എന്നെല്ലാം പറഞ്ഞ് അതിൽനിന്നും തലയൂരാൻ ശ്രമിച്ചാൽ അത് അംഗീകരിക്കാൻ കഴിയില്ല. അങ്ങനെയാണെങ്കിൽ കേരളത്തിൽ വെള്ളാനയെപ്പോലെ ഇങ്ങനെയൊരു വകുപ്പുതന്നെ എന്തിനാണെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിലേറി നാളിതുവരെ 909 ജീവനുകളാണ് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പൊലിഞ്ഞിട്ടുള്ളത്. എത്രയോ ആളുകളാണ് ജീവച്ഛവമായി കഴിയുന്നത്. ഓരോദിവസവും വന്യമൃഗങ്ങളുടെ ആക്രമണത്തെത്തുടർന്ന് ഗുരുതരമായി പരുക്കേറ്റ നിരവധി വാർത്തകളാണ് റിപ്പോർട്ടുചെയ്യുന്നത്. ഈ വിഷയത്തിൽ

അടിയന്തരനടപടി സ്വീകരിക്കുന്നതോടൊപ്പം അതിനാവശ്യമായ ഫണ്ട് വനം വകുപ്പിന് അനുവദിക്കണമെന്നുകൂടി ആവശ്യപ്പെടുകയാണ്. ഇവിടെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള RRT (Rapid Response Team)-കൾ വളരെ പരിമിതവും കാസർഗോഡ്, കണ്ണൂർ ജില്ലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അക്കാര്യംകൂടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ടും നിർത്തുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഇവിടെ അവതരിപ്പിച്ച മൂന്ന് ധനാഭ്യർത്ഥനകളേയും പിന്തുണയ്ക്കുന്നു. എനിക്ക് മുമ്പ് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. സജീവ് ജോസഫ് കേരള ഗവൺമെന്റിന്റെയും മന്ത്രിമാരുടെയും തകരാറുകൊണ്ടാണ് വനഭൂമിയിൽനിന്നും ജനവാസ മേഖലയിലേയ്ക്ക് വന്യജീവികൾ കടന്നുവരുന്നതെന്ന നിലയിലാണ് ഈ വിഷയം അവതരിപ്പിക്കാൻ ശ്രമിച്ചത്. വന്യമൃഗങ്ങളുടെ ആക്രമണം മനുഷ്യജീവന് ഭീഷണിയാണെന്ന് നിസംശയം തെളിയിക്കുകയും മറ്റ് മാർഗ്ഗങ്ങളില്ലാതെ വരുമ്പോൾ അവയെ വെടിവച്ച് കൊല്ലണമെന്നുമാണ്

ഇതുസംബന്ധിച്ച് നിലവിലുള്ള നിയമം. എന്നാൽ അങ്ങനെ നാട്ടിലേയ്ക്കിറങ്ങുന്ന വന്യമൃഗങ്ങളെ വെടിവച്ച് കൊല്ലാൻ ഉത്തരവിട്ടാൽ അതിന് സമാന്തരമായി നടക്കുന്ന മറ്റുപല വ്യവഹാരങ്ങളും അതിനുത്തരവിട്ടവരുടെ തലയിലേയ്ക്ക് കടന്നുവരാവുന്ന തരത്തിലാണ് നിലവിലെ കേന്ദ്ര നിയമം. ആ നിയമം മാറ്റുന്നതിനുവേണ്ടി എം.പി.-മാർ പാർലമെന്റിൽ സജീവമായ ഇടപെടൽ നടത്തിയിട്ടുണ്ടോ? അങ്ങനെ ഇടപെടൽ നടത്താതിരിക്കുന്നതിന്റെ കാരണമാണ് പ്രധാനമായും ചർച്ച ചെയ്യപ്പെടേണ്ടത്. അപകടം സംഭവിച്ച സ്ഥലത്തേയ്ക്ക് നമ്മളെല്ലാം ഓടിയെത്താറുണ്ട്, അങ്ങനെ ഓടിയെത്തുക മാത്രമല്ല, അത്തരം മൃതശരീരങ്ങൾ വഹിച്ചുകൊണ്ട് ഗവൺമെന്റിനും ഗവൺമെന്റ് സംവിധാനങ്ങൾക്കുമെതിരെ വിലപേശൽ നടത്തുന്ന തരത്തിലുള്ള പല പ്രവണതകളും ഇപ്പോൾ കണ്ടുവരുന്നുണ്ട്. അതുകൊണ്ട് കേന്ദ്ര നിയമത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് കൂട്ടായ ഇടപെടൽ നടത്തുകയെന്നതാണ് ഇവിടത്തെ പ്രശ്നം. വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനുള്ള കേന്ദ്ര നിയമം ഭേദഗതി ചെയ്യണമെന്നാവശ്യപ്പെടുമ്പോൾ ഒരു കാരണവശാലും ആ നിയമം ഭേദഗതി ചെയ്യാൻ കഴിയില്ലെന്നാണ് കേന്ദ്ര മന്ത്രി വയനാട്ടിൽ വന്ന് പറഞ്ഞത്.

അപ്പോൾ വന്യജീവി ആക്രമണത്തിന്റെ ഉത്തരവാദിത്വത്തിൽനിന്നും കേന്ദ്ര ഗവൺമെന്റ് ഒളിച്ചോടുകയും അതൊക്കെ സംസ്ഥാനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനുള്ള പരിശ്രമങ്ങളുമാണ് നടക്കുന്നത്. വന്യജീവികൾ മനുഷ്യരെ ആക്രമിച്ചാലും പച്ചയോടെ ഭക്ഷിച്ചാലും കേന്ദ്ര ഗവൺമെന്റിന് യാതൊരു കുഴപ്പവുമില്ലെന്ന നിലപാടിനെതിരായ ശക്തമായ ഇടപെടലാണ് സംസ്ഥാനത്ത് ഉയർത്തിക്കൊണ്ടുവരേണ്ടത്. ഈ വിഷയം പാർലമെന്റിലുന്നയിക്കാൻ കേരള എം.പി.-മാർ ഒറ്റക്കെട്ടായി തയ്യാറാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. 2019-ലെ വന സർവ്വെ റിപ്പോർട്ടുപ്രകാരം രാജ്യത്തുതന്നെ വനഭൂമി വർധിപ്പിക്കാൻ സാധിച്ച മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. ഇതിന്റെ ഭാഗമായി 823 ച.കി.മീ. വനമാണ് കേരളത്തിൽ വർധിപ്പിക്കാൻ സാധിച്ചത്. ബഫർ സോണുമായി ബന്ധപ്പെട്ട വിഷയം ഒട്ടേറെ അംഗങ്ങൾ ഇവിടെ ചർച്ച ചെയ്തു. സംസ്ഥാന ഗവൺമെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടത്തിയ ക്രിയാത്മകമായ ഇടപെടലിന്റെ ഭാഗമായാണ് ഇരുപത് വർഷമായി നിലനിന്നിരുന്ന പരാതികളും ആശങ്കകളും പരിഹരിക്കുന്നതിനനുകൂലമായ വിധി സമ്പാദിക്കാൻ കഴിഞ്ഞത്. ഈ സഭാസമ്മേളനം ആരംഭിച്ചഘട്ടത്തിൽ

സഭയിൽ സജീവമായി ഉയർന്നുവന്നൊരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിച്ചുവെന്നത് ഏറ്റവും വലിയ നേട്ടമാണ്. കാട്ടുപന്നികൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നതുമായി ബന്ധപ്പെട്ട് കാടറിയാത്ത പന്നിക്കുട്ടികളാണ് ഇപ്പോൾ ഉള്ളതെന്നതുൾപ്പെടെയുള്ള പല അഭിപ്രായപ്രകടനങ്ങളും ഇവിടെയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ നടന്നൊരു സംഭവം ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രത്യേകിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും മൂന്ന് കിലോമീറ്റർ അപ്പുറത്ത് കോഴിക്കുന്ന് എന്ന പ്രദേശത്ത് ആന്റോയെന്ന 56 വയസ്സുകാരൻ ഓട്ടോറിക്ഷ ഓടിച്ചുപോയ സന്ദർഭത്തിൽ പന്നി ഓട്ടോറിക്ഷയിലിടിച്ച് ഡ്രൈവറിരിക്കുന്ന സീറ്റിന്റെ പഴുതിലൂടെ ചാടി പോയതാണെന്നും പറയപ്പെടുന്നു. അദ്ദേഹം പന്നിയെ കണ്ടില്ല, കാരണം പന്നിയുടെ ആക്രമണത്തിൽ അദ്ദേഹത്തിന്റെ വാരിയെല്ലുകളെല്ലാം ഒടിഞ്ഞ് ഗുരുതരമായ അവസ്ഥയിലായിരുന്നു. അപ്പോൾ ജനവാസ മേഖലയിലേയ്ക്കുള്ള ഇവയുടെ കടന്നുവരവ് ശക്തമായിരിക്കുന്നുവെന്നാണ് ഇത്തരം സംഭവങ്ങൾ സൂചിപ്പിക്കുന്നത്.

പന്നികളെ വെടിവയ്ക്കുന്നതിന് പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിനും സെക്രട്ടറിക്കും അധികാരം നൽകിയിട്ടുണ്ട്. നിലവിൽ ഒരു പന്നിക്ക് ആയിരം രൂപയെന്ന നിരക്കിൽ ചെലവാക്കുന്നതിനുള്ള ഫണ്ട് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആ തുക തോക്ക്, തിര, ഷൂട്ടറുടെ ചെലവ്, ഇവയെ മറവ് ചെയ്യൽ എല്ലാത്തിനുംകൂടി പര്യാപ്തമല്ല. ഈ നിയമം കാര്യക്ഷമമായി നടപ്പാക്കണമെങ്കിൽ അതിനുവേണ്ടി അനുവദിച്ചിരിക്കുന്ന തുക വർധിപ്പിക്കേണ്ടതായിട്ടുണ്ടെന്നാണ് അതുമായി ബന്ധപ്പെട്ട് പ്രധാനമായും സൂചിപ്പിക്കാനുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് പി.എസ്.സി. വഴി പ്രത്യേക തസ്തിക സൃഷ്ടിച്ച് നിയമിച്ചിട്ടുണ്ട്. ഇതിലെ 'പ്രത്യേക തസ്തിക' എന്നീ വാക്കുകൾ അടിവരയിടേണ്ടതാണ്. ഈ സംസ്ഥാനത്ത് തസ്തികകൾ സൃഷ്ടിക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്യുന്നതിനെ നിസ്സാരവത്കരിക്കാൻ ഒരു ശ്രമം ഇവിടെ നടന്നു, എന്നാൽ അത് ഏറെ പ്രധാനപ്പെട്ടതാണെന്ന് കാണണം. കാരണം കേന്ദ്രഗവൺമെന്റ് അപ്രഖ്യാപിത നിയമന നിരോധനമാണ് നടത്തുന്നത്, ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങളും അങ്ങനെതന്നെയാണ്

ചെയ്യുന്നത് . അതിൽ ഏതെങ്കിലും വിഭാഗത്തിന്റെ കണക്കെടുത്ത് അവതരിപ്പിക്കുന്നതിനപ്പുറത്ത് പുതിയ തസ്തിക സൃഷ്ടിക്കുകയെന്ന രീതിയാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ആർ.ആർ.ടി. (Rapid Response Team) വനമേഖലയ്ക്കുത്ത് രൂപീകരിച്ചപ്പോഴും പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ടാണ് അവ നിർവ്വഹിക്കപ്പെട്ടത്. ആ നിലയിൽ 28 ആർ.ആർ.ടി.-കൾ പുതുതായി രൂപീകരിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടന്നിരിക്കുകയാണ്. പ്രത്യേകിച്ച്, വനം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന സൗഹൃദ സദസ്സ്, വനം വകുപ്പിനെ ജനകീയമാക്കുന്നതിന് തീർച്ചയായും സഹായകരമായിട്ടുണ്ട്.

ക്ഷീര വികസന വകുപ്പുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു, പ്രത്യേകിച്ച് കർഷകരുടെ വീട്ടുപടിക്കൽ സേവനം എത്തിക്കുകയെന്നത് എടുത്തു പറയേണ്ടതാണ്. അത്തരം പ്രവർത്തനങ്ങൾക്കും വകുപ്പ് നേതൃത്വം നൽകുന്നുണ്ട്. ഈ ഘട്ടത്തിൽ എന്റെ മണ്ഡലത്തിലെ ഒരു പ്രധാന പ്രശ്നം സൂചിപ്പിക്കാനുണ്ട്, കുതിരാനിലെ തുരങ്കപാത യാഥാർത്ഥ്യമായതോടെ വടക്കാഞ്ചേരി മണ്ഡലത്തിന്റെ പ്രത്യേകിച്ച്, വാഴാനി ഡാം, മച്ചാട് ഫോറസ്റ്റ് പ്രദേശങ്ങളിലൊക്കെ ആനകളെ

കണ്ടുതുടങ്ങിയിരിക്കുന്നു. ആനക്കൂട്ടം എല്ലാദിവസവും കൃഷിയിടത്തിലേയ്ക്ക് കയറുകയാണ്. പ്രത്യേകിച്ച് വാഴാനി ഡാമിന്റെ തൊട്ടുത്തുള്ള 'കാക്കിനിക്കാട് പ്രദേശത്തും, 'മേലില്ലം', 'കൊളത്താശ്ശേരി' തുടങ്ങിയ മേഖലകളിലും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ 'അകമല', 'കുഴിയോട്', 'ചക്യാറ', 'ചേപ്പലക്കോട്' മേഖലകളിലേയ്ക്ക് ആനകൾ കൂട്ടത്തോടെ എത്തുകയാണ്. മാത്രമല്ല, വടക്കാഞ്ചേരിയിലെ പ്രശസ്തമായ ഉത്രാളിക്കാവ് ക്ഷേത്രത്തിന്റെയും ശാസ്താവ് ക്ഷേത്രത്തിന്റെയും മധ്യഭാഗത്തായുള്ള റെയിൽവെ ട്രാക്കിനടുത്തുവരെ കൃഷിയിടങ്ങളിലൂടെ സഞ്ചരിച്ച് ആനകൾ എത്തിയിരിക്കുകയാണ്. അവിടെയുള്ള സ്റ്റേറ്റ് ഹൈവെയ്ക്കടുത്തുവരെ ആനകളെത്തിയതായി അവിടത്തെ നിരീക്ഷണ ക്യാമറകളിലൂടെ വിവരം ലഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ആനകളെ സംരക്ഷിക്കുകയെന്നതും ഇവിടെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. കാരണം, റെയിൽവെ ട്രാക്കിലേയ്ക്ക് അവ കയറാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. സ്വാഭാവികമായും ആ അപകടം ഒഴിവാക്കാനായി പട്ടാണിക്കാട് മുതൽ ചേപ്പലക്കോട് വരെയും മേലില്ലം മുതൽ കുറ്റിക്കാട് വരെയും സോളാർ ഹാഗിംഗ് ഫെൻസിംഗ് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കുതിരാൻ തുരങ്ക

പാതയിൽനിന്നും ആന ഇങ്ങോട്ട് പ്രവേശിച്ച സ്ഥലത്ത് വനം വകുപ്പ് അതിവേഗത്തിൽ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ, നാട്ടിലേയ്ക്ക് ഇറങ്ങിയ ആനകളെ തിരിച്ച് വനത്തിലേയ്ക്കുതന്നെ പറഞ്ഞയയ്ക്കുന്നതിനുള്ള മിഷൻ അതുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതുണ്ടെന്നൊരു നിർദ്ദേശം കൂടിയുണ്ട്, ഈ രീതിയിൽ അവയെ നിയന്ത്രിക്കാൻ കഴിയേണ്ടതുണ്ട്. മനുഷ്യ-വന്യജീവി സംഘർഷത്തെ ലഘൂകരിക്കുന്നതിനുള്ള നിരന്തരമായ പരിശ്രമങ്ങൾ സംസ്ഥാന ഗവൺമെന്റ് നടത്തുകയും വ്യത്യസ്ത ഏജൻസികളെ ഉപയോഗപ്പെടുത്തി ഫെൻസിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തണമെന്നുകൂടി ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കുകയാണ്.

ക്ഷീരകർഷകരുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ജി. സ്റ്റീഫൻ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ നേരത്തെ സൂചിപ്പിക്കുകയുണ്ടായി, സബ്സിഡി പരിധി 40000 രൂപയെന്നത് ഉയർത്താൻ കഴിയേണ്ടതുണ്ട്. കേരളത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തേണ്ടത് കേന്ദ്ര ഗവൺമെന്റായതിനാൽ

അതിനാവശ്യമായ സമ്മർദ്ദം ചെലുത്തി അവരെക്കൂടി പദ്ധതിയുടെ ഭാഗമാക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ആകെ ഭൂവിസ്തൃതിയുടെ 33 ശതമാനമെങ്കിലും വനഭൂമി ആയിരിക്കണമെന്നതാണ് ദേശീയ വന നയത്തിൽ പറയുന്നത്. കേരളത്തിന്റെ വനവിസ്തൃതി 33 ശതമാനമുണ്ടെന്നതിൽ നമുക്ക് അഭിമാനിക്കാം. വനം ശോഷണം വലിയ തോതിലുള്ള പ്രതിസന്ധിയാണ് ഈ രാജ്യത്തും ലോകത്താകെയുമുണ്ടാക്കുന്നത്. കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനത്തിനും വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം മൂർച്ഛിക്കുന്നതിനും ഇത് വലിയ തോതിൽ ഇടവരുത്തുന്നുണ്ട്. അതുപോലെതന്നെ 1979-ലും 2001-ലും ഐക്യരാഷ്ട്രസഭ അംഗീകരിച്ച ജൈവ റിസർവ്വുകളായ അഗസ്ത്യമല, നീലഗിരിയുടെ താഴ്വാരം ഉൾപ്പെടുന്ന കേരളത്തിന്റെ പശ്ചിമഘട്ട മലനിര എന്നിവയെ സംരക്ഷിക്കാൻ സാധിക്കേണ്ടതും പ്രധാനപ്പെട്ടൊരു കാര്യമാണ്. അതിൽനിന്നും ഉത്ഭവിക്കുന്ന പുഴകളും നദികളും ഇവയിൽനിന്നും വീണ്ടും രൂപംകൊള്ളുന്ന

ജലാശയങ്ങളുമാണ് ഈ കേരളത്തിലെ 362000-ൽപ്പരം ഹെക്ടറോളം ജലസംഭരണികളായി മാറുന്നത്. അതുകൊണ്ടുതന്നെ ഭൂമിക്കും ഭാവിക്കുംവേണ്ടി നമുക്കവയെ സംരക്ഷിക്കേണ്ടതുണ്ട്. വന്യമൃഗങ്ങളും മനുഷ്യനും തമ്മിലുള്ള സംഘർഷം സംഭവിക്കുന്നത് കേരളത്തിൽ മാത്രമാണെന്നും ഇന്ത്യയിലോ ലോകത്ത് മറ്റൊരിടത്തും ഇല്ലെന്നും, അതുകൊണ്ടുതന്നെ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സ്ഥാനമൊഴിയണമെന്നുമാണ് ഒരു പ്രതിപക്ഷാംഗം ഇവിടെ പറഞ്ഞത്. കേരളത്തിൽ ഈ പ്രതിസന്ധി തുലോം കുറവാണെന്ന് ഇന്ത്യയിലെ മൊത്തത്തിലുള്ള കണക്ക് പരിശോധിച്ചാൽ മനസ്സിലാകും. വന്യമൃഗങ്ങളും മനുഷ്യനും തമ്മിലുള്ള സംഘർഷം കുറയ്ക്കണമെങ്കിൽ വനശോഷണത്തിന്റെ ഭാഗമായി ഉൾവനത്തിനുള്ളിൽ കുറഞ്ഞുപോയ അവയുടെ തീറ്റയും വെള്ളവും അവർക്ക് വനത്തിൽതന്നെ നൽകി അവയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടതാണ്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് കത്തയച്ചെങ്കിലും നാളിതുവരെ യാതൊരു മറുപടിയുമുണ്ടായിട്ടില്ല. കേരളത്തിൽ

നിന്നുള്ള യു.ഡി.എഫ്. എം.പി.-മാർക്ക് ഈ വിഷയം പാർലമെന്റിൽ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കണം. അതുപോലെ വന്യമൃഗാക്രമണത്തിന്റെ ഭാഗമായി ജീവഹാനി സംഭവിക്കുന്ന ആളുകൾക്ക് സംസ്ഥാന സർക്കാർ 38.5 കോടി രൂപ നൽകിയപ്പോൾ കേന്ദ്ര സർക്കാർ 1.75 കോടി രൂപ മാത്രമാണ് നൽകിയത്. പ്രതിപക്ഷത്തുനിന്നും ഒരംഗം ഇന്ത്യയുടെ പ്രതിപക്ഷനേതാവായ ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിലെത്തിയെന്നും ആക്രമണത്തിനിരയായ ആളിന്റെ വീട്ടിൽപോയെന്നുമൊക്കെ ഇവിടെ പറയുകയുണ്ടായി. അതൊക്കെ സന്തോഷമുള്ള കാര്യം തന്നെയാണ്. അതുപോലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പതിനഞ്ച് ലക്ഷം രൂപ കൊടുത്തതിലും ഞങ്ങൾക്ക് ആക്ഷേപമില്ല. പക്ഷേ, അതിനുമപ്പുറം ഉത്തരവാദിത്വമുള്ള കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് 1972-ലെ നിയമത്തിൽ ഭേദഗതി വരുത്തുന്നതോടൊപ്പം 602 കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം നേടിയെടുക്കുന്നതിലും അദ്ദേഹത്തിന്റെ പിന്തുണ പാർലമെന്റിലുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. വന്യമൃഗാക്രമണത്തിൽ മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് നൽകുന്ന

നഷ്ടപരിഹാരത്തുക പത്ത് ലക്ഷം രൂപയാണ്. സ്വാഭാവികമായും സാമ്പത്തികമായി ചെറിയൊരു സഹായമാണെങ്കിലും അത്തരത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബത്തിലെ ഒരംഗത്തിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുതന്നെ താത്കാലികമായെങ്കിലും തൊഴിൽ നൽകാനുള്ള സാധ്യതകൾ ആരായുകയും അതിനുവേണ്ടിയുള്ള പരിശ്രമം നടത്തണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആർ.ആർ.ടി.-യുടെ പ്രഖ്യാപനത്തിലും ഞാൻ ഏറെ സന്തോഷിക്കുന്നു. കൊല്ലങ്കോട് റെയിഞ്ചിലും ആർ.ആർ.ടി. പ്രഖ്യാപിച്ചതിലുള്ള അതിയായ സന്തോഷവും അങ്ങനെയൊരു നടപടി സ്വീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയോടും വകുപ്പിനോടുമുള്ള അഭിനന്ദനവും ഞാൻ അറിയിക്കുന്നു. അതിനാവശ്യമായ വാഹനം വാങ്ങുന്നതിന് മാസങ്ങൾക്കുമുമ്പുതന്നെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും പണം അനുവദിച്ചുകഴിഞ്ഞു. 51 കി.മീ. വനാതിർത്തി പങ്കിടുന്നൊരു മണ്ഡലമാണ് എന്റേത്. ആ വനാതിർത്തിയിൽ ഇപ്പോഴുള്ള പ്രധാനപ്പെട്ടൊരാശങ്ക എന്നുപറയുന്നത് പുലിപ്പേടിയിലാണ്. കേരളചരിത്രം പഠിക്കുന്ന കാലത്ത് 'മണ്ണാപ്പേടിയും പുലപ്പേടി'യുമാണ് പഠിച്ചിരുന്നതെങ്കിൽ സ്വാഭാവികമായും ഇന്ന്

ഇന്ത്യയിലൊട്ടാകെ ആനപ്പേടിയും പുലിപ്പേടിയുമാണ്. ഇവിടെയും സ്ഥിതി അതുതന്നെയാണ്. നാട്ടിലിറങ്ങിയ രണ്ട് പുലികളെ കൈയോടെ പിടിച്ചെങ്കിലും ഫോറസ്റ്റുകാർ കൊണ്ടുപോകുന്നതിനിടയിൽ ഒരു പുലി മരണപ്പെട്ടു. കമ്പിവേലിയിൽ കുടുങ്ങി പുലിയുടെ ജീവൻ നഷ്ടപ്പെട്ടതിന് കൊല്ലങ്കോട് വാഴപ്പടിയിലുള്ള ഉണ്ണികൃഷ്ണൻ എന്ന കർഷകന്റെ പേരിലാണ് കേസ് ചാർജ്ജ് ചെയ്തിരിക്കുന്നത്. മറ്റൊരു പുലിയാണെങ്കിൽ നെല്ലിയാമ്പതിയിലെ ഒരു കിണറ്റിൽ ചാടി ജീവാഹുതി നടത്തിയപോലെയായി. ഇപ്പോഴാണെങ്കിൽ പുലിയെ പിടിക്കുന്നതിനായി കൊല്ലങ്കോട് കൊശവൻകോട് ഒരു കൂട് വച്ചിരിക്കുമ്പോഴാണ് മുതലമടയിലെ കള്ളിയാംപാറയിൽ ഒരു പട്ടിയെ പിടിച്ച് പുലി പോകുന്നത്. നെല്ലിയാമ്പതിയിൽ പുലി അന്വേഷിക്കുന്നത് ചന്ദ്രാമലയിലെ ഒരു കോഴിക്കൂടിനടുത്താണ്, അന്വേഷിച്ചുപോയി കിട്ടാത്തതിന്റെ കലി തീർത്തത് ഒരു പശുവിനെ കൊന്നിട്ടാണ്. സ്വാഭാവികമായും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് നല്ല പരിശ്രമം നടക്കുന്നുണ്ടെങ്കിലും ആ പരിശ്രമത്തിന് ഒന്നുകൂടി ശക്തിപകരാൻ കഴിയണം. കാട് കാക്കാൻ കാടറിയുന്ന കാടിന്റെ മക്കളെ നിയമിച്ചൊരു ഗവൺമെന്റാണ്

ഇന്ന് കേരളത്തിലുള്ളത്. അഞ്ഞൂറിലധികം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ച സർക്കാരിനെ ആദിവാസി സമൂഹത്തിനുവേണ്ടി ഞാൻ അഭിനന്ദിക്കുകയാണ്. ബഫർ സോണുമായി ബന്ധപ്പെട്ട് ഇരുപത് വർഷക്കാലമായി നിരന്തരം നടന്നുകൊണ്ടിരിക്കുന്നൊരു പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ ശരിയായ നിലപാടെടുത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേരളത്തിന്റെ അഭിപ്രായം പറഞ്ഞ് അത് നേടിയെടുക്കുന്നതിൽ വിജയിച്ചതിൽ അഭിനന്ദിക്കുന്നു. അതുപോലെ മുഖ്യമന്ത്രി തന്നെ ഉദ്ഘാടനം ചെയ്ത് 21 കേന്ദ്രങ്ങളിലായി നടന്ന വന സൗഹൃദസദസ്സ് ഇനിയും ആരംഭിക്കേണ്ടതുണ്ട്. വനവുമായി ബന്ധപ്പെട്ട് 50 സെന്റ് ഭൂമി കൈവശമുള്ള കർഷകർക്ക് നിയമ ഭേദഗതിയിലൂടെ അവരുടെ ഭൂമിക്കവകാശം കൊടുക്കാൻ കഴിഞ്ഞതിലും അതിയായ സന്തോഷമുണ്ട്.

അതുപോലെ മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് ഇന്ത്യയുടെ പാൽ ഉത്പാദനരംഗം അഥവാ ക്ഷീരവികസന മേഖല. 2023-24-ൽ 230.58 മെട്രിക് ടൺ ആണെങ്കിൽ കേരളത്തിലത് 25.8 മില്യൺ ആണ്. പാലുത്പാദന

രംഗത്തെ സ്വയംപര്യാപ്തതയിലേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമമാണ് കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് തുടരുന്നത്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ഡയറിഫാമുകൾക്കുള്ള സാമ്പത്തികസഹായം, ക്ഷീരസംഘങ്ങൾക്കുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്, പുൽക്കൃഷിക്കുവേണ്ട സാമ്പത്തികസഹായം തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മനുഷ്യന് മാത്രമല്ല, ആരോഗ്യ പരിരക്ഷ കൊടുക്കേണ്ടത്. ഏത് അർദ്ധരാത്രിയിലും മനുഷ്യനെ ചികിത്സിക്കാൻ ഡോക്ടറുണ്ടെങ്കിൽ ഇന്ന് '1962' എന്ന നമ്പറിൽ ഡയൽ ചെയ്താൽ അവരവരുടെ വീട്ടിൽ ഏത് അർദ്ധരാത്രിയിലും വെറ്ററിനറി സേവനമെത്തിക്കുന്ന രൂപത്തിൽ ആരംഭിച്ച മൊബൈൽ യൂണിറ്റ്, 'വിളക്കണയാത്ത മൃഗാശുപത്രികൾ' എന്ന നിലയ്ക്കുള്ള പ്രവർത്തനങ്ങളെയും അഭിനന്ദിക്കുന്നു. മനുഷ്യർക്ക് ഇ-ഹെൽത്ത് കാർഡ് പോലെ മൃഗങ്ങൾക്ക് 'ഇ-സമൃദ്ധി'യെന്ന നിലയിൽ കൊണ്ടുവന്നതിനെയും അഭിനന്ദിക്കുന്നു. സ്ത്രീകൾ ഏറ്റവും കൂടുതൽ തൊഴിലെടുക്കുകയും വരുമാനമാർഗ്ഗമുണ്ടാക്കുകയും ചെയ്യുന്നൊരു മേഖലയാണ് ക്ഷീരമേഖല. അയ്യങ്കാളി തൊഴിലുറപ്പ്

പദ്ധതിയുമായി ബന്ധപ്പെടുത്തി രണ്ട് പശുവളർത്തുന്നിടത്ത് ക്ഷീര കർഷകന് നൂറ് ദിനതൊഴിൽ കൊടുത്ത് അവർക്ക് കൂലി നൽകുന്ന നിലയിലേയ്ക്ക് ഈ മേഖലയെ മാറ്റി. അത് ഗ്രാമീണമേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ കഴിയണം. പാലുത്പാദനത്തിന്റെ തോത് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ പാലുത്പാദിപ്പിക്കുന്ന ജില്ലകളിലൊന്ന് പാലക്കാടാണ്. അവിടെ പാൽ ഉത്പാദനത്തിനാവശ്യമായ ഉരുക്കളെ വാങ്ങണമെങ്കിൽ അന്യസംസ്ഥാനത്തെ ആശ്രയിക്കണം. അതിനായി തമിഴ്നാട്ടിലെ പല മാർക്കറ്റുകളെയുമാണ് ആശ്രയിക്കുന്നത്. അവിടെ നിന്നും കൊണ്ടുവരുന്ന ഉരുക്കളിൽനിന്ന് കൃത്യമായ അളവ് പാൽ ലഭിക്കാതെ ഭൂരിഭാഗം കർഷകരും വഞ്ചിക്കപ്പെടുകയാണ്. അതുകൊണ്ട് പാലക്കാട് കേന്ദ്രീകരിച്ച് Cattle Breeding and Research Station ആരംഭിക്കാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരിക്കൽകൂടി ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നതോടൊപ്പം ടീം ഇന്ത്യ ട്വന്റി ട്വന്റി ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിൽ അഭിമാനാർഹമായ വിജയം നേടിയതിൽ അഭിനന്ദനമറിയിച്ചുകൊണ്ടുള്ളൊരു പ്രസംഗം ഇന്നിവിടെ നടന്നു. തീർച്ചയായും നാം ആ വിജയത്തിൽ അഭിമാനിക്കണം. 2022-ൽ ഖത്തറിൽ

വച്ചുനടന്ന ലോക ഫുട്ബോളിന്റെ ആദ്യ റൗണ്ടിൽ മെസ്സിയുടെ അർജന്റീന ടീം സൗദി അറേബ്യയോട് തോറ്റു. അർജന്റീനയുടെ കഥ കഴിഞ്ഞെന്ന് പലരും എഴുതി. അതുപോലെയാണ് 2019-ലെ പാർലമെന്റ് തിരഞ്ഞെടുപ്പ് നടന്നപ്പോൾ യു.ഡി.എഫ് 19 സീറ്റുകളിൽ വിജയിച്ചു. എൽ.ഡി.എഫ് ഒറ്റ ഗോൾ മാത്രമേ നേടിയുള്ളൂ. പക്ഷേ, സെമി ഫൈനലായ പഞ്ചായത്ത് തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ 60-40 ആയി. അതുകഴിഞ്ഞ് 2021-ലെ ഫൈനലിൽ നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടന്നപ്പോൾ എൽ.ഡി.എഫ്-ന് 99. ചുവപ്പ് കാർഡ് കാണിച്ച് ജനങ്ങൾ പുറത്താക്കി റഫറിയെക്കൊണ്ട് കള്ളക്കളി കളിച്ചിട്ടാണ് ശ്രീ. നജീബ് കാന്തപുരം എന്ന പെരുന്തൽമണ്ണയിലെ എം.എൽ.എ. ഉൾപ്പെടെ ചേർന്നാലും നിങ്ങൾക്ക് നാൽപ്പത്തിയൊന്നേയുള്ളൂ. അതുകൊണ്ട് ഒറ്റക്കളി തോറ്റുവെന്നുള്ളതുകൊണ്ട് അർജന്റീന തോറ്റില്ല. അവസാനം ഫ്രാൻസിനോട് പൊരുതി കപ്പുനേടിയപ്പോൾ എല്ലാവരും.... അതുപോലെയായിരുന്നു ഞങ്ങളും. ഇപ്പോൾ ഈ തിരഞ്ഞെടുപ്പിൽ ഞങ്ങൾ തോറ്റു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പോയിന്റ് ഓഫ് ഓർഡർ......

ചെയർപേഴ്സൺ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, അതിന്റെ വകുപ്പ് പറയണം. ചട്ടം പറയണം.

ശ്രീ. റോജി എം. ജോൺ: സർ, അത് സ്പീക്കറോടാണല്ലോ പറയേണ്ടത്. ഇവിടെ തിരഞ്ഞെടുക്കപ്പെട്ടുവന്ന പെരിന്തൽമണ്ണ അംഗം ശ്രീ. നജീബ് കാന്തപുരം തിരഞ്ഞെടുപ്പിൽ ക്രമക്കേട് കാണിച്ച് ഏതാണ്ട് റെഡ് കാർഡ് കാണിച്ച് റെഫറി പുറത്താക്കിയെന്നൊക്കെ പറഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട് വന്നൊരംഗത്തെ അദ്ദേഹത്തിന്റെ അംഗത്വത്തെതന്നെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള ഒരു പരാമർശം മറ്റൊരു അംഗത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത് തികച്ചും അപമാനകരമായിട്ടുള്ളതാണ്. അത്തരത്തിൽ ആക്ഷേപങ്ങളുണ്ടായിട്ടുള്ള പല അംഗങ്ങളും ഇവിടെയുണ്ട്. ഞങ്ങൾ ആ വിഷയങ്ങളൊന്നും ഇവിടെ ഉന്നയിക്കുന്നില്ല. അതുകൊണ്ട് ഒരു അംഗത്തെ സംബന്ധിച്ച് ഇത്തരത്തിൽ അധിക്ഷേപകരമായ പരാമർശം സഭാരേഖയിലുണ്ടാകാൻ പാടില്ല.

<u>ചെയർപേഴ്സൺ</u>: പരിശോധിച്ച് വേണ്ടത് ചെയ്യാം+.

<u>ശ്രീ. കെ. ബാബു (നെന്മാറ):</u> സർ, ആ സമയം കൂടി എനിക്ക് നൽകണം. 2024-ലെ ആദ്യ റൗണ്ട് മത്സരത്തിൽ ഞങ്ങൾക്ക് ലഭിച്ചതും അന്നത്തെ ഒരേയൊരു ഗോൾ തന്നെ. പക്ഷേ, നിങ്ങളോ ഒരു സെൽഫ് ഗോൾ അടിച്ചിട്ടല്ലേ തൃശ്ശൂർ ബി.ജെ.പി.-ക്ക് കൊടുത്തത്. അതുകൊണ്ട് വരട്ടെ, ഗ്രൗണ്ടിലിറങ്ങാം. സെമിഫൈനലിലും ഫൈനലിലും എത്തുമ്പോൾ പഞ്ചായത്തും നിയമസഭാ തിരഞ്ഞെടുപ്പും കഴിയുമ്പോൾ സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ടീം എൽ.ഡി.എഫ്. കേരളത്തിൽ വിജയിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ശ്രീ. നജീബ് കാന്തപുരം എന്റെ പ്രിയ സുഹൃത്തുകൂടിയാണ്. ശ്രീ. പി. ടി. എ. റഹീമിനെ ഞങ്ങൾ എന്തോ വാടകയ്ക്കെടുത്തുവെന്നാണ് അദ്ദേഹം സഭയിൽ പറഞ്ഞത്. ഞങ്ങൾക്ക് ഒന്നേ അറിയേണ്ടതുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ. ഉണ്ടല്ലോ, പ്രിയപ്പെട്ട സഖാവായിരുന്ന ശ്രീ. മഞ്ഞളാംകുഴി അലി രണ്ട് തവണ എൽ.ഡി.എഫ്.-ൽ വിജയിച്ചതല്ലേ. അദ്ദേഹത്തെ നിങ്ങൾ വിലയ്ക്കെടുത്തോ അതോ ലീഗിനെ അദ്ദേഹം വിലയ്ക്കെടുത്തോ? അതാണ്

---

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11353/ഇ.ബി./2024/ലെജി. തീയതി 01-07-2024) സഭാ രേഖയിൽ നിലനിർത്തി.

ഞങ്ങൾക്കറിയാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. മൃഗസംരക്ഷണ മേഖലയിലും വനം മേഖലയിലും സുസ്ത്യർഹമായ പ്രവർത്തനം കാഴ്ചവച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. മൃഗസംരക്ഷണ മേഖലയിലും മൃഗചികിത്സാ രോഗനിർണ്ണയവും രോഗനിരീക്ഷണവും രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, വിവിധ ലാബുകളുടെ വികസനം തുടങ്ങി ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനവുമായാണ് മൃഗസംരക്ഷണ വകുപ്പ് മുന്നോട്ടുപോകുന്നത്. അടിയന്തരഘട്ടങ്ങളിൽ കർഷകരുടെ വീട്ടിലെത്തി വളർത്തുമൃഗങ്ങളെ ചികിത്സിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികളിൽ രാത്രികാലങ്ങളിൽ അടിയന്തരചികിത്സ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. കന്നുകാലികളുടെ പരിപാലനത്തിനും ചികിത്സയ്ക്കുമായി നടപ്പിലാക്കിയിട്ടുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനം വ്യാപകമാക്കണം. പല തരത്തിലുള്ള രോഗങ്ങൾ കാരണം കന്നുകാലികൾ മരണപ്പെടുന്നതിലൂടെ കർഷകർക്ക്

നിരാശയും നഷ്ടവുമുണ്ടാകാൻ ഇടവരുന്നുണ്ട്. ഇത്തരം കർഷകരെ ഞാൻ പലപ്പോഴും സന്ദർശിച്ചിട്ടുണ്ട്. സാധാരണക്കാരായ കർഷകരാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ 'ഗോ സമൃദ്ധി' പദ്ധതി കന്നുകാലികൾ മരണപ്പെടുന്നതിലൂടെയും ഉത്പാദനശേഷി നഷ്ടപ്പെടുന്നതുമൂലം കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് സഹായകരമായിട്ടുണ്ട്. പാലുത്പാദനം വർധിക്കുന്നതിന്റെ ഭാഗമായി കന്നുകുട്ടി പരിപാലന പദ്ധതി മുഖേന നേട്ടങ്ങളുണ്ടാക്കുന്നതിന് ടി പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. പ്രാദേശിക തലത്തിലെ കാർഷിക വികസന സമിതികളെയും ക്ഷീരകാർഷിക വികസന സമിതികളെയും സംഘടിപ്പിച്ചുകൊണ്ട് കർഷകരും ഉദ്യോഗസ്ഥരുമായിട്ടുള്ള സംവാദം സംഘടിപ്പിച്ചാൽ കർഷകർക്ക് ധാരാളം കാര്യങ്ങൾ മനസ്സിലാക്കാനും പരിഹാരം കാണാനും സാധിക്കും. കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും ചികിത്സാ സേവനവും നൽകുന്ന 'ഗോവർദ്ധിനി' പദ്ധതി കർഷകർക്ക് ഏറെ

ആശ്വാസകരമായി മാറിയിട്ടുണ്ട്. കർഷകർക്കാവശ്യമായ തീറ്റപ്പുല്ല് ലഭ്യമാക്കാത്തത് ഈ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. സർക്കാർ പുറമ്പോക്ക് ഭൂമിയിലും പാതയോരങ്ങളിലും സൗകര്യപ്രദമായ മറ്റ് സ്ഥലങ്ങളിലും തീറ്റപ്പുൽക്കൃഷി വ്യാപകമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം. മൃഗസംരക്ഷണ മേഖലയിലെ സമഗ്രവികസനവും കർഷകരുടെ വരുമാന വർധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന 'മാതൃകാ മൃഗസംരക്ഷണ ഗ്രാമം' പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കണം. അത് കർഷകർക്ക് കൂടുതൽ ഗുണകരമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

വെച്ചൂർ പശുക്കളെക്കുറിച്ച് പലപ്പോഴും ഇവിടെ സൂചിപ്പിക്കാറുണ്ട്. 12-09-2023-ൽ നൽകിയ ഉത്തരത്തിൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിലെ വെച്ചൂർ ഫാമിൽ 200 വെച്ചൂർ പശുക്കളെയും 25 കാസർഗോഡ് കുള്ളൻ പശുക്കളെയും സംരക്ഷിക്കുന്നുണ്ടെന്ന് അങ്ങുതന്നെ പറയുന്നുണ്ട്. വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നീ ഇനത്തിൽപ്പെട്ട പശുക്കൾ കർഷകരുടെ അമൂല്യമായ

സമ്പത്താണ്. ഈയിനത്തിൽപ്പെട്ട പശുക്കളുടെ മൂത്രവും പാലും ഏറ്റവും ഗുണകരമാണ്. ഇന്ന് ധാരാളം അസുഖങ്ങൾക്കും ആയുർവേദ മരുന്നുകൾക്കും വെച്ചൂർ പശുക്കളുടെ മൂത്രം ഉപയോഗിക്കുന്നുണ്ട്. ഈ പദ്ധതി ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാൻ കാസർഗോഡ് കുള്ളൻ, വെച്ചൂർ പശുക്കളുടെ എണ്ണം വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സ്വയംപര്യാപ്തതയെക്കുറിച്ച് സംസാരിക്കുമ്പോൾ എനിക്ക് പറയാനുള്ളത് ഖത്തറിലെ 'Baladna' എന്ന സംരംഭത്തെക്കുറിച്ചാണ്. ഖത്തറിൽ മറ്റ് രാജ്യങ്ങളിൽനിന്നുള്ള ഭക്ഷണസാധനങ്ങളും പാലും ഉൾപ്പെടെയുള്ളവ നിരോധിക്കപ്പെട്ടപ്പോൾ എങ്ങനെ ഇതിനെ മറികടക്കാമെന്ന ചിന്തയിൽനിന്നാണ് ഖത്തർ ഗവൺമെന്റ് ഈ സംരംഭം മുന്നോട്ടുവച്ചത്. സ്വിറ്റ്സർലന്റ്, സ്വീഡൻ, അമേരിക്ക തുടങ്ങി മറ്റ് രാജ്യങ്ങളിൽനിന്ന് പശുക്കളെ ഇറക്കുമതി ചെയ്യുകയെന്ന രീതിയാണ് സ്വീകരിച്ചത്. രണ്ടായിരത്തി അഞ്ഞൂറോളം പശുക്കളെ ആദ്യം ഇറക്കുമതി ചെയ്തു. 'Baladna' സംരംഭം ഒന്നര വർഷം മുമ്പ് ഞാൻ സന്ദർശിച്ചിട്ടുണ്ട്, ഇത് കണ്ടിരിക്കേണ്ട ഒന്നുതന്നെയാണ്. അവിടെ യന്ത്രമുപയോഗിച്ചുള്ള കറവയാണ് നടക്കുന്നത്. ഇപ്പോൾ അവിടെ

ഏകദേശം എണ്ണായിരം പശുക്കളുണ്ട്. ആവശ്യം കഴിഞ്ഞ് അധികമായി വരുന്ന പാലും മറ്റ് മൂല്യവർധിത ഉൽപ്പന്നങ്ങളും കയറ്റി അയയ്ക്കുകയാണ് ചെയ്യുന്നത്. ഇതിലൂടെ മാത്രം ധാരാളം പണം സമ്പാദിക്കാൻ അവർക്ക് കഴിയുന്നുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾകൂടി മനസ്സിലാക്കി ഇടപെടലുകൾ നടത്തി മുന്നോട്ടുപോകാൻ നമുക്ക് സാധിക്കണം. അതെല്ലാം നല്ല രീതിയിൽ പ്രവർത്തിക്കുന്ന തരത്തിൽ നടപ്പാക്കാൻ നമുക്ക് സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

കേരളത്തിലെ മുട്ടയുൽപ്പാദനം വർധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത നേടുന്നതിനുമായി സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും വ്യാപകമാക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (KEPCO - Kerala State Poultry Development Corporation) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കോഴി മാംസത്തിന്റെയും കോഴി മുട്ടയുടെയും കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്നത് മലയാളികളുടെ സ്വപ്നമാണ്. കേരളത്തിന്റെ ഭക്ഷ്യ സംസ്കാരത്തിൽ ഇനിയൊരിക്കലും

ഒഴിച്ചുകൂടാനാകാത്തവിധം കോഴിയിറച്ചിയും കോഴി മുട്ടയും മലയാളികളുടെ പ്രധാന ഭക്ഷണമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അതിനാൽ സംസ്ഥാനത്തെ കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ആഭ്യന്തര ഉൽപ്പാദനം വർധിപ്പിക്കുന്നതിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം. ഇതുമായി ബന്ധപ്പെട്ട് കെപ്കോ മുഖേന വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽനിന്ന് ഈ മേഖലയ്ക്ക് കൂടുതൽ തുക അനുവദിക്കാൻ നടപടിയുണ്ടാകണം. പാവപ്പെട്ട കർഷകർ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ അവരെ സഹായിക്കാൻ നമുക്ക് സാധിക്കണം. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി, ക്ഷീര മേഖലയിൽനിന്നുള്ള ചില കർഷകരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിക്കണം. അമുൽ (AMUL – Anand Milk Union Limited) സംരംഭത്തെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. അവിടെയുള്ള ക്ഷീര സൊസൈറ്റികളിൽ ക്ഷീരകർഷകർ രാവിലെ പാൽ കൊണ്ടുവന്ന്, അളന്ന് തിട്ടപ്പെടുത്തി, അതിൽനിന്ന് ലഭിക്കുന്ന തുക ബാങ്കിൽ

നിക്ഷേപിക്കുന്നതുവഴി നല്ല വരുമാനമാണ് കർഷകർക്ക് ലഭിക്കുന്നത്. പശുക്കളുടെ മാത്രമല്ല, കർഷകരുടെകൂടി സംരക്ഷണം ഏറ്റെടുത്തുകൊണ്ടാണ് അവിടെയുള്ള ക്ഷീര സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. അത്തരത്തിൽ കർഷകരുടെ സംരക്ഷണംകൂടി ഏറ്റെടുത്തുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കണം. കൃഷിവകുപ്പിന്റെ കീഴിലുള്ളതുപോലെ നമുക്ക് കർഷക ക്ഷേമ ബോർഡുണ്ട്. അതിൽ നമ്മുടെ കർഷകരെക്കൂടി ഉൾപ്പെടുത്തി അവരുടെ സംരക്ഷണം ഉറപ്പുവരുത്താൻ സാധിക്കണം. Amul-ൽ അവിടെത്തന്നെ ധാരാളം മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതേ മാതൃകയിൽ കേരളത്തിലും ഒരു പദ്ധതി നടപ്പാക്കാനാവശ്യമായ എല്ലാ സംവിധാനങ്ങളും നമുക്കുണ്ട്. അവ ഉപയോഗപ്പെടുത്തി നമുക്ക് മുന്നോട്ടുപോകാൻ സാധിക്കണം. ക്ഷീര കർഷകർക്ക് ഏറ്റവും കൂടുതൽ വില നൽകുന്നത് കേരളമാണെങ്കിലും ഉൽപ്പാദനച്ചെലവ് കൂടുതലുള്ള സംസ്ഥാനവും കേരളമാണ്. അതുകൊണ്ടുതന്നെ ഉൽപ്പാദനച്ചെലവ് കുറയ്ക്കാനുള്ള പദ്ധതികളും ഉൽപ്പാദന ക്ഷമത വർധിപ്പിച്ച് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം കന്നുകാലികളുടെ പരിപാലന ചെലവ് കുറയ്ക്കാനുള്ള മാർഗ്ഗങ്ങളും സ്വീകരിച്ച് സ്വയംപര്യാപ്തത

കൈവരിക്കുകയെന്നത് സർക്കാരിന്റെ ലക്ഷ്യമായിരിക്കണം. കേരളത്തിന്റെ ക്ഷീരമേഖലയുടെ വളർച്ച മിൽമയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ന് ഇന്ത്യയിലെ ക്ഷീരസഹകരണ ശൃംഖലയിൽ മിൽമ ഒന്നാമതായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലെ ഏറ്റവും ഗുണനിലവാരം കൂടിയ പാൽ എന്ന ബഹുമതിയുൾപ്പെടെ നിരവധി അംഗീകാരങ്ങളാണ് മിൽമ നേടിയെടുത്തത്. മിൽമയ്ക്ക് ഭീഷണിയായി ഗുണമേന്മ കുറഞ്ഞ വ്യാജ പാൽ പായ്ക്കറ്റുകൾ കേരളത്തിൽ സാർവ്വത്രികമായി കടന്നുവരികയാണ്. കാലിത്തീറ്റയിലും പാലിലുമുള്ള അത്തരം വ്യാജന്മാരെ കണ്ടെത്തി ശക്തമായ പരിശോധനകൾ നടത്തി ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള നടപടിയുണ്ടാകണം. ഇത്തരം കാര്യങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ കാര്യമായ ഇടപെടലുണ്ടാകണമെന്ന അഭ്യർത്ഥനയാണ് മുന്നോട്ടുവയ്ക്കാനുള്ളത്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യത്യസ്ത പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി വന്യ-ജീവികൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിന് കാട്ടിൽത്തന്നെ അവയ്ക്ക് വെള്ളവും ഭക്ഷണവും ഒരുക്കിക്കൊടുക്കാൻ

സാധിക്കണം. അത്തരത്തിലുള്ള ധാരാളം സംവിധാനങ്ങൾ നാം ഒരുക്കുന്നുണ്ടെങ്കിലും അവയെല്ലാം ഫലപ്രദമായ രൂപത്തിലേയ്ക്ക് കൊണ്ടുവരാൻ നമുക്ക് സാധിക്കണം. ജനവാസ മേഖലയോട് ചേർന്നുള്ള വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, ആന പ്രതിരോധ കിടങ്ങുകൾ, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവ വേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അവയുടെ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷണം ഉറപ്പുവരുത്തുകയും വേണം. ഒരു ചോദ്യത്തിന് അങ്ങയുടെ ഉത്തരമായി ലഭിച്ച വിവരങ്ങളാണിത്. ഇത്തരം സംവിധാനങ്ങളുണ്ടെങ്കിൽപ്പോലും ഇപ്പോഴും വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്കിറങ്ങുകയാണ്. ഇത് ഗ്രാമീണ ജനങ്ങൾക്കും ബൈക്ക് യാത്രികർക്കും ഭീഷണിയായി മാറുകയും അപകടങ്ങളും മരണങ്ങളുമുണ്ടാകുകയും ചെയ്യുന്നു. ഇത്തരത്തിൽ അപകടവും മരണവും സംഭവിക്കുന്നവർക്ക് കോമ്പൻസേഷൻ നൽകാനുള്ള നടപടി വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ മൂന്ന് ധനാഭ്യർത്ഥനകളെയും ഒന്നുകൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വന്യജീവി ആക്രമണം ഏറെ രൂക്ഷമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ആനയും പുലിയും കടുവയും കാട്ടുപോത്തും മുതൽ പന്നിയും കുരങ്ങും വരെ നാട്ടിൽ സ്വൈരവിഹാരം നടത്തുന്നുവെന്നതാണ് ഇന്ന് മലയോര മേഖലയിലെ ജനങ്ങളുടെ ഏറ്റവും വലിയ പ്രയാസം. വന്യജീവികൾ കഴിയേണ്ടത് കാട്ടിലാണ്. അവ കാടിറങ്ങാതെ നോക്കേണ്ടത് വനം വകുപ്പിന്റെ ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വത്തിൽ വലിയ പരാജയമാണ് നമ്മുടെ വനം വകുപ്പിന് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അബദ്ധത്തിൽ ആരെങ്കിലുമൊരാൾ കാട്ടിൽക്കയറിയാൽ നിങ്ങൾ അവർക്കെതിരെ കടുത്ത നടപടികളാണ് സ്വീകരിക്കുന്നത്. അക്കാര്യത്തിൽ അങ്ങനെതന്നെയാണ് ചെയ്യേണ്ടത്, നിയമം പാലിക്കേണ്ടതാണ്. അതുപോലെ വന്യജീവികൾ കാടിറങ്ങിയുണ്ടാക്കുന്ന പ്രതിസന്ധികൾക്കും പ്രയാസങ്ങൾക്കും വനം വകുപ്പിനുതന്നെയാണ് ഉത്തരവാദിത്വം. അവർ അക്കാര്യം കൃത്യമായി നടപ്പാക്കണം. എന്നാൽ വനം വകുപ്പ് ഇക്കാര്യത്തിൽ ഇന്ന് നിസ്സംഗമായി നോക്കിനിൽക്കുന്ന

സ്ഥിതിയാണുള്ളത്. എട്ട് വർഷത്തിനുള്ളിൽ തൊള്ളായിരം പേരാണ് ആനയുടെയും മറ്റ് വന്യജീവികളുടെയും ആക്രമണങ്ങളിൽ ഇവിടെ കൊല്ലപ്പെട്ടത്. അവരാരുംതന്നെ കാട്ടിൽപ്പോയവരല്ല, വീട്ടിൽ താമസിക്കുന്നവരാണവർ. വീട്ടിൽക്കയറിയാണ് മൃഗങ്ങൾ അവരെ ആക്രമിച്ചത്. മുറ്റത്ത് ജോലി ചെയ്തുകൊണ്ടിരുന്ന ആളുടെ പിന്നിലൂടെ കയറി ആന കുത്തിയത് കഴിഞ്ഞ മാസങ്ങളിൽ നാം കണ്ടതാണ്. കേരളത്തിൽ കഴിഞ്ഞ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ രൂക്ഷമായ വന്യജീവി ആക്രമണങ്ങളാണുണ്ടായത്. വന്യജീവി ആക്രമണം പകർത്താനായി പോയപ്പോൾ പാലക്കാട് ആനയുടെ ആക്രമണത്തിൽ മാതൃഭൂമി ന്യൂസ് ക്യാമറാമാൻ എ. വി. മുകേഷ് കൊല്ലപ്പെട്ടത് നാം കണ്ടതാണ്. ഇത്തരം വാർത്തകൾ കേൾക്കുമ്പോൾ, മുമ്പ് ഇടുക്കിയിൽ മലയാള മനോരമയുടെ ലേഖകൻ വിക്ടർ ജോർജിന്റെ മരണമാണ് നമുക്ക് ഓർമ്മ വരുന്നത്. പത്രധർമ്മത്തിന്റെ പേരിൽ രക്തസാക്ഷിയായ ആളാണ് എ. വി. മുകേഷ്. എന്റെ മണ്ഡലത്തിലും വന്യജീവി ആക്രമണം വളരെ രൂക്ഷമാണ്. അമ്പലപ്പാറയിൽ ഇതുമായി ബന്ധപ്പെട്ട് വലിയ പ്രതിഷേധം

നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ ഒരു ആനയുടെ കാലിൽ കമ്പി കയറി പരിക്ക് പറ്റിയതുകാരണം അത് ആ പരിസരത്തുതന്നെ കിടന്ന് തിരിയുകയാണ്. വനം വകുപ്പ് മയക്കുവെടി വച്ച് പിടിച്ച്, കാലിൽനിന്ന് കമ്പി മാറ്റി മരുന്ന് വച്ച് കെട്ടി. ഈ ആനയെ പുറത്ത് എവിടെയെങ്കിലും കൊണ്ടുപോയി വിടണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടെങ്കിലും വനം വകുപ്പ് അതിന് കൂട്ടാക്കിയില്ല. അവർ ആനയെ അവിടെത്തന്നെ വിട്ടു. ആന ഇപ്പോഴും ആ പരിസരത്ത് തന്നെയുണ്ട്. മൂന്നുനാല് ആളുകൾ ഈ ആനയുടെ ആക്രമണത്തിൽനിന്ന് കഷ്ടിച്ചാണ് രക്ഷപ്പെട്ടത്. ആ ജനങ്ങളുടെ പ്രതിഷേധം നാം കാണേണ്ടതാണ്. കഴിഞ്ഞ ജൂൺ മാസം 12-ന് രാവിലെ 8.30-ന് കോട്ടോപ്പാടം പഞ്ചായത്തിലെ കണ്ടമംഗലം-മേക്കളപ്പാറ റോഡിലൂടെ മദ്രസയിലേയ്ക്ക് കുട്ടികളും സ്കൂൾ ബസുകളും പോകുന്ന സമയത്താണ് എട്ട് ആനകളടങ്ങുന്ന ഒരു കൂട്ടം അതുവഴി കടന്നുപോയത്. ഇക്കാര്യത്തിലും ഒരു നടപടിയുമുണ്ടായില്ല. അട്ടപ്പാടിയിൽ ഓരോ മാസവും ആനയുടെ ആക്രമണത്തിൽ മനുഷ്യ ജീവനുകൾ പൊലിയുകയാണ്. ഫെൻസിംഗ് ചെയ്യാനുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും ആവശ്യത്തിന് ഫണ്ട് നൽകുന്നില്ല.

നിലവിലുള്ള നഷ്ടപരിഹാരത്തുക വളരെ കുറവാണ്, അത് വർധിപ്പിക്കേണ്ടതുണ്ട്. അട്ടപ്പാടിയിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) കൂടി വേണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഇന്നുവരെ അതിന് അനുകൂല സമീപനമുണ്ടായിട്ടില്ല. വന്യജീവികളുടെ സാന്നിധ്യമുണ്ടാകുമ്പോൾ അറിയിച്ചാൽ എത്തിച്ചേരേണ്ടവരാണ് റാപ്പിഡ് റെസ്പോൺസ് ടീം. ഇക്കാര്യങ്ങൾക്ക് പരിഹാരമുണ്ടാകണം.

മൃഗസംരക്ഷണ വകുപ്പും ക്ഷീര വികസന വകുപ്പുമായി ബന്ധപ്പെട്ടും കുറച്ച് കാര്യങ്ങൾ പറയാനുണ്ട്. വെറ്ററിനറി സർവ്വകലാശാലയുടെ ഒരു പ്രധാനപ്പെട്ട കേന്ദ്രം എന്റെ മണ്ഡലത്തിലെ തിരുവിഴാംകുന്നിലാണുള്ളത്. ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, കോളേജ് ഓഫ് ഏവിയൻ സയൻസസ് ആൻഡ് മാനേജ്മെന്റ്, ഏവിയൻ റിസർച്ച് സ്റ്റേഷൻ എന്നിവയെല്ലാം അവിടെയുണ്ട്. നാനൂറ് ഏക്കർ വരുന്ന വളരെ സൗകര്യമുള്ള സ്ഥലമാണത്. ഈ കോളേജിൽ കുട്ടികൾക്ക് സ്പോട്ടിൽത്തന്നെ വിവിധ ജോലികൾ ലഭിക്കുന്നുണ്ട്. ഇവിടെ വളരെ നല്ല കോഴ്സുകളാണുള്ളത്. പക്ഷെ ഇവിടത്തെ ഹോസ്റ്റലിൽ സൗകര്യങ്ങൾ കുറവാണ്. അവിടെ ഒരു ബോയ്സ് ഹോസ്റ്റലിനും ഫാം

ടൂറിസത്തിനുമുള്ള പ്രൊപ്പസലുകൾ ഗവൺമെന്റിന് മുന്നിലുണ്ട്, അവ അനുവദിക്കണം. ഗ്രീൻഫീൽഡ് ഹൈവേ ഇതുവഴി കടന്നുപോകുന്നതുകൊണ്ട് യൂണിവേഴ്സിറ്റിക്ക് ഇരുപത്തിയൊന്ന് കോടി രൂപ നാഷണൽ ഹൈവേ അടച്ചിട്ടുണ്ട്. ഈ തുക ഇവിടത്തെതന്നെ വന്യജീവി ആക്രമണം തടയുന്നതിനുള്ള ഫെൻസിംഗിനും മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുംവേണ്ടി ഉപയോഗപ്പെടുത്തണമെന്ന് സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ ആട്, പശു തുടങ്ങിയ കർഷകരുടെ വളർത്തുമൃഗങ്ങൾ ചത്തുപോകുന്ന സാഹചര്യമുണ്ട്. ഇൻഷ്വറൻസ് ഇല്ലാത്ത കർഷകർക്ക് യാതൊരുവിധ നഷ്ടപരിഹാരവും ലഭിക്കുന്നില്ല. അട്ടപ്പാടിയിൽ പശുക്കൾ ചത്തുപോയ സംഭവമുണ്ടായി. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. ടി. വി. ഇബ്രാഹിം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒരു സഹോദരിയുടെ 25-ഓളം ആടുകൾ മരണപ്പെട്ടപ്പോൾ അതിന് നഷ്ടപരിഹാരം ലഭിക്കാത്ത അവസ്ഥയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതിനാൽ ഇൻഷ്വറൻസ് ഇല്ലാത്തവർക്കും നഷ്ടപരിഹാരം നൽകാനുള്ള വഴിയുണ്ടാകണം.

ഞങ്ങൾ ഈ വിഷയങ്ങൾ മാത്രം പറയാമെന്നാണ് ഉദ്ദേശിച്ചത്. അപ്പോഴാണ് ഭരണപക്ഷത്തുനിന്നും ചില രാഷ്ട്രീയം കടന്നുവന്നത്. നിലവിൽ കേരളത്തിലെ ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം തിരഞ്ഞെടുപ്പ് പരാജയം സംബന്ധിച്ച അന്വേഷണങ്ങളുടെയും റിപ്പോർട്ടുകളുടെയും യോഗങ്ങളുടെയും ഒരു കാലമാണ്. ആ റിപ്പോർട്ടുകൾ വന്നപ്പോൾ അക്കൂട്ടത്തിൽ ഒരു സി.പി.ഐ.(എം) ജില്ലാ കമ്മിറ്റിയിൽ ഉയർന്നുവന്ന ഒരു വിമർശനം, 'ഇക്കണക്കിന് പോയാൽ നമ്മുടെ പാർട്ടിയെ കാണാൻ മ്യൂസിയത്തിൽ പോകേണ്ടിവരും' എന്നാണ്. അപ്പോഴാണ് എനിക്ക് സഖാവ് ശ്രീ. എ. കെ. ബാലൻ മുൻപ് നവകേരള സദസ്സിന് ഉപയോഗിച്ച ബസ് മ്യൂസിയത്തിൽ വയ്ക്കണമെന്ന് പറഞ്ഞത് ഓർമ്മവന്നത്. ഞാനും ആ അഭിപ്രായത്തെ അടിവരയിടുകയാണ്. കേരളത്തിലെ സി.പി.ഐ.(എം)-ന്റെ തകർച്ചയിലെ ഏറ്റവും വലിയ ഉത്തരവാദിയായ നവകേരള സദസ്സും അതിന്റെ പ്രതീകമായ ആ ബസ്സും ഒരു മ്യൂസിയത്തിൽതന്നെ ഇരിക്കട്ടെയെന്നാണ് ഞങ്ങളുടെ അഭിപ്രായം. നവകേരള സദസ്സ് ജനം തള്ളക്കളയുമെന്ന് അന്നേ ഞങ്ങൾ പറഞ്ഞതാണ്. എന്തിനേറെ പറയുന്നു, എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായ ശ്രീ. തോമസ്

ചാഴിക്കാടൻ ശ്രീ. ജോസ്. കെ. മാണിയുടെ വിലക്ക് ലംഘിച്ച് പറഞ്ഞതെന്താണ്? 'എന്നെ മുഖ്യമന്ത്രി കോട്ടയത്തുവച്ച് പരസ്യമായി അധിക്ഷേപിച്ചത് എന്റെ പരാജയത്തിന് കാരണമായി' എന്നാണ്. ഇനി കേരളാ കോൺഗ്രസുകാർക്ക് ഇതുപോലെ എന്തൊക്കെ കേൾക്കാനിരിക്കുന്നു; ഇവിടെ എൽ.ഡി.എഫ്.-ന് എന്തൊരു അന്തസ്സുണ്ടായിരുന്നു. എന്താണ് അവിടത്തെ സ്ഥിതി? ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കും ആ ദുരനുഭവമുണ്ട്, ഞാനത് വിശദീകരിക്കുന്നില്ല. കഴിഞ്ഞ എട്ട് വർഷമായി തിരുവായ്ക്ക് എതിർവായില്ല എന്നതായിരുന്നു സ്ഥിതി. ഇപ്പോൾ എന്താണ് സ്ഥിതി? എല്ലായിടത്തെയും കമ്മിറ്റിയംഗങ്ങൾ രൂക്ഷമായ വിമർശനങ്ങളാണ് നടത്തുന്നത്. തിരഞ്ഞെടുപ്പിന് എൽ.ഡി.എഫ്. തോറ്റതിന് മുസ്ലീംലീഗിന്റെ മെക്കിട്ട് കയറിയിട്ട് വല്ല കാര്യവുമുണ്ടോ? മുസ്ലീം ലീഗിന്റെ മുഖം മാറി, മുസ്ലീം ലീഗിന്റെ മുഖം നഷ്ടപ്പെട്ടു എന്നൊക്കെയാണ് പറയുന്നത്. ഞങ്ങൾ മുന്നോട്ടുവച്ച രാഷ്ട്രീയം ജനങ്ങൾ അംഗീകരിച്ചു എന്നതാണ് വസ്തുത. ഇവിടെ 'കാഫിർ' പോസ്റ്റ് ഉൾപ്പെടെയുള്ള എൽ.ഡി.എഫ്.-ന്റെ എല്ലാ കള്ളത്തരവും പൊളിഞ്ഞില്ലേ; എന്ത് വൃത്തികേടാണ് കാണിച്ചത്; ഞങ്ങളെക്കുറിച്ച്

കേരളത്തിലെ ജനങ്ങൾക്കറിയാം. 'കാഫിർ' പോസ്റ്റിനുപിന്നിൽ യൂത്ത് ലീഗ് നേതാവ് ശ്രീ. പി. കെ. മുഹമ്മദ് കാസിമല്ലെന്ന് കേരളത്തിലെ ശ്രീ. പിണറായി വിജയന്റെ പോലീസിനുതന്നെ പറയേണ്ടിവന്നു. ഞങ്ങൾക്ക് ഒന്നേ പറയാനുള്ളൂ, ഞങ്ങൾ ഈ ജാതി പോസ്റ്റിലൊന്നുമുണ്ടാകില്ല. കാരണമെന്താണ്, വടകരയുടെ തൊട്ടടുത്ത് കോഴിക്കോട് ലോക്സഭാ മണ്ഡലത്തിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി ശ്രീ. എളമരം കരീമിനെ മത്സരിപ്പിച്ചപ്പോൾ മുസ്ലീം ലീഗ് പ്രവർത്തകരും നേതാക്കന്മാരും ശ്രീ. എം. കെ. രാഘവന്റെ കൂടെയായിരുന്നു. അത് രാഷ്ട്രീയമാണ്. എൽ.ഡി.എഫ്. പറയുന്ന ഈ 'കാഫിർ'-കൾ, എനിക്ക് അങ്ങനെ അഭിപ്രായമില്ല, കാസർഗോഡും കണ്ണൂരും വയനാടും പാലക്കാടും തുടങ്ങി എല്ലാ മണ്ഡലങ്ങളിലും ഈ 'കാഫിർ' -കളെ വിജയപ്പിക്കാനാണ് മുസ്ലീംലീഗ് പ്രവർത്തകർ രാപ്പകലില്ലാതെ അധ്വാനിച്ചതെന്ന് പറഞ്ഞു. ഇതുപോലുള്ള പല രാഷ്ട്രീയവും അവർ മുൻപും കൊണ്ടുവന്നിട്ടുണ്ട്. മുൻപ് ശ്രീ. സി. എം. ഇബ്രാഹിമിനെ കോഴിക്കോട് മത്സരിപ്പിച്ചപ്പോൾ അദ്ദേഹം അഞ്ച് നേരം നിസ്കരിക്കുന്ന നല്ല മുസൽമാനാണെന്ന് പ്രചരിപ്പിച്ചു. ഞങ്ങൾക്കതിൽ അഭിപ്രായ വ്യത്യാസമില്ല, അദ്ദേഹം നിസ്കരിച്ചോട്ടെ. പക്ഷെ ഇത്

രാഷ്ട്രീയമാണ്, ഞങ്ങൾ അവിടെ മത്സരിച്ച എല്ലാ മാസവും ഒന്നാം തീയതി ഗുരുവായൂരിൽ പോകുന്ന കെ. കരുണാകരന്റെ മകൻ ശ്രീ. കെ. മുരളീധരനൊപ്പമാണ് നിന്നത്. ഇപ്പോൾ ഞങ്ങളോട് ഉപദേശിക്കുകയാണ്, ഞങ്ങളുടെ മുഖം നഷ്ടപ്പെട്ടു, ഞങ്ങൾ മറ്റുള്ളവരുടെ കൂടെ പോകുന്നു, തീവ്രവാദമാണ് എന്നൊക്കെ. പുത്തലത്ത് ദിനേശൻ ദേശാഭിമാനിയിൽ ലേഖനം എഴുതിയിട്ട് ഞങ്ങളെ ഉപദേശിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുതൽ എല്ലാവരും ഇപ്പോൾ ഒരേ ലെവലാണ്, മുസ്ലീംലീഗിനെതിരെയാണ് വിമർശനം നടത്തുന്നത്. തിരഞ്ഞെടുപ്പിൽ തോറ്റതിന് അരിശം മുഴുവനും ഞങ്ങളോടാണ്. പുത്തലത്ത് ദിനേശനോട് ഞങ്ങൾക്ക് പറയാനുള്ളത് 'നീ പോ മോനേ ദിനേശാ, അത് പറയാൻ നീ ആയിട്ടില്ല' എന്നാണ്. കാരണം മുസ്ലീംലീഗിനെ മതേതരത്വം പഠിപ്പിക്കാൻ നിങ്ങളാരും ആയിട്ടില്ല. ഞങ്ങൾ വോട്ടിനുവേണ്ടി അത്തരം നിലപാടുകൾ ഒരുകാലത്തും സ്വീകരിച്ചിട്ടില്ല. എന്നും രാജ്യത്തിന്റെ മതേതരത്വത്തോടൊപ്പം നിന്നിട്ടേയുള്ളൂ. ' കാഫിർ' പ്രയോഗത്തെക്കുറിച്ച് ഞങ്ങൾക്ക് പറയാനുള്ളത്, അതിൽ ശക്തമായ അന്വേഷണമുണ്ടാകണമെന്നാണ്. ഇവിടെ ചോദ്യം വന്നപ്പോൾ ബഹുമാനപ്പെട്ട

മന്ത്രി ഒഴിഞ്ഞുമാറിയല്ലോ, ആ പോസ്റ്റ് ഉണ്ടാക്കിയവർ.., മുൻപ് ശ്രീ. വി. എസ്. അച്യുതാനന്ദൻ പറഞ്ഞതുപോലെ അത് എവിടെ നിന്നാണ് വന്നതെന്ന് അരിയാഹാരം കഴിക്കുന്നവർക്കൊക്കെ അറിയാം. അതുകൊണ്ട് അതിനുപിന്നിൽ ആരാണെന്ന് ഉടൻ കണ്ടെത്തി ശക്തമായ നടപടിയുണ്ടാകണം എന്നുകൂടി ഇതിന്റെ ഭാഗമായി ഞാൻ ആവശ്യപ്പെടുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ എളിയ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, ഇവിടെ അവതരിപ്പിച്ച മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ മാസം ആദ്യവാരത്തിൽ ബഹുമാന്യയായ ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി എന്റെ മണ്ഡലമായ പീരുമേട്ടിലെ കോലാഹലമേട്ടിൽ സന്ദർശനം നടത്തുകയും അവിടെ Kerala Livestock Development Board-ന്റെ പ്രവർത്തനം നിരീക്ഷിക്കുകയും ഡയറി സയൻസ് കോളേജിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും 14 പദ്ധതികൾക്ക് പുതുതായി തുടക്കംകുറിക്കുകയും ചെയ്തിരുന്നു. ക്ഷീര മേഖലയിൽ സമഗ്രമായ

വികസത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. ഏതാണ്ട് അഞ്ഞൂറിലധികം ഏക്കർ സ്ഥലത്താണ് Kerala Livestock Development Board-ഉം ഡയറി സയൻസ് കോളേജും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒരു സാർവ്വദേശീയാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സമുച്ചയമായി അതിനെ മാറ്റാൻ കഴിയുമെന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അതുപോലെ കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനായി നിരവധി നിർദ്ദേശങ്ങൾ ഉയർന്നുവരികയും അവ നടപ്പാക്കാനുള്ള നടപടികളുമായി ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും മുന്നോട്ടുപോകുന്നു എന്ന് അറിയുന്നതിൽ അങ്ങേയറ്റം സന്തോഷം അറിയിക്കുകയും ചെയ്യുന്നു. മറുഭാഗത്ത് അങ്ങേയറ്റം ബഹുമാന്യനും സമർത്ഥനുമായ വനം വകുപ്പുമന്ത്രിയാണുള്ളത്. പക്ഷെ അദ്ദേഹത്തിന്റെ വകുപ്പിലെ മൃഗങ്ങളുടെ ശല്യം കാരണം ജനങ്ങൾ പൊറുതിമുട്ടിയിരിക്കുകയാണെന്ന് തുറന്നുപറയാതെ തരമില്ല. വകുപ്പിൽ കുറച്ച് ഉദ്യോഗസ്ഥരുണ്ട്, ഇനിയെങ്കിലും അവരുടെ പണി എന്താണെന്നുള്ളത് ഗൗരവമായി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. 1916-ൽ റവന്യൂ

ഭൂമിയായിരുന്ന മൗണ്ട് സത്രം പ്രദേശത്ത് റവന്യൂ വകുപ്പ് വിട്ടുകൊടുത്ത സ്ഥലത്ത് എൻ.സി.സി.-ക്കുവേണ്ടി ഒരു എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയുൾപ്പെടെ അനുമതി ലഭിച്ചിരുന്നു. എന്നാൽ 1917-ൽ അത് വനമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി അവിടത്തെ പ്രവർത്തനത്തിന് ഇപ്പോൾ തടസ്സം സൃഷ്ടിക്കുകയാണ്. രേഖകൾ കൊണ്ടുവരാൻ പറഞ്ഞാൽ രേഖയില്ല. 1916-ൽ റവന്യൂ ഭൂമിയായിരുന്നു. അതിന് മുൻപ് ആ ഭൂമി എച്ച്.എൻ.എൽ. (ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്)-നുവേണ്ടി പാട്ടത്തിന് നൽകിയെന്നുള്ള  തെറ്റാണ് റവന്യൂ വകുപ്പിന് സംഭവിച്ചത്. ഇന്നിപ്പോൾ അവിടെ റവന്യൂ വകുപ്പിനെയും അടുപ്പിക്കുന്നില്ല. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലുൾപ്പെടെ നിരവധി ചർച്ചകൾ നടത്തിയെങ്കിലും തടസ്സം നീങ്ങിയില്ല. കോടിക്കണക്കിന് രൂപ മുടക്കിയത് യാതൊരു പ്രയോജനവുമില്ലാത്ത രീതിയിൽ, ഏതാണ്ട് 1000 കുട്ടികൾക്ക് ട്രെയിനിംഗ് നൽകാനുള്ള ഒരു പദ്ധതിക്കാണ് വനംവകുപ്പ് തുരങ്കം വച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെടലുകൾ നടത്തിയെങ്കിലും അദ്ദേഹം പറഞ്ഞാൽ ഐ.എഫ്.എസ്. (ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ്)-കാർ കേൾക്കുമോ എന്ന കാര്യത്തിൽ ഇപ്പോൾ

എനിക്കും സംശയമുണ്ട്. അതുകൊണ്ട് ആ എയർ സ്ട്രിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പുനരാരംഭിക്കാൻ ശക്തമായ നിലപാട് കൈക്കൊള്ളണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം അവിടെ മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനുവേണ്ടി ആഭ്യന്തരവകുപ്പിന് അഞ്ച് ഏക്കർ സ്ഥലം അനുവദിച്ചുകൊടുത്തിരുന്നു. സ്ഥലമെല്ലാം അളന്ന് തിട്ടപ്പെടുത്തി കെട്ടിടം പണി ആരംഭിച്ചപ്പോൾ അതിനും സ്റ്റോപ്പ് മെമ്മോ കൊടുത്തിരിക്കുകയാണ്. കെ.റ്റി.ഡി.സി.-ക്ക് നൽകിയ അഞ്ച് ഏക്കർ സ്ഥലത്തും കോടിക്കണക്കിന് രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ പണി മുക്കാൽ ഭാഗവും പൂർത്തിയായപ്പോൾ അതിനും ഇതേ ന്യായം പറഞ്ഞ് തടസ്സമുണ്ടാക്കുകയാണ്. ഇങ്ങനെ പോയാൽ ഇത് എവിടെചെന്ന് നിൽക്കും. 800-ഓളം പാവപ്പെട്ട കുടുംബങ്ങൾക്ക് സീറോ ലാൻഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി അനുവദിച്ച് അളന്ന് തിട്ടപ്പെടുത്തിക്കൊടുത്തെങ്കിലും ആ ഭൂമിയിൽ പ്രവേശിക്കാൻ ഈ ഉദ്യോഗസ്ഥർ സമ്മതിക്കുന്നില്ല. നേരത്തെ വനം വകുപ്പ് ഒഴിവാക്കിയ 26 കൃഷിക്കാർക്ക് സ്ഥലം നൽകാൻ ഹൈക്കോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി സബ് കളക്ടറെ സെറ്റിൽമെന്റ്

ഓഫീസറായി നിയമിച്ച് നടപടി സ്വീകരിക്കുകയാണ്. പക്ഷെ വനം വകുപ്പ് ഭൂമി അളന്ന് തിട്ടപ്പെടുത്തി കൊടുക്കുന്നില്ല. അപ്പോൾ വന്യമൃഗങ്ങളെക്കൊണ്ടും വകുപ്പ് ഉദ്യോഗസ്ഥരെകൊണ്ടും രക്ഷയില്ലാത്ത അവസ്ഥയാണെന്ന് തുറന്നുപറയേണ്ടിയിരിക്കുകയാണ്. ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരുകാലത്ത് കെ.എൽ.ഡി. ബോർഡ് വരുന്നതിനുമുമ്പ് ഇൻഡോ-സ്വിസ്സ് പ്രോജക്ടായിരുന്നു അവിടെ പ്രവർത്തിച്ചിരുന്നത്. ആ പ്രോജക്ടിന് അനുവദിച്ചുകൊടുത്ത സ്ഥലത്തും ഇപ്പോൾ വനം വകുപ്പ് ജണ്ടയിട്ടുതുടങ്ങി. അവിടെയും തർക്കം ഉന്നയിച്ചിരിക്കുകയാണ്. വലിയ ശല്യമാണ്, ജനങ്ങൾ വനം വകുപ്പുദ്യോഗസ്ഥരെക്കൊണ്ട് പൊറുതിമുട്ടി. അതുമായി ബന്ധപ്പെട്ട രേഖകളൊന്നും വനം വകുപ്പിന്റെ കൈവശമില്ല. ഇൻഡോ-സ്വിസ്സ് പ്രോജക്ടിന്റെ കാലം മുതലുള്ള രേഖകൾ ജനങ്ങളും കെ.എൽ.ഡി. ബോർഡും നൽകിയാൽപോലും വനം വകുപ്പ് സ്ഥലം അനുവദിക്കില്ല. വർഷങ്ങൾക്കുമുമ്പ് പി.ഡബ്ല്യൂ.ഡി. റോഡായി പ്രഖ്യാപിച്ചതാണ് ആഷ്‌ലി എസ്റ്റേറ്റ്-മദാമ്മക്കുളം-കുട്ടിക്കൽ റോഡ്. നേരത്തെ പി.എം.ജി.എസ്.വൈ. ഫണ്ട് മുഖേന

പ്രവൃത്തി നടപ്പാക്കിയെങ്കിലും തുടർനടപടിയായില്ല. നിലവിൽ പി.ഡബ്ല്യൂ.ഡി. ഫണ്ട് ഉപയോഗിച്ച് രണ്ടുവശത്തുനിന്നായി പ്രവൃത്തി നടക്കുന്ന റോഡിന്റെ നടുവിലൂടെ ജണ്ട സ്ഥാപിച്ചിരിക്കുകയാണ്. ഇടുക്കിയിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പങ്കെടുത്ത ഒരു യോഗത്തിൽ ഇക്കാര്യം ഞാൻ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ആ പ്രവൃത്തി കുറച്ചുനാൾ നിർത്തിവച്ചു. ദിവസവും വനത്തിലുള്ള ആ സ്ഥലങ്ങളിലെല്ലാം പോയി കാത്തിരിക്കാൻ കഴിയില്ല. അടുത്തകാലത്തായി അവിടെ വീണ്ടും ജണ്ട സ്ഥാപിച്ചിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ദയവായി ഇക്കാര്യങ്ങളിൽ കുറച്ചുകൂടി ഗൗരവമായി ഇടപെട്ട് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ടൂറിസം വകുപ്പ് മുൻകയ്യെടുത്ത് പാഞ്ചാലി മേട്ടിൽ 3 കോടി രൂപ മുടക്കി ഒരു പദ്ധതിക്ക് രൂപംകൊടുത്തു. ആ പദ്ധതി ഏകദേശം 90 ശതമാനം പൂർത്തിയായപ്പോൾ കഴിഞ്ഞമാസം അവിടെയും സ്റ്റോപ്പ് മെമ്മോയുമായി വനപാലകരെത്തി. വനത്തിലെ മൃഗങ്ങളെല്ലാം ഇപ്പോൾ താലൂക്ക് ഓഫീസിന്റെയും കോടതി സമുച്ചയത്തിന്റെയും എൻ.എച്ച്.-ന്റെയും പരിസരത്ത് ചുറ്റികറങ്ങി നടക്കുകയാണ്. അതിനെ ഓടിച്ചുവിടാൻ വനപാലകർക്ക്

സമയമില്ല. എവിടെയെല്ലാം റവന്യൂ ഭൂമി തരിശ്ശായി കിടക്കുന്നുണ്ടെന്ന് കണ്ടെത്തി നോട്ടിഫൈ ചെയ്ത് വനമാക്കുന്ന ജോലിയാണ് മുഖ്യമായും വനം വകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിന് പരിഹാരം കണ്ടേ മതിയാകൂ. പീരുമേട്ടിൽ മൃഗങ്ങൾ ഇത്തരത്തിൽ ഇറങ്ങി നടക്കുന്ന സാഹചര്യത്തിലും അവിടെ ഒരു റേഞ്ച് ഓഫീസില്ല. റേഞ്ച് ഓഫീസുള്ളത് എരുമേലിയിലാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഡി.എഫ്.ഒ.) കോട്ടയം ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. വളഞ്ഞങ്ങാനത്ത് വനം വകുപ്പ് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നുണ്ട്. അവിടെയെങ്കിലും ഒരു റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തി ഇതിനെല്ലാം ഒരു നിയന്ത്രണമുണ്ടാക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. സഭയിൽത്തന്നെ എത്രയോ പ്രാവശ്യം ഈ വിഷയം ഞാൻ ഉന്നയിച്ചതാണ്. അതിന് ഒരു പരിഹാരവും കണ്ടെത്തിയിട്ടില്ല. ജില്ലയിലെ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പറയുന്നില്ല. ശ്രീ. എം. എം. മണി ആശാനുൾപ്പെടെയുള്ള നിരവധി പേർ ഇവിടെയുണ്ട്. എല്ലാ മീറ്റിംഗുകളിലും ഇത്തരം കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. സഹിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ തുറന്നുപറഞ്ഞത്. വനം

ഇടുക്കിയിലാണ് പക്ഷെ ഡിവിഷൻ ഓഫീസ് കോട്ടയത്തും റേഞ്ച് ഓഫീസ് കോട്ടയം ജില്ലയിലെ എരുമേലിയിലുമാണ്. എത്ര തലതിരിഞ്ഞ ഏർപ്പാടുകളാണ് നടക്കുന്നത്; ഇതിനെല്ലാം പരിഹാരം കാണണം.

ഈ അടുത്തകാലത്തായി തേക്കടിക്കടുത്ത് സ്പ്രിംഗ്‌വാലിയെന്ന സ്ഥലത്ത് മെയിൻ റോഡിന് സമീപം ദിലീപ് എന്ന ആളിനെ കാട്ടുപോത്ത് കുത്തി. അദ്ദേഹത്തിന്റെ കൃഷി സ്ഥലത്തേയ്ക്ക് നടന്നുപോയപ്പോഴാണ് കാട്ടുപോത്ത് വന്ന് കുത്തിയത്. ജനങ്ങളെല്ലാം ചേർന്ന് ഡി.എഫ്.ഒ.-യെയും വനം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെയും സർക്കിൾ ഇൻസ്പെക്ടറെയും മറ്റ് അധികാരികളെയുമെല്ലാം തടഞ്ഞുവച്ചു. സ്ഥലം എം.എൽ.എ. ആയ ഞാൻ സംഭവം നടന്ന സ്ഥലത്തിന്റെ മൂന്നുകിലോമീറ്റർ അകലെയാണ് താമസിക്കുന്നത്. സംഭവമറിഞ്ഞ് ഞാൻ അവിടെ ചെന്നപ്പോൾ തിരുവനന്തപുരത്ത് സ്ഥാനാർഥിയായിരുന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള നിരാമയ എന്ന റിസോർട്ടിന്റെ പരിസരത്താണ് ആയിരക്കണക്കിനാളുകൾ കൂടിയിരിക്കുന്നത്. ഇക്കാര്യത്തിൽ ഒരു തീരുമാനം എടുത്തതിനുശേഷം മാത്രമെ തടഞ്ഞുവച്ചവരെ വിടാൻ സാധിക്കുകയുള്ളുവെന്ന് അവർ പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെ ഇക്കാര്യം

അറിയിച്ചപ്പോൾ കാട്ടുപോത്തിന്റെ കുത്തേറ്റ വ്യക്തിക്ക് ചികിത്സാ സഹായം നൽകാമെന്നും ഈ പ്രശ്നം എങ്ങനെയെങ്കിലും പരിഹരിക്കണമെന്നും പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയെ വിശ്വസിച്ച് ഞാൻ അവരോട് ചികിത്സാ സഹായം നൽകാമെന്നും അദ്ദേഹത്തിന്റെ ഭാര്യക്ക് ഇ.ഡി.സി.-യിൽ ചെറിയ ജോലി നൽകാമെന്നും പറഞ്ഞ് ആ പ്രശ്നം പരിഹരിച്ചു. എന്നാൽ ചികിത്സാ സഹായമായി ഒരു ലക്ഷം രൂപ മാത്രമാണ് നൽകിയത്. ആശുപത്രിയിൽ 7 ലക്ഷം രൂപ ചിലവായി. ബാക്കി കാശ് നൽകിയിട്ടില്ല. ജനപ്രതിനിധിയായ ഞാൻ ആയിരക്കണക്കിന് ആളുകളുടെ മുമ്പിൽവച്ച് പറഞ്ഞ വാക്കിന് എന്തെങ്കിലും വില കൽപ്പിക്കുന്നുണ്ടോയെന്ന് ഗൗരവമായി ചിന്തിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർഥിക്കുന്നു.

<u>ചെയർപേഴ്സൺ</u>: പ്ലീസ് ...... കൺക്ലൂഡ്.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, എന്റെ നിയോജകമണ്ഡലമായ പീരുമേട് മുണ്ടക്കയത്തുനിന്ന് ആരംഭിച്ച് അവസാനിക്കുന്നതുവരെയും വനം വകുപ്പിന്റെ ഏരിയയാണ്. അതിനാൽ വനം വകുപ്പിനെകൊണ്ട് പൊറുതിമുട്ടി. ഇത്തരത്തിൽ പറയേണ്ടതായി വന്നതിൽ അതിയായി ഖേദിക്കുന്നു. ഈ

പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, മൃഗസംരക്ഷണം, ക്ഷീരവികസനം, വനം സംബന്ധിച്ച് 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. കേരളം ഇപ്പോൾ ഉഷ്ണതരംഗത്തിന്റെ (Heat wave) പിടിയിലാണ്. പശ്ചിമഘട്ടത്തെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കേണ്ട സന്ദർഭമാണിത്. കേരളം, തമിഴ്നാട്, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പശ്ചിമഘട്ടം മലനിരകളുടെ വിസ്തൃതി 60000 ചതുരശ്ര കിലോമീറ്ററാണ്. 'ഭൂമിയുടെ ശ്വാസകോശം' എന്നറിയപ്പെടുന്ന ആമസോൺ കാടുകളെയും നാം മനസ്സിലാക്കണം. ഇവിടെ 39000 കോടി മരങ്ങളും 40000 തരം സസ്യങ്ങളുമാണുള്ളത്. മനുഷ്യർക്ക് കടന്നുകയറാൻ സാധിക്കാത്ത ഘോരവനങ്ങൾ ആമസോണിലുണ്ട്. ഒമ്പത് രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്നതാണ് ആമസോൺ വനം. നമ്മുടെ പൂർവ്വസൂരികൾ നമുക്ക് ചുറ്റുമുള്ള സസ്യങ്ങളുടെയും ജന്തുജാലങ്ങളുടെയും ഗുണവിശേഷങ്ങളെക്കുറിച്ച് നല്ല ബോധ്യമുള്ളവരായിരുന്നു. അക്കാര്യം

ആയുർവേദത്തിൽ വിസ്തരിച്ച് പറയുന്നുണ്ട്. ഔഷധഗുണമില്ലാത്തതായി യാതൊന്നുമില്ലെന്നാണ് ചരകനും ശുശ്രുതനും വാഗ്ഭടനുമെല്ലാം ഉദ്ബോധിപ്പിച്ചിട്ടുള്ളത്. കവയത്രി സുഗതകുമാരി ടീച്ചർ ഉദ്ബോധിപ്പിച്ചത്,

' ഒരു തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി

ഒരു തൈ നടാം കൊച്ചുമക്കൾക്കുവേണ്ടി

ഒരു തൈ നടാം നൂറുകിളികൾക്കുവേണ്ടി

ഒരു തൈ നടാം നല്ല നാളേയ്ക്കുവേണ്ടി'

എന്നായിരുന്നു. പത്ത് പുത്രൻമാർക്ക് തുല്യമാണ് ഒരു മരം എന്നാണ് പറയപ്പെടുന്നത്. ഇവയൊക്കെ വനസംരക്ഷണത്തിന്റെ അനിവാര്യതിയിലേയ്ക്ക് വിരൽ ചൂണ്ടുന്ന കാര്യങ്ങളാണ്.

വന്യജീവികളും മനുഷ്യരും തമ്മിലുള്ള സംഘർഷത്തിനുള്ള പ്രധാനകാരണം വന്യജീവികളുടെ വർദ്ധനവുകൂടിയാണ്. കേരളത്തിൽ വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുകയാണ്. വനാതിർത്തി പങ്കിടുന്ന തമിഴ്നാട്ടിലും കർണ്ണാടകയിലും

കൂടുതലുള്ളത് കടുവകളും ആനകളുമാണ്. എന്നാൽ കേരളത്തിൽ കുരങ്ങൻ, കാട്ടുപന്നി എന്നിവയാണ് വർദ്ധിക്കുന്നത്. രാജ്യത്ത് വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. മൃഗങ്ങളെ പിടികൂടി മറ്റ് ആവാസ മേഖലകളിലേയ്ക്ക് മാറ്റിപാർപ്പിക്കുന്നതിനാണ് കേന്ദ്ര നിയമത്തിൽ അനുമതിയുള്ളത്. വന്യജീവി സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതി ചെയ്യണമെന്ന അനിവാര്യമായ ആവശ്യമാണ് നാം ഉയർത്തേണ്ടത്. കേന്ദ്ര സർക്കാരാണ് ഇതിന് നേതൃത്വം നൽകേണ്ടത്. ഇതിനുവേണ്ടി എത്രത്തോളം സമ്മർദ്ദം ചെലുത്താൻ നമ്മുടെ സംസ്ഥാന സർക്കാരിന് കഴിയുമെന്നതാണ് വിഷയം. ഇക്കാര്യത്തിൽ യു.ഡി.എഫ്.-ന്റെ നിലപാട് അറിയേണ്ടത് അനിവാര്യമാണ്. കാസർഗോഡ് ജില്ലയെ സംബന്ധിക്കുന്ന ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കർണ്ണാടക വനവുമായി 90 കി.മീ. നീളത്തിൽ അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിൽ വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് അടിയന്തരമായും ചില ഇടപെടലുകൾ ആവശ്യമുണ്ട്. ആന, കടുവ, പുലി എന്നിവ കർണ്ണാടക വനത്തിൽനിന്നും വരുന്നു. ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കണമെന്ന പ്രൊപ്പോസൽ സർക്കാരിൽ

സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുവദിച്ചിട്ടില്ല. ഇതുസംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കണം. ജില്ലയിൽ ആറ് സെക്ഷൻ ഓഫീസുകളായിട്ടാണ് പ്രവർത്തനം നടത്തുന്നത്. ഇതിൽ നാല് സെക്ഷൻ ഓഫീസുകളിൽ വാഹന സൗകര്യമില്ലാത്തതും പരിഹരക്കപ്പെടേണ്ടതുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽനിന്നും കർണ്ണാടക വനാതിർത്തിയിലേയ്ക്ക് എത്തിചേരാൻ നിലവിൽ ഫീൽഡ് ഓഫീസർമാർക്ക് വാഹനസൗകര്യമില്ല. അതും പരിഹരിക്കപ്പെടേണ്ടതുണ്ട്. പുതിയതായി കുറച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ചാർജ്ജെടുത്തു. അവർക്കും ആവശ്യത്തിനുള്ള വാഹനം ലഭ്യമാക്കണം. ജില്ലയിൽ മുഴുവൻ സമയവും പ്രവർത്തിക്കുന്ന വിപുലമായ സൗകരങ്ങളടങ്ങിയ ഒരു റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട്, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ മൃഗസംരക്ഷണ വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി പക്ഷിമൃഗാദികളുടെ അമ്മ റാണിയാണ്. ഒരമ്മയുടെ സ്നേഹവും കരുതലും കേരളത്തിലെ പക്ഷിമൃഗാദികൾക്ക്

ഉറപ്പുവരുത്തിക്കൊണ്ടുള്ള വൈവിധ്യമാർന്നതും മാതൃകാപരവുമായ പദ്ധതികളുമായാണ് കേരളം ഇന്ന് മുന്നോട്ടുപോകുന്നത്. ഈ നവീന ശാസ്ത്രീയ യുഗത്തിൽ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകൾ മനുഷ്യ പുരോഗതിക്കൊപ്പം മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലും എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന കാഴ്ചപ്പാടോടുകൂടിയാണ് മൃഗസംരക്ഷണ വകുപ്പ് കേരളത്തിൽ മുന്നോട്ടുപോകുന്നത്. വളരെ ശ്രദ്ധേയവും അഭിനന്ദനാർഹവുമായ പദ്ധതികളാണ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് ധാരാളം ഡയറി അടിച്ചുകൊടുത്ത കഥ നാം കേട്ടിട്ടുണ്ട്. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഡയറി ഫാം കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. പത്ത് മുതൽ ഇരുപതുവരെയുള്ള പശുക്കളുടെ ഇടത്തരം ഡയറി ഫാമുകൾക്ക് സഹായം ഉറപ്പുവരുത്തുന്ന സമഗ്രമായ ഫാം മെയ്ഡ് പാക്കേജാണ് ഏറ്റവും ശ്രദ്ധേയമായ രീതിയിൽ ഇപ്പോൾ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽക്കൃഷിക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധനസഹായം, ഫാം ആധുനികവൽക്കരണം തുടങ്ങിയിട്ടുള്ള ഘടകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള

പദ്ധതികളാണ് വളരെ ശ്രദ്ധേയമായിട്ടുള്ളത്. മൃഗസംരക്ഷണ മേഖലയിലെ സംരംഭകത്വ വികസന സെല്ലിന്റെ പ്രവർത്തനം വളരെ സജീവമാണ്. മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനങ്ങളും വളരെ ശ്രദ്ധേയമാണ്. കേരളത്തിൽ മൃഗങ്ങൾക്കുവേണ്ടി രാത്രികാല അടിയന്തര ചികിത്സാപദ്ധതി സർക്കാർ ഉറപ്പുവരുത്തിയിരിക്കുകയാണ്. മനുഷ്യർക്കുതന്നെ രാത്രികാല ചികിത്സ ഉറപ്പുവരുത്താൻ കഴിയാത്ത കാലം കേരളത്തിൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഏവർക്കും അറിയാവുന്നതുപോലെ കോവിഡുകാലത്ത് പക്ഷികളുടെയും മൃഗങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്താൻ അതീവശ്രദ്ധ പുലർത്തുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നാട്ടിൽ രാത്രികാല അടിയന്തര മൃഗചികിത്സാ പദ്ധതി ആവിഷ്കരിക്കാൻ സർക്കാരിന് കഴിഞ്ഞെന്നത് വളരെ അഭിമാനകരമാണ്. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കർമ്മസേന ഇന്ന് പ്രവർത്തനരംഗത്തുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ശ്രദ്ധേയമായ സാമൂഹിക ഇടപെടലായി അതിനെയും കണക്കാക്കാം. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള ശ്രദ്ധേയമായ ഇടപെടലുകളാണ് കേരളത്തിൽ നടക്കുന്നത്. പ്രതിരോധ കുത്തിവെയ്പ്പ് തീവ്രയജ്ഞങ്ങൾ നല്ലരീതിയിൽ ഫലപ്രാപ്തി കാണുകയാണ്. കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ 'ഗോ സമൃദ്ധി' പദ്ധതിയിലൂടെ കന്നുകാലികൾക്കും ക്ഷീരകർഷകർക്കും പരിരക്ഷ ഉറപ്പുവരുത്താൻ കഴിഞ്ഞു. ഗുണമേന്മയുള്ള ചിക്കൻ ലഭ്യമാക്കുന്ന വളരെ ശ്രദ്ധേയമായ പദ്ധതിയാണ് 'കേരള ചിക്കൻ പദ്ധതി' . ഭക്ഷണക്രമത്തിലും അഭിരുചിയിലും സ്വഭാവത്തിലും മനോഭാവത്തിലുമെല്ലാം അനുദിനം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. വീട്ടിൽനിന്ന് അച്ഛൻ പുറത്തേയ്ക്ക് ഇറങ്ങുമ്പോൾ കുട്ടി അച്ഛനോട് ആവശ്യപ്പെടുകയാണ് 'അച്ഛാ വരുമ്പോൾ ഒരു ചിക്കൻ ബിരിയാണി കൊണ്ടുവരണം' എന്ന്. അപ്പോൾ അമ്മ അടുക്കളയിൽ നിന്ന് പറയുകയാണ് 'ഒന്നാക്കണ്ട, രണ്ടായിക്കോട്ടെ എന്നാൽ എനിക്ക് അത്താഴം വയ്ക്കണ്ടല്ലോ!' . അത്തരത്തിൽ ചിക്കൻ ബിരിയാണി കഴിക്കുന്ന കാലഘട്ടമാണിത്. അതിന് നമുക്ക് ഗുണമേന്മയുള്ള ചിക്കൻ ലഭിക്കണം. ഗുണമേന്മയുള്ള കോഴിയിറച്ചി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ ആരോഗ്യസംരക്ഷണവും

പോഷകസുരക്ഷയും ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതും നന്നായി കേരളത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ടെന്നതാണ് മറ്റൊരുകാര്യം. ഈ സർക്കാരിന്റെ കാലത്ത് ക്ഷീരവികസന മേഖലയിലെ ഇടപെടലുകൾ വളരെ ശ്രദ്ധേയമാണ്. പാൽ സൊസൈറ്റികൾ എന്നാൽ കേവലം പാൽ കൊടുക്കുന്ന സ്ഥാപനം എന്നുള്ള നിലയ്ക്കുമാത്രമല്ല, രാവിലെയുള്ള രാഷ്ട്രീയ ചർച്ചകൾ ആരംഭിക്കുന്ന കേന്ദ്രംകൂടിയാണ്. തലേദിവസത്തെ അന്തിചർച്ചയൊക്കെ കേട്ട് രാവിലെ പാൽ സൊസൈറ്റിയിലേയ്ക്ക് പോയിട്ടാണ് രാഷ്ട്രീയ അഭിപ്രായങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നത്. അങ്ങനെയൊരു പൊളിറ്റിക്കൽ സെന്റർ കൂടിയാണ് പാൽ സൊസൈറ്റികൾ. ക്ഷീരകർഷകർക്കും അവരുടെ കുടുംബങ്ങൾക്കും ക്ഷീരസംഘം ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി നടപ്പാക്കുന്ന സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി 'ക്ഷീരസാന്ത്വനം' വളരെ ശ്രദ്ധേയമായി നടപ്പാക്കിപോകുകയാണ്. പന്നി വളർത്തൽ, ആടുവളർത്തൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. പുതിയ വാക്സിനുകൾ കണ്ടുപിടിക്കുമ്പോൾ സാധാരണ ഗിനി പന്നികളിലാണ്

പരീക്ഷിക്കുന്നത്. കോവിഡ് മഹാമാരി വന്നതിനുശേഷം ഗിനി പന്നികളുടെ കാര്യം മറക്കുകയാണ്. കോവിഷീൽഡ് വാക്സിൻ മനുഷ്യരിലാണ് പരീക്ഷിച്ചത്. അതിന്റെ പ്രത്യാഘാതങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മെഡിക്കൽ സയൻസിന്റെ ശാസ്ത്രീയമായ കണ്ടെത്തലുകളുടെ പിൻബലത്തിൽ സ്ഥിരീകരിക്കപ്പെട്ടില്ലെങ്കിൽപ്പോലും ഇക്കാര്യത്തിൽ വലിയ ആശങ്ക സമൂഹത്തിലുണ്ട്. ഹൃദയാഘാതം സംഭവിക്കുന്നത് അതിന്റെ ഫലമായിട്ടാണെന്നാണ് ചർച്ച ചെയ്യപ്പെടുന്നത്. പുതിയ കാലത്ത് പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകതലത്തിൽ സാറ്റ്ലൈറ്റ് പന്നിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ കെ.എൽ.ഡി. ബോർഡുവഴി നടപ്പാക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. 'ആടുജീവിതം' എന്ന പുസ്തകത്തിലെ മനുഷ്യനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ആടിന്റെ സംരക്ഷണവും ആടുവളർത്തൽ പദ്ധതിയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടലുകളാണ് കേരളത്തിലെ മൃഗസംരക്ഷണ വകുപ്പ് നടത്തുന്നത്. ഗ്രാമീണ സ്ത്രീ കർഷകർക്കിടയിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള സാറ്റ്ലൈറ്റ് ആടുവളർത്തൽ യൂണിറ്റുകൾ

സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏറ്റവും മികച്ച രീതിയിലാണ് നടപ്പാക്കുന്നത്. സംസ്ഥാനത്ത് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നുണ്ട്. പണ്ട് റേഡിയോ ഓൺ ചെയ്താൽ ആദ്യം കേൾക്കുന്ന പരസ്യം ഷാവാലാസ് കമ്പനിയുടെ കാലിത്തീറ്റയെക്കുറിച്ചുള്ളതാണ്. ഇന്ന് ക്ഷീരകർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നൽകുകയെന്ന ലക്ഷ്യം കൈവരിക്കാൻ സാധിച്ചുവെന്നതാണ് പ്രധാനപ്പെട്ട മറ്റൊരു കാര്യമായി ചൂണ്ടിക്കാണിക്കാനുള്ളത്. തീർച്ചയായും കേരളത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. കാസർഗോഡ് ജില്ലയിൽ ഒരു ആട് വളർത്തൽ ഫാം എത്രയും വേഗം ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഈ ചർച്ചാവേളയിൽ പ്രതിപക്ഷനിരയിൽ രണ്ട് മുസ്ലീം ലീഗ് എം.എൽ.എ.-മാർ യഹൂദ കഥയും മൂസിയം കഥയുമായി രംഗപ്രവേശം നടത്തി. ഫാസിസത്തിന്റെ ഇരുണ്ട ഗുഹാമുഖങ്ങളിലേയ്ക്കാണ് ആട്ടിൻപറ്റങ്ങളെപ്പോലെ നാം വർത്തമാനകാല ഇന്ത്യയിൽ നയിക്കപ്പെടുന്നത്. സ്വാതന്ത്ര്യസമര പോരാളികളുടെ അഭിലാഷങ്ങളുടെ വിപരീത ദിശയിലാണ്

ഇന്ന് നമ്മുടെ സഞ്ചാരമെന്ന ആശങ്ക വളരെ ശക്തമാണ്. അപ്പോഴാണ് ഇങ്ങനെയുള്ള പ്രതികരണങ്ങളുമായി വരുന്നത്. ഏതായാലും ദിനേശന്റെ ലേഖനം ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ വായിച്ചുവെന്നുള്ളത് വളരെ സന്തോഷകരമാണ്. ഏറ്റവും ശക്തവും യുക്തവുമായ മതനിരപേക്ഷ നിലപാട് സ്വീകരിക്കുന്ന പ്രസ്ഥാനവും വർഗ്ഗീയതയുമായി സന്ധിയില്ലാതെ വർഗ്ഗീയതയ്ക്കെതിരായി വർഗ്ഗീയ ഫാസിസ്റ്റ് പ്രവണതകൾക്കെതിരെ ഏറ്റവും ശക്തമായ നിലയിൽ പൊരുതി മുന്നേറുന്ന പ്രസ്ഥാനവുമാണ് സി.പി.ഐ.(എം.). അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നതുകൊണ്ടാണ് മതന്യൂനപക്ഷങ്ങളുടെ ഭാഗത്തുനിന്നും ഞങ്ങൾക്ക് ചായയും സർബത്തും ഷേക്ക് ഹാൻഡും ചിരിയും കിട്ടിയത്. പക്ഷേ ഞങ്ങൾക്ക് ചായയും ഷേക്ക് ഹാൻഡും ചിരിയും തന്നു. വോട്ട് നിങ്ങൾക്കും തന്നു. അതൊക്കെ വെറും താൽക്കാലികം മാത്രമാണ്. പക്ഷേ ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുസ്ലീം ലീഗിന്റേതായിട്ടുള്ള ചുവടുമാറ്റത്തിൽ ലീഗ് ആത്മപരിശോധന നടത്തേണ്ടതല്ലേ; മുസ്ലീം ലീഗ് ഇപ്പോൾ ചെയ്യുന്നതെന്താണ്; മുസ്ലീം സമുദായത്തിനകത്ത് ഉയർന്നുവരുന്ന മതനിരപേക്ഷ ചിന്താഗതിക്കാരെ ദുർബലപ്പെടുത്തുന്നവിധം

മതരാഷ്ട്രവാദികളുമായി സഖ്യം ചേരുകയും അവർ അതിന്റെ അജണ്ടതന്നെ പ്രചരിപ്പിക്കുകയും ചെയ്യുന്ന നേതൃത്വപരമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിസ്റ്റുകാർ മതനിരാശരാണെന്ന ലീഗ് പ്രസിഡന്റിന്റെ പ്രസ്താവനയും ഇടപെടലും മുസ്ലീം ലീഗിനെത്തന്നെ മതരാഷ്ട്രവാദികളുടെ പാളയത്തിലെത്തിക്കാൻമാത്രമേ സഹായിക്കുവെന്ന തിരിച്ചറിവാണ് നിങ്ങൾക്കുണ്ടാകേണ്ടത്. സങ്കുചിത രാഷ്ട്രീയത്തിന്റെ ഭാഗമായി ഇത്തരം നിലപാടുകളെ പ്രോത്സാഹിപ്പിക്കുന്നതാരാണ്; വർഗ്ഗീയതയുടെ വിഷസർപ്പത്തിനെന്നും വിളക്കുവയ്ക്കുന്നത് രാജ്യത്തെ കോൺഗ്രസുതന്നെയാണ്. അടിസ്ഥാന ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന സി.പി.ഐ.(എം.)-ന്റെ സമീപനം മുസ്ലീം ജനവിഭാഗങ്ങളിലെയടക്കം പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. പാവപ്പെട്ടവരുടെ സംരക്ഷണമെന്ന സി.പി.ഐ.(എം.)-ന്റെ സമീപനമെന്നാൽ ന്യൂനപക്ഷ വിഭാഗങ്ങളുൾപ്പെടെയുള്ളവരുടെ സംരക്ഷണത്തിന്റെ ഭാഗമായി ഞങ്ങൾ സ്വീകരിക്കുന്ന നിലപാടുകളാണ്. ഈ ധനാഭ്യർത്ഥനകളെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ക്ഷീരവകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ക്ഷീരകർഷകർ വളരെ ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ക്ഷീരകർഷകർക്ക് നൽകിക്കൊണ്ടിരിക്കുന്ന മിൽക്ക് ഇൻസെന്റീവ് സ്കീമനുസരിച്ച് ത്രിതലപഞ്ചായത്തുകൾ ഓരോ രൂപയും ഡിപ്പാർട്ടുമെന്റ് ഒരു രൂപയും അങ്ങനെ ലിറ്ററിന് നാല് രൂപ അധികമായി ലഭ്യമാക്കുന്ന പദ്ധതി കൃത്യമായി കുടിശ്ശിക കൂടാതെ യഥാസമയം ക്ഷീരകർഷകർക്ക് ലഭ്യമാക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കാലിത്തീറ്റയുടെ വിലയിൽ അടിക്കടി വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് 1500/-രൂപ വരെ വിലയുണ്ട്. ഇത് സാധാരണ ക്ഷീരകർഷകനെ സംബന്ധിച്ച് യാതൊരു കാരണവശാലും താങ്ങാൻ സാധിക്കാത്ത വിലവർദ്ധനവാണ്; ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടലുണ്ടാകണം. മൃഗസംരക്ഷണ വകുപ്പ് മുൻകൈയെടുത്ത് നടത്തിയിരുന്ന കന്നുകാലികളുടെ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് പദ്ധതിയാണ് 'ക്ഷീര സാന്ത്വനം' പദ്ധതി. അത് കൃത്യമായി നടപ്പാക്കാനുള്ള

സ്കീം സംസ്ഥാനത്തില്ല. പ്രൈവറ്റ് ഇൻഷ്വറൻസ് കമ്പനികളെ സമീപിക്കുമ്പോൾ അയ്യായിരം രൂപവരെ ഒരു കന്നുകാലിയുടെ ഇൻഷ്വറൻസിനുവേണ്ടി ചെലവുചെയ്യുക എന്നത് സാധാരണ ക്ഷീരകർഷകരെ സംബന്ധിച്ച് താങ്ങാനാകാത്തതാണ്. തന്മൂലം ഇൻഷ്വറൻസ് പദ്ധതിതന്നെ അട്ടിമറിക്കപ്പെടുകയാണ്. ഇക്കാര്യങ്ങളിൽ സർക്കാരിന്റെ ഗൗരവമായിട്ടുള്ള ഇടപെടലുണ്ടാവണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

വനംവകുപ്പുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, ഇങ്ങനെയൊരു വകുപ്പുണ്ടെന്ന് ഈ നാട്ടിലെ ആളുകൾക്ക് ബോധ്യമാകുന്നത് ധനാഭ്യർത്ഥന ചർച്ച വരുമ്പോഴും ബഹുമാനപ്പെട്ട തോമസ് കെ. തോമസ് മന്ത്രിസ്ഥാനത്തിന്റെ കാര്യം പറയുമ്പോഴും മാത്രമാണ്. അല്ലാതെ ഇങ്ങനെയൊരു വകുപ്പുണ്ടെന്ന് ഇന്നുവരെ കേരളത്തിലെ ജനങ്ങൾക്ക് തോന്നിയിട്ടില്ല. അതാണ് ഈ വകുപ്പിന്റെ കഴിഞ്ഞ കുറെ നാളുകളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. വനം വകുപ്പിനെക്കൊണ്ട് പൊറുതിമുട്ടിയെന്ന് ഭരണകക്ഷി അംഗംതന്നെ സഭയിൽ പറയുന്നതരത്തിൽ കാര്യങ്ങൾ എത്തിയെന്ന് പറയുമ്പോൾ നാടിന്റെ അവസ്ഥ എത്ര ഗുരുതരമാണെന്ന്

മനസ്സിലാക്കാൻ സാധിക്കും. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തെക്കുറിച്ച് എല്ലാപേർക്കുമറിയാം, അതിലാവശ്യമായ ഭേദഗതികൾ വരുത്തണമെന്നതിൽ യാതൊരു സംശയവും വേണ്ട. 52 വർഷങ്ങൾക്കുമുമ്പ് അന്നത്തെ സാഹചര്യത്തിനനുസരിച്ച് പാസ്സാക്കിയിട്ടുള്ള നിയമങ്ങളാണ്. പക്ഷേ ഇന്ന് ഈ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരേണ്ടതുണ്ട്. അക്കാര്യത്തിൽ എല്ലാപേരും ഒറ്റക്കെട്ടായിനിന്നുതന്നെ പോരാടേണ്ടതായിട്ടുണ്ട്. അതുമാത്രമല്ല, 1972-ലെ നിയമം അവിടെനിൽക്കുന്നു, 52 വർഷം കഴിഞ്ഞു. പക്ഷേ അതിരൂക്ഷമായ വന്യജീവി ശല്യം ഇത്രയുമധികമായി ഉണ്ടായിക്കൊണ്ടിരിക്കുന്നത് കഴിഞ്ഞ എട്ട്-പത്ത് വർഷങ്ങളായാണ്. ഈ നിയമം നേരത്തെ പ്രാബല്യത്തിലുള്ളതാണ്. പ്രസ്തുത നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന കാര്യത്തിൽ തർക്കമില്ല. ഏതാണ്ട് എട്ടുവർഷംകൊണ്ട് അമ്പത്തി അയ്യായിരത്തോളം വന്യജീവി ആക്രമണങ്ങളിൽ ആയിരത്തിലധികം ആളുകൾ മരണപ്പെടുകയും അതിലധികം ആളുകൾക്ക് ഗുരുതരമായി പരിക്കുപറ്റിയിട്ടുമുണ്ട്. ഇവർക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടപരിഹാരം കൊടുക്കാനുണ്ട്. നമ്മൾ എന്താണ് ചെയ്യുന്നത്; എല്ലാം

താൽക്കാലികമായിട്ടുള്ള ഇടപെടലുകളാണ്. അരിക്കൊമ്പൻ വിഷയം കോടതിയിൽ വന്നപ്പോൾ ശാശ്വതമായ പരിഹാരം വേണമെന്ന് പറഞ്ഞു. അരിക്കൊമ്പനെ നാടുകടത്തി പരിപാടികളെല്ലാം അവിടെ അവസാനിപ്പിച്ചു. അതിനുശേഷം യാതൊരു നടപടികളുമില്ല. "മനുഷ്യന്റെ ജീവനും സ്വത്തിനും നാശമുണ്ടാക്കുന്ന വന്യജീവികളെ കൊന്നുതന്നെ നിയന്ത്രിക്കണം" എന്നാണ് പ്രശസ്തനായ പരിസ്ഥിതി ശാസ്ത്രജ്ഞൻ പ്രൊഫ. മാധവ് ഗാഡ്ഗിൽ പറഞ്ഞിട്ടുള്ളത്. ഉടനടി ചെയ്യേണ്ട നടപടികൾ ഉടനടിതന്നെ ചെയ്യണം, ദീർഘകാലത്തിൽ ചെയ്യേണ്ട നടപടികൾ ദീർഘകാലത്തിൽ ചെയ്യണം. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ് തുടങ്ങിയ വന്യജീവികളെ വെടിവച്ച് കൊല്ലാനുള്ള അനുമതി കർഷകർക്ക് നൽകണമെന്നാണ് പ്രൊഫ. മാധവ് ഗാഡ്ഗിൽ ഉൾപ്പെടെയുള്ള ആളുകൾ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. പരിഷ്കൃത രാജ്യങ്ങളിലെല്ലാം ഈ സംവിധാനമുണ്ട്. വിദേശ രാജ്യങ്ങളിലൊക്കെ പോയാൽ നമുക്കത് മനസ്സിലാക്കാൻ സാധിക്കും. ഓസ്ട്രേലിയയിലെ ദേശീയ മൃഗമാണ് കങ്കാരു. എന്നാൽ അതിന്റെ എണ്ണം വർദ്ധിക്കുന്ന സമയത്ത്, അതിന്റെ ആവാസ വ്യവസ്ഥിതിക്ക് ഉൾക്കൊള്ളാൻ

കഴിയാത്ത സാഹചര്യം വരുമ്പോൾ അതിനെ വെടിവയ്ക്കാനുള്ള അനുമതി സർക്കാർ തന്നെ അവിടെയുള്ള കർഷകർക്കും ജനങ്ങൾക്കും കൊടുക്കുകയാണ്. അതുപോലുള്ള സംവിധാനങ്ങൾ ഇവിടെയും വേണം. നമ്മുടെ ആവാസ വ്യവസ്ഥിതിയിൽ ഉൾക്കൊള്ളാൻ പറ്റാത്ത തരത്തിലുള്ള മൃഗങ്ങളുണ്ടാകുമ്പോൾ അത് ജനവാസ മേഖലകളിലേയ്ക്ക് വരികയാണ്. ആയതിനാൽ അതിനെ പ്രതിരോധിക്കാനോ തടഞ്ഞ് നിർത്താനോ നിയന്ത്രിക്കാനോ ഉള്ള നടപടികളുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രി യോഗം വിളിച്ചിട്ടും മീറ്റിംഗ് കൂടി തീരുമാനങ്ങളെടുത്ത് പത്രസമ്മേളനം നടത്തിയതുകൊണ്ടൊന്നും കാര്യമില്ല. ആനയും പുലിയും യഥേഷ്ടം ഇങ്ങോട്ട് വന്നുകൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ ഒറ്റയ്ക്ക് വന്നുകൊണ്ടിരുന്നത് ഇപ്പോൾ കുടുംബത്തോടെയാണ് വരുന്നത്. ഇവയെല്ലാം നാട്ടിലുണ്ടാക്കുന്ന ദുരന്തം എത്രത്തോളമാണെന്ന് നമ്മളെല്ലാവരും അനുദിനം കണ്ടുകൊണ്ടിരിക്കുകയാണ്. വനമേഖലയുമായി ബന്ധപ്പെട്ട് പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധികൾ മുഴുവനും ഈ പ്രശ്നങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ ജീവനും സ്വത്തും നശിപ്പിക്കുന്നത് ക്രിമിനൽ കുറ്റമാക്കുന്ന ഐ.പി.സി. 100, 103 വകുപ്പുകളുടെ

ലംഘനം തന്നെയാണ് ഇപ്പോഴുള്ള നിയമങ്ങളെന്ന് വേണമെങ്കിൽ പറയാം. അതുകൊണ്ട് അതിനാവശ്യമായ നിയമഭേദഗതികൾ വരുത്താൻ നമ്മളെല്ലാവരും ഒറ്റക്കെട്ടായി നിന്നുതന്നെ പ്രവർത്തിക്കണമെന്നാണ് ഞങ്ങളുടെയും അഭിപ്രായം. അതുപോലത്തന്നെ വന്യമൃഗങ്ങളുടെ നിയന്ത്രണത്തിന് വനം വകുപ്പിലെ Wild Animal Management വിഭാഗം ആരംഭിക്കാനുള്ള ക്രിയാത്മക ഇടപെടലുകളുണ്ടാകണം. എന്റെ നിയോജക മണ്ഡലത്തിലെ മലയാറ്റൂർ, അയ്യംപുഴ, മൂക്കന്നൂർ, കറുക്കുറ്റി പഞ്ചായത്തുകൾ അതീവ രൂക്ഷമായിട്ടുള്ള വന്യമൃഗ ശല്യം ദൈനംദിനമായി അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലും തൊട്ടപ്പുറത്തുള്ള ചാലക്കുടി നിയോജകമണ്ഡലത്തിലും അതിരൂക്ഷമായ വന്യമൃഗ ശല്യം എല്ലാദിവസവും അഭിമുഖീകരികയാണ്. അവിടെയുള്ള ആളുകൾക്ക് കിടന്നുറങ്ങാൻ കഴിയാത്ത അവസ്ഥയാണ്. രാത്രികാലങ്ങളിൽ ആളുകൾ ജനപ്രതിനിധികളെ വിളിക്കുന്നു, ഒരു എം.എൽ.എ. അദ്ദേഹത്തിന്റെ അനുഭവം പറഞ്ഞു. ആന അവിടെ കൂട്ടമായി വന്ന് നിൽക്കുമ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ വിളിച്ചാൽ അവിടേയ്ക്ക് എത്തിച്ചേരാനുള്ള വാഹനം പോലും

റെയ്ഞ്ച് ഓഫീസുകളിലില്ല. ആനയെ പേടിപ്പിക്കാൻ അവർക്കൊരു പടക്കം പൊട്ടിക്കാൻ/ഗുണ്ട് പൊട്ടിക്കാമെന്ന് വിചാരിച്ചാൽ ആ ഗുണ്ട് പോലും എടുക്കാൻ കഴിയാത്ത തരത്തിലാണ് ഇന്ന് വനംവകുപ്പ് അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഫോറസ്റ്റ് ഗാർഡ്മാരോട് പറഞ്ഞാൽ അവർ എന്ത് ചെയ്യും; ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ പ്രസ്താവന വായിച്ചു കേൾപ്പിച്ചാൽ ആന പോകില്ലല്ലോ; ആനയെ പ്രതിരോധിക്കാനായിട്ടുള്ള സംവിധാനങ്ങൾ വേണ്ടേ? അതുകൊടുക്കാൻ ഈ വകുപ്പ് തയ്യാറാകുന്നില്ല. കേന്ദ്ര ഫണ്ടിനെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ വർഷം (23/09/2023-ന്) അതിരപ്പിള്ളി, ചാലക്കുടി, മൂന്നാർ എന്നീ 3 ഡിവിഷനുകളിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനുവേണ്ടി നബാർഡ് പദ്ധതിയിൽ 13 കോടി രൂപ ലഭിച്ചു. ആ തുക ലഭിച്ച് ഒരു വർഷം പിന്നിടുമ്പോൾ ഇതുവരെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അതിന്റെ നിർമ്മാണത്തിലേയ്ക്ക് കടക്കാൻ ഈ വകുപ്പിനോ സർക്കാരിനോ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്? ഇതിൽ എന്ത് ആത്മാർത്ഥമായിട്ടുള്ള ഇടപെടലാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം.

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് എത്ര ആളുകൾക്കാണ് നഷ്ടപരിഹാരത്തുക കുടിശ്ശികയായി കൊടുക്കാൻ കിടക്കുന്നത്. അതുപോലെ ഫോറസ്റ്റ് വാച്ചർമാരുടെതുൾപ്പെടെ ശമ്പളം മാസങ്ങളായി കുടിശ്ശികയാണ്. വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നയാളുകൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നത് കേന്ദ്രത്തിന്റെ വകയാണെന്ന് കേന്ദ്രവും സംസ്ഥാനത്തിന്റെ വകയാണെന്ന് സംസ്ഥാനവും പറയുന്നു. വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ 10 ലക്ഷം രൂപയാണ് കൊടുക്കുന്നതെന്നും കേന്ദ്രാവിഷ്കൃത പദ്ധതിയായ IDWH (Integrated Development of Wildlife Habitats), Project Elephant എന്നിവയിലുൾപ്പെടുത്തി വിതരണം ചെയ്യുന്ന തുകയുടെ 60 ശതമാനം കേന്ദ്ര വിഹിതമെന്നും 40 ശതമാനം സംസ്ഥാന വിഹിതവുമാണെന്നാണ് പറയുന്നത്. എന്നാൽ കേന്ദ്രം പറയുന്നത് മുഴുവനും കൊടുക്കുന്നത് അവരാണെന്നാണ്. കേന്ദ്രം കൊടുക്കുന്ന തുക കേന്ദ്രത്തിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ അപകടത്തിൽപ്പെടുന്നവർക്ക് കൊടുക്കാൻ തയ്യാറാകണം. സംസ്ഥാനം 40 ശതമാനം കൊടുക്കാൻ തയ്യാറാണെങ്കിൽ അത് അഡീഷണലായി കൊടുക്കണം. അങ്ങനെയുണ്ടായാൽ ഇപ്പോൾ കൊടുക്കുന്ന

പത്ത് ലക്ഷത്തിന് പകരം 14 ലക്ഷം രൂപ കൊടുക്കാൻ കഴിയും. എപ്പോഴും കർണ്ണാടകയിലേയ്ക്ക് നോക്കി കർണ്ണാടകയിലെ കാര്യങ്ങൾ പറയുന്ന ആളുകളാണല്ലോ ഭരണപക്ഷത്തുള്ളവർ. കർണ്ണാടകയിൽ വന്യജീവി ആക്രമണങ്ങളിൽപ്പെട്ട് മരണപ്പെടുന്നവർക്ക് 15 ലക്ഷം രൂപയാണ് കൊടുക്കുന്നത്. നമ്മൾ ഇവിടെ പത്ത് ലക്ഷം കൊടുത്താൽ അത് ആരാണ് കൊടുക്കുന്നതെന്നുള്ളതിന്റെ തർക്കം നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം വന്യമൃഗ ആക്രമണങ്ങളിൽ ഗുരുതരമായി പരിക്കേറ്റത് 4485 പേർക്കാണ്. ഇതിൽ നഷ്ടപരിഹാരം ലഭിച്ചത് കേവലം 612 പേർക്ക് മാത്രമാണ്. ഇതിൽനിന്നും ഈ സർക്കാരിന്റെ സമീപനം നമുക്ക് മനസ്സിലാകുന്നില്ലേ? വകുപ്പിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്, മുട്ടിൽ മരം മുറിയും വയനാട് സുഗന്ധഗിരി മരം മുറിക്കേസുമെല്ലാം നമ്മൾ ചർച്ച ചെയ്തതാണ്. സുഗന്ധഗിരി മരം മുറിക്കൽ കേസിൽ വിജിലൻസ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ സസ്പെന്റ് ചെയ്യാൻ പറഞ്ഞ ഉദ്യോഗസ്ഥരെ സംരക്ഷിക്കുന്ന നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഒരു വശത്ത് മരത്തിന്റെ ശിഖരം മുറിച്ചതിന്റെ

പേരിൽ ചീഫ് വൈൽഡ് വാർഡനെതിരെ നടപടി സ്വീകരിച്ച സർക്കാർ മരം മുഴുവനായി മുറിച്ചുകൊണ്ടുപോയ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ ഇപ്പോൾ പുറത്ത് വരുന്ന വാർത്തകൾ കോഴ ആരോപണം സംബന്ധിച്ചാണ്. വനംവകുപ്പിലെ സ്ഥലംമാറ്റ പട്ടിക വെട്ടിച്ചുരുക്കിയെന്നാണ് പറയുന്നത്. മൂന്ന് വർഷത്തിലധികമായി ഒരു സ്ഥാനത്തിരിക്കുന്ന ഉദ്യോഗസ്ഥനെ അവിടെ നിലനിർത്തുന്നതിനുവേണ്ടി പാർട്ടി തലത്തിലിടപെട്ട് പിരിവ് നടത്തി അതിന്റെ പേരിൽ സ്ഥലംമാറ്റ പട്ടിക വെട്ടിച്ചുരുക്കി വച്ചിരിക്കുകയാണ്. പത്ര വാർത്തകളിൽ പറയുന്നത്, എൻ.സി.പി. നേതൃത്വം ശിപാർശ ചെയ്ത് തയ്യാറാക്കിയ പട്ടിക വെട്ടിച്ചുരുക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള ഇടപെടലിനെത്തുടർന്നാണ് നടപടിയുണ്ടായതെന്നാണ്. അങ്ങനെ ഈ വകുപ്പിനെ സംബന്ധിച്ച് ജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിലൊന്നും ഒരു നടപടിയുമില്ല. ഇവിടെ ഒരു ആനയോ കടുവയോ പുലിയോ നാട്ടിലിറങ്ങിയാൽ മയക്കുവെടി വയ്ക്കാൻപോലും പറ്റാത്ത സർക്കാരാണിത്. ആനയ്ക്ക് വയ്ക്കേണ്ട മയക്കുവെടി ആർക്കാണ് കൊണ്ടതെന്ന് ഈ നാട്ടിലെ ജനങ്ങൾക്ക്

സംശയമുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി മയക്കുവെടി കൊണ്ടൊരു സർക്കാരാണ് വന്യജീവി ആക്രമണത്തിന്റെ കാര്യത്തിൽ കേരളത്തിൽ അധികാരത്തിലിരിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് സർക്കാരിന്റെ ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ ആദ്യമെ തന്നെ ഈ ധനാഭ്യർത്ഥനകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ ചില കാര്യങ്ങൾക്ക് മറുപടി നൽകാം. മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകൾക്ക് 2024-25 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി ലഭിച്ച തുക 392.4 കോടി രൂപയാണ്. ഇതിൽ 274.45 കോടി രൂപ മൃഗസംരക്ഷണ വകുപ്പിനും അനുബന്ധ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിക്കും കൂടിയാണ്. 117.95 കോടി രൂപ ക്ഷീരവികസന വകുപ്പിനും മിൽമയ്ക്കും ചേർന്നാണ്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനോടൊപ്പം കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. ഈ

വെല്ലുവിളികൾക്കിടയിലും വിപ്ലവകരമായ വികസന പ്രവർത്തനങ്ങൾ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളിലും അനുബന്ധ പൊതുമേഖലാ സ്ഥാപനങ്ങളിലും കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഒട്ടേറെ പദ്ധതികൾ ഞങ്ങൾ കഴിഞ്ഞ വർഷങ്ങളിലും ഇത്തവണയും പ്രഖ്യാപിച്ചിരുന്നു. അതെല്ലാം സമയബന്ധിതമായി നടപ്പാക്കിക്കൊണ്ടാണ് മൃഗസംരക്ഷണ-ക്ഷീരവികസന, ഡെയറി ഉൾപ്പെടെയുള്ള വകുപ്പുകൾ ഇന്ന് മുന്നോട്ട് പോകുന്നതെന്ന് ഞാൻ ആദ്യം തന്നെ പറയുകയാണ്. ഈ ഒരു വർഷത്തിൽ എന്തൊക്കെ വികസന ക്ഷേമ പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ പോകുന്നത് എന്ന് നമ്മുടെ സാമാജികർ ഇന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ. ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. നെട്ടുകാൽത്തേരിയിൽ ക്ഷീരവികസന വകുപ്പിന് ഡെയറി സയൻസ് കോളേജ് ആരംഭിക്കുന്നതിനായി 16 ഏക്കർ സ്ഥലം അനുവദിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അതിനുള്ള സ്ഥലം ഇപ്പോൾ മാറ്റിയിട്ടിരിക്കുകയാണ്. അതിനുവേണ്ടി ഗവൺമെന്റിന്റെയും റവന്യൂ വകുപ്പ് ഉൾപ്പെടെയുള്ളവരുടെയും സഹായം ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കോളേജ്

നിർമ്മാണത്തിനുള്ള തുടർനടപടികൾ ആരംഭിക്കും. നിലവിൽ ഒരു മാസം 50000/- രൂപ വാടക കൊടുത്തുകൊണ്ടാണ് ഡെയറി സയൻസ് കോളേജ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്ത് ഒരു ഡെയറി സയൻസ് കോളേജ് ആവശ്യമുണ്ടെന്നുള്ളതിനാൽ അതിന് ഉടൻ തുടക്കം കുറിക്കുന്നതാണ്. ഒട്ടേറെ ബഹുമാനപ്പെട്ട അംഗങ്ങൾ പുൽകൃഷി വ്യാപിപ്പിക്കുന്നില്ലെന്നാണ് ഇവിടെ പറഞ്ഞത്. ഓരോ മാസവും നമ്മൾ പുൽക്കൃഷി വ്യാപിപ്പിച്ചുകൊണ്ട് വരികയാണ്. ഡെയറി സയൻസ് കോളേജിനായി ഇപ്പോൾ കണ്ടെത്തിയ ഭൂമിയിൽ കോളേജിന്റെ നിർമ്മാണം കഴിഞ്ഞ് ബാക്കിയുള്ള ഭാഗങ്ങളിലൊക്കെ പുൽക്കൃഷി വ്യാപിപ്പിക്കാനുള്ള ശ്രമം ആരംഭിക്കും. ഇന്ന് ശ്രീ. സണ്ണി ജോസഫ് ഒരുപാട് കാര്യങ്ങളൊക്കെ പറഞ്ഞു. ആഫ്രിക്കൻ പന്നിപ്പനിയുടെ നഷ്ടപരിഹാരം പൂർണ്ണമായി വിതരണം ചെയ്യാൻ സാധിക്കാത്തത് കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിക്കാൻ താമസം നേരിട്ടതുകൊണ്ടാണ്. ഇതിൽ 50 ശതമാനം കേന്ദ്ര ഗവൺമെന്റും 50 ശതമാനം കേരള ഗവൺമെന്റുമാണ് കൊടുക്കേണ്ടത്. ഈ തിരഞ്ഞെടുപ്പിനുമുമ്പ് തന്നെ ആഫ്രിക്കൻ പന്നിപ്പനി ആദ്യഘട്ടം വയനാട്, കണ്ണൂർ ജില്ലകളിൽ റിപ്പോർട്ട് ചെയ്തപ്പോൾ ഞാൻ നേരിട്ട് ചെന്നാണ്

കർഷകർക്ക് നഷ്ടപരിഹാര തുക കൊടുത്തത്. ഒരു കർഷകനും ഒരു പരാതിയുമില്ല. 25-30 ലക്ഷം രൂപ ഒരുമിച്ചാണ് അവർക്ക് ലഭിച്ചത്. കാരണം പന്നിയുടെ ഭാരത്തിനനുസരിച്ച് കേന്ദ്രം പറഞ്ഞ അതേ അടിസ്ഥാനത്തിൽത്തന്നെയാണ് ഞങ്ങൾ ആ ഫണ്ട് മുഴുവനും കൊടുത്തത്. പക്ഷേ, ഇപ്പോൾ നമുക്കറിയാം കുറച്ച് പേർക്കുകൂടി തുക നൽകാനുണ്ട്. അദ്ദേഹം അത് ചൂണ്ടിക്കാണിച്ചു. അതിനുള്ള ഫണ്ട് അലോട്ട് ചെയ്ത് ജില്ലകൾക്ക് കൊടുത്തിട്ടുണ്ട്. എപ്പോൾ വേണമെങ്കിലും നഷ്ടപരിഹാര തുക കർഷകർക്ക് ലഭ്യമാക്കാം. ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് വേണമെങ്കിലും കൊടുക്കാം. കാരണം സഭാസമ്മേളനം നടക്കുന്നതുകൊണ്ട് മന്ത്രിയെന്ന നിലയ്ക്ക് എനിക്ക് വരാൻ സാധിക്കാത്ത ഒരു പ്രശ്നം മാത്രമേയുള്ളൂ. എത്രയും പെട്ടെന്ന് അത് കൊടുക്കാം. എല്ലാ ജില്ലകൾക്കും ആ തുക എത്തിച്ചുകഴിഞ്ഞിട്ടുണ്ട്. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. വകുപ്പ് സെക്രട്ടറിയെയും കേന്ദ്ര മന്ത്രിയെയും കേരളത്തിലെ മുഴുവൻ എം.പി.-മാരെയും നേരിട്ട് കാണുകയും അവർക്ക് കത്തുകളുൾപ്പെടെ

നൽകുകയും ചെയ്തു. ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കണമെന്ന് എം.പി.-മാരോട് ആവശ്യപ്പെട്ടെങ്കിലും ഇതുവരെയും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. അതുംകൂടി ലഭിച്ചാൽ ക്ഷീരമേഖലയിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിച്ച് ആർക്കും ബുദ്ധിമുട്ടില്ലാതെ കാര്യങ്ങൾ കൊണ്ടുപോകാൻ സാധിക്കും. കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഈ പദ്ധതി ഇന്ന് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപ്രദേശത്ത് ഈ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും ആവർത്തിച്ച് അഭ്യർത്ഥിക്കുമെന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്. പശുത്തൊഴുത്ത്, കന്നുകാലിക്കൂട്, അസോള ടാങ്ക്, പുൽകൃഷി തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. അക്കാര്യങ്ങളെല്ലാം ചില എം.എൽ.എ.-മാർ ഇവിടെ ചോദിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ തൊഴുത്ത് നിർമ്മാണം ഇപ്പോൾ ചെയ്യുന്നുണ്ട്. പുൽകൃഷിയും തൊഴിലുറപ്പ് തൊഴിലാളികളെകൊണ്ട് നടപ്പാക്കാനുള്ള സംവിധാനമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ശ്രീ. കുറുക്കോളി മൊയ്തീൻ ഇപ്പോൾ സഭയിലില്ല. അദ്ദേഹം ഇക്കാര്യങ്ങളൊക്കെ ഇവിടെയിരുന്ന് കേൾക്കേണ്ട

കാര്യമാണ്. സഭയിൽ വെറുതെ എന്തെങ്കിലും പറഞ്ഞിട്ട് പോകാൻ പാടില്ല. ഫാം ലൈസൻസ് ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഈ ഗവൺമെന്റ് വന്നപ്പോൾത്തന്നെ ഞങ്ങൾ ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് പലപ്രാവശ്യം യോഗങ്ങൾ ചേർന്നിട്ടുണ്ട്. പശുക്കളുടെ കാര്യം മാത്രമല്ല, ഒരാൾ അഞ്ച് പശുക്കളിൽ കൂടുതൽ വളർത്തിയാൽ അതിന് ലൈസൻസ് നിർബന്ധമാണ്. 100 കോഴികൾ മാത്രം വളർത്തിയാൽ പോരാ, അത് ആയിരം കോഴികളാക്കി വർദ്ധിപ്പിക്കണമെന്നും പശുക്കൾ 20 എണ്ണമെങ്കിലും മിനിമം വേണമെന്നും പറഞ്ഞിട്ടുണ്ട്. ഞങ്ങൾ അത് ഏത് വിധത്തിലും നടപ്പാക്കാൻ മുന്നോട്ടുപോകുകയാണ്. അതിന്റെ ചർച്ചകൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതുംകൂടി വന്നാൽ നമ്മുടെ കർഷകർക്ക് കുറെയേറെ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ഞങ്ങൾ ഇത് നടപ്പാക്കാനുള്ള ശ്രമത്തിലാണ് മുന്നോട്ടുപോകുന്നത്. 'കന്നുകുട്ടി പരിപാലന പദ്ധതി' വഴി തീറ്റ സൗജന്യമായി നൽകുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വർഷം 42 കോടി രൂപ അതിനായി വകയിരുത്തിയിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 'കന്നുകുട്ടി പരിപാലന പദ്ധതി' പ്രകാരം കിടാവിനെ വാങ്ങാൻ സംസ്ഥാന സർക്കാർ സഹായമായി നൽകുന്ന പണത്തിൽ ധാരാളം കുടിശ്ശികകൾ വന്നിട്ടുണ്ടെന്ന് പരാതി വന്നത് പരിഹരിക്കാനുള്ള ശ്രമം നടത്തുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, അങ്ങനെ ഏതെങ്കിലും രീതിയിൽ കുടിശ്ശിക വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാം. ഇക്കാര്യം എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. കേരളത്തിന് പുറത്തുപോയി കന്നുകുട്ടികളെ എടുക്കാതെ, കേരളത്തിൽത്തന്നെ വളർത്തിയെടുക്കാൻ കഴിയുന്ന കിടാരി പാർക്കുകൾ ഇടുക്കി, എറണാകുളം, കൊല്ലം എന്നീ ജില്ലകളിൽ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. നമുക്ക് ചെയ്യാൻ കഴിയുന്ന ജില്ലകളിലെല്ലാം ഇത്തരം പാർക്കുകൾ പരമാവധി കൊണ്ടുവരും. അവിടെയുള്ള കന്നുകുട്ടികളെ പുറത്തൊന്നും കൊടുക്കില്ല. ആ കന്നുകുട്ടികളെ മുഴുവൻ കേരളത്തിലെ ക്ഷീരകർഷകർക്ക് മാത്രം കൊടുത്താൽ മതിയെന്നുള്ള നിബന്ധനയും ഞങ്ങൾ അതിൽ വച്ചിട്ടുണ്ട്. പ്രിയങ്കരനായ പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യങ്ങളിൽ ആലോചിച്ച് പരിഹാരം കാണുന്നതാണ്.

'ഗോ സമൃദ്ധി പ്ലസ് ഇൻഷ്വറൻസ്' പദ്ധതിക്ക് 6 കോടി രൂപ സംസ്ഥാനം മാറ്റിവച്ചിട്ടുണ്ട്. പലരും തുക മാറ്റിവച്ചിട്ടില്ലെന്നാണ് പറയുന്നത്. 'ക്ഷീര സാന്ത്വനം ഇൻഷ്വറൻസ്' പദ്ധതി കഴിഞ്ഞ തവണയും കൊണ്ടുവരണമെന്ന് വിചാരിച്ചെങ്കിലും പ്ലാനിംഗ് ബോർഡിന്റെ ചില പ്രശ്നങ്ങൾ കാരണം മാറ്റിവയ്ക്കേണ്ടിവന്നു. ആ പദ്ധതി നടപ്പാക്കാൻ വേണ്ടിയുള്ള പരമാവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. 'ക്ഷീര സാന്ത്വനം ഇൻഷ്വറൻസ്' പദ്ധതി ക്ഷേമനിധി വഴി ഇന്ന് നടപ്പാക്കുന്നുണ്ട്. പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ കേരളത്തിലെ മൂന്ന് മിൽമ മേഖലക്കാരെയും ഉൾപ്പെടുത്തി ഞങ്ങൾ യോഗം വിളിച്ചുചേർത്തിരുന്നു. ക്ഷേമനിധി ബോർഡിനെക്കൂടി ഒരുമിച്ച് ചേർത്തുകൊണ്ടാണ് മൂന്ന് കോടി രൂപ അതിനുവേണ്ടി നീക്കിവച്ചത്. ഇക്കാര്യങ്ങൾ ആവർത്തിച്ച് പറയാനുള്ള സമയമില്ല. ഇനിയും ധാരാളം ചർച്ചകൾ നടക്കാനുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, മിൽമ ജീവനക്കാരുടെ ശമ്പള കരാർ 2021-ൽ അവസാനിച്ചതാണ്. ആ കരാർ 09-05-2023-ന് ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി

അംഗീകരിച്ചതാണ്. 13 മാസം കഴിഞ്ഞിട്ടും സർക്കാർ അനുമതി നൽകാത്തതിനാൽ ഇതുവരെയും നടപ്പായിട്ടില്ല. സർക്കാരിന് ഒരു സാമ്പത്തിക ബാദ്ധ്യതയുമില്ലാത്ത ഇക്കാര്യത്തിൽ അടിയന്തരമായി അനുമതി നൽകാൻ അങ്ങ് തയ്യാറാകുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, വീണ്ടും ഇക്കാര്യങ്ങൾ പറയേണ്ടതുണ്ടോ; 2021 മുതലുള്ള ശമ്പള കരാറിന് അംഗീകാരം നൽകിയത് ഞാനുംകൂടി ചേർന്നാണ്. ഇതിൽ വലിയ രീതിയിലുള്ള തർക്കങ്ങളൊക്കെ വന്നതാണ്. ഒരു മന്ത്രിയെന്ന നിലയ്ക്ക് ഒരു ദിവസം മുഴുവൻ മിൽമയുടെ ചർച്ചയിൽ പങ്കെടുത്ത് അത് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പതിനെട്ട് ശതമാനം വർദ്ധനവോടെയാണ് മിൽമ ജീവനക്കാർക്ക് ശമ്പളം നൽകാൻ തീരുമാനമെടുത്തത്. അതുമാത്രമല്ല, അവർക്ക് 2021-മുതലുള്ള ശമ്പളം കൊടുക്കുകയാണ്. അത് കൊടുക്കുന്നതിൽ ബുദ്ധിമുട്ടില്ല. 60 ശതമാനം ആദ്യഘട്ടത്തിൽ കൊടുക്കാൻ തീരുമാനിച്ചു. നാൽപ്പത് ശതമാനം അംഗീകാരം കഴിഞ്ഞാലുടൻ നൽകുമെന്നതിൽ ഒരു മാറ്റവുമില്ല. അതിനായി മിൽമയുടെ ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. അതിൽ ഒരു തർക്കവുമില്ല. നമ്മുടെ രാജ്യത്ത് ഏറ്റവും

കൂടുതൽ പാൽ വില കൊടുക്കുന്ന സംസ്ഥാനം കേരളമാണെന്ന് എന്താണ് മനസ്സിലാക്കാത്തത്; ഇന്ത്യയിലാണ് ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്നത്. അതിൽ ഉല്പാദനക്ഷമതയുടെ കാര്യത്തിൽ കേരളമാണ് മൂന്നാം സ്ഥാനത്ത് നിൽക്കുന്നത്. ഒരു പശുവിൽനിന്നും ശരാശരി 10.12 ലിറ്റർ പാൽ ലഭിച്ചിരുന്നത് ഇപ്പോൾ 10.77 ആയി വർദ്ധിച്ചുവെന്നത് യാഥാർത്ഥ്യമാണ്. ഇത് ഞാനല്ല വിലയിരുത്തിയത്. എറണാകുളം ജില്ലയിൽ കഴിഞ്ഞ ദിവസത്തെ അന്തർദേശീയ സെമിനാറിലാണ് ഇക്കാര്യം പരാമർശിച്ചത്. മിൽമ വഴി ഒരു ലിറ്റർ പാലിന് ഇപ്പോൾ ശരാശരി 42 രൂപയാണ് കൊടുക്കുന്നത്. നമ്മുടെ കർഷകരെല്ലാം പാലുൽപാദിപ്പിക്കുന്നവരാണെങ്കിലും അതിന്റെ പകുതിയെങ്കിലും പുറത്തുള്ള വീടുകളിലാണ് കൊടുക്കുന്നത്. അവർക്ക് ഒരു ലിറ്റർ പാലിന് മിനിമം 60 രൂപവച്ച് ലഭിക്കുന്നുവെന്ന് കർഷകർതന്നെ സമ്മതിക്കുന്ന കാര്യമാണ്. അത് ഞങ്ങൾ വിലക്കിയിട്ടില്ല, അവർ അതുകൂടി നടത്തിക്കോട്ടെയെന്നാണ് തീരുമാനിച്ചത്. മിൽമ സംഭരിക്കുന്ന പാലിന്റെ വില്പനയിൽ ലഭിക്കുന്ന ലാഭവിഹിതത്തിന്റെ 80.5 ശതമാനവും കർഷകർക്കാണ് കൊടുക്കുന്നത്. അത് കൃത്യമായി പാലിന് സബ്സിഡിയായി കൊടുക്കുന്നു.

വേനൽക്കാലത്ത് ഒരു ലിറ്റർ പാലിന് 3 രൂപവച്ച് സബ്സിഡി നൽകുകയാണ് ചെയ്തത്. അത് എറണാകുളം, തിരുവനന്തപുരം എന്നീ മേഖലകൾ നൽകിക്കൊണ്ടിരിക്കുകയാണ്. കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകുന്നുണ്ട്. കേരളത്തിലെ പശുക്കൾക്ക് കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്നതിനായി കഴിക്കേണ്ട സൈലേജ് ഉൾപ്പടെയുള്ള കാര്യങ്ങൾ ഇന്ന് സബ്സിഡിയോടുകൂടി മിൽമ നൽകുന്നുണ്ട്. കേരളത്തിലെ പശുക്കൾക്കായി കൂടുതൽ സൈലേജ് സബ്സിഡിയോടുകൂടി ക്ഷീരകർഷകർക്ക് കൊടുക്കാനുള്ള പുതിയ പദ്ധതികൾ ഈ വർഷം കൊണ്ടുവരാൻ തീരുമാനമെടുത്തിട്ടുണ്ട്. ശ്രീ. അനൂപ് ജേക്കബ് പറഞ്ഞതുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, പുൽകൃഷി ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. എല്ലാ വർഷവും 2400 ഹെക്ടർ സ്ഥലത്ത് പുതുതായി പുൽകൃഷി ആരംഭിച്ചിട്ടുണ്ട്. അങ്ങനെയില്ലെന്ന് പറയുമ്പോഴും, പുൽകൃഷി വർദ്ധിപ്പിച്ചുവരികയാണ്. കേരളത്തിൽ സ്ഥലത്തിന്റെ കുറവുകാരണം പുൽകൃഷി ചെയ്യാൻ സ്ഥലം ലഭിക്കുന്നില്ല. സ്ഥലമുള്ള ഇടങ്ങളിൽ പുൽകൃഷി വ്യാപിപ്പിക്കാനുള്ള ശ്രമം നടത്തണം. പുൽകൃഷി നടത്തുന്ന കർഷകർക്ക് സബ്സിഡി ഉൾപ്പെടെ കൊടുത്തുകൊണ്ടാണ് അവരെ നിലനിർത്തുന്നത്. മീറ്റ്

പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടുവരികയാണ്. അതിന്റെ വർക്കിംഗ് കാപ്പിറ്റൽ ഫണ്ടിൽ കുറവ് വന്നതുമൂലമാണ് ഇടക്കാലത്ത് വിറ്റുവരവ് കുറഞ്ഞത്. എന്നാൽ, ഇപ്പോൾ ഇടയാറിലും പുനലൂരിലും രണ്ട് പുതിയ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. നൂറുദിന പരിപാടിയിൽ ഇത്തവണ 250 പുതിയ വിപണനശാലകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം, കഴിഞ്ഞ വർഷം മാർച്ച് മുതൽ ജൂൺ വരെയുള്ള മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ വിറ്റുവരവ് 193 ലക്ഷം രൂപയായിരുന്നു. എന്നാൽ മാർച്ച് മുതൽ ജൂൺ വരെയുള്ള വിറ്റുവരവ് 241 ലക്ഷം രൂപയാണ്. ഏകദേശം 50 ലക്ഷം രൂപയുടെ വർദ്ധനവാണ് അവർക്ക് ഇപ്പോൾ വന്നിട്ടുള്ളത്. മൂന്ന് മാസത്തെ വില്പനയിൽ മാത്രമാണ് ഇത്രയധികം വർദ്ധനവ് വന്നത്. എല്ലാ പ്ലാന്റുകളുടേയും പ്രവർത്തനം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം പ്രവർത്തനമൂലധനത്തിനുള്ള സാമ്പത്തിക സഹായമായി പന്ത്രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം, കേരളത്തിൽ മിൽമ പൗഡർ ഫാക്ടറി വന്ന കാര്യം ശ്രീ. ലിന്റോ ജോസഫ് അറിഞ്ഞിട്ടില്ലെന്നാണ് തോന്നുന്നത്. അതിന്റെ ഉദ്ഘാടനം ഒന്നുരണ്ടു മാസത്തിനകം നടക്കും. 132 കോടി രൂപയുടെ ഒരു പദ്ധതിയാണ്

ഇപ്പോൾ പൂർത്തീകരിക്കാൻ പോകുന്നത്. ഈ വർഷം ഡിസംബർ മാസത്തിനുമുമ്പ് തന്നെ പ്രിയങ്കരനായ മുഖ്യമന്ത്രി ഉദ്ഘാടനം നടത്തും. മിൽമയുടെ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുകയാണ്. പാൽ എത്രകിട്ടിയാലും ഏതെങ്കിലും രീതിയിൽ വിനിയോഗിക്കാൻ കഴിയും. പാൽ അധികം വന്നാൽ പാൽപ്പൊടിയാക്കാൻ സാധിക്കും. പാലുപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ധാരാളമായി ഉണ്ടാക്കുകയാണ്. കേരളത്തിൽ മിൽമയുടെ നാൽപ്പതിലധികം ഐസ്ക്രീമുകളാണുള്ളത്.

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ, നിയമനിർമ്മാണം ഉൾപ്പെടെ ചർച്ച ചെയ്യേണ്ടതുണ്ട്.

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, ഞാൻ ചുരുക്കാം. മിൽമയുടെ എത്ര ഉല്പന്നങ്ങളുണ്ടെങ്കിലും അത് വിപണനം ചെയ്യാനുള്ള സംവിധാനം ഇന്ന് കേരളത്തിലുണ്ട്. ഇന്ന് മറ്റ് രാജ്യങ്ങളിലേയ്ക്ക് മിൽമയുടെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുകയും ചെയ്യുന്നുണ്ട്.

പന്നി കർഷകർക്ക് നഷ്ടപരിഹാരമായി 5.18 കോടി രൂപയാണ് സർക്കാർ കൊടുത്തത്. ഈ രോഗത്തിന് 50:50 ശതമാനം

നഷ്ടപരിഹാരമാണ് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് നൽകുന്നത്. മൃഗാശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുന്നതിനായി കേരളത്തിൽ മൃഗസംരക്ഷണ വകുപ്പിന് പദ്ധതിവിഹിതമായി ലഭിക്കുന്ന തുകയുപയോഗിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി മരുന്നുവാങ്ങി എല്ലാ മൃഗാശുപത്രികളിലും എത്തിക്കുന്നു. ഇതുകൂടാതെ തദ്ദേശസ്വയംഭരണ വകുപ്പും പദ്ധതികൾ തയ്യാറാക്കി കൂടുതൽ മരുന്നുകൾ മൃഗാശുപത്രികളിലേയ്ക്ക് എത്തിക്കുന്നുണ്ട്.

കേരളത്തിന്റെ പൊതുമേഖലയിൽ രണ്ട് കാലിത്തീറ്റ ഉൽപ്പാദന സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. കാലിത്തീറ്റകൾക്ക് വലിയ വിലയാണെന്നാണ് ഇവിടെ പറഞ്ഞത്. പൊതുമേഖലയിലെ മറ്റ് സ്ഥാപനങ്ങൾ വിൽക്കുന്ന കാലിത്തീറ്റകളേക്കാൾ വളരെ കുറഞ്ഞനിരക്കിലാണ് കേരളാ ഫീഡ്സും മിൽമയും കാലിത്തീറ്റ വിൽക്കുന്നത്. ഇത്തവണ കേരളാ ഫീഡ്സ് ഓരോ ചാക്ക് കാലിത്തീറ്റയ്ക്കും 50 രൂപയും മിൽമയുടെ മലബാർ യൂണിയൻ ഒരു ചാക്കിന് 250 രൂപയും തിരുവനന്തപുരം യൂണിയൻ ചാക്കൊന്നിന് 100 രൂപയും കുറച്ച് വില കൊടുക്കുന്നുണ്ട്. അതെല്ലാം ഇപ്പോൾ പ്രാവർത്തികമായി കഴിഞ്ഞു.

ഈ വർഷം കന്നുകുട്ടി പരിപാലന പദ്ധതിയിൽ അനുവദിച്ച 42 കോടി രൂപയിൽ 23 കോടിയോളം രൂപ പുതുതായി വരിചേർക്കുന്ന കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ നൽകാനുള്ളതാണ്. അതിനുള്ള ഭരണാനുമതിയും ലഭ്യമായിട്ടുണ്ട്.

തിരുവിഴാംകുന്ന് ഏവിയൻ സയൻസസ് കോളേജിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. അവിടെ ബിരുദ കോഴ്സിന് കുറെ കുട്ടികൾ പഠിക്കുന്നുണ്ട്. വനിതാ ഹോസ്റ്റൽ അവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യമില്ല. അത് സ്ഥാപിക്കാനുള്ള നടപടികൾ എത്രയുംവേഗം ആരംഭിക്കും. അടുത്ത പദ്ധതിയിൽതന്നെ കോളേജിൽ അത് സ്ഥാപിക്കാനുള്ള തീരുമാനമെടുക്കും. അവിടെ നമ്മുടെ സ്ഥലം ഏറ്റെടുത്ത വകയിൽ കുറച്ച് പണം ലഭിച്ചിട്ടുണ്ട്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കാസർഗോഡ് ജില്ലയിൽ ഒരു പദ്ധതി നടപ്പാക്കുന്നതിനായി ഒന്നുരണ്ടുതവണ യോഗം ചേർന്ന് തീരുമാനമെടുത്തെങ്കിലും നടപ്പിലായില്ല. ആയത് നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, അതിന് ആവശ്യമായ സഹായം ചെയ്യാം. വേനൽച്ചൂട് സമയത്ത് ക്ഷീര കർഷകരെ സഹായിക്കുന്നില്ലെന്ന് ഇവിടെ ചില അംഗങ്ങൾ പറഞ്ഞു. ആ സമയത്ത് കേരളത്തിലെ എല്ലാ ജില്ലകളിലെയും ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയും കേരളത്തിലെ പശുക്കളുടെ കണക്കെടുക്കുകയും ചെയ്തിരുന്നു. 496 പശുക്കളാണ് വേനൽച്ചൂടിൽ മരണപ്പെട്ടത്. വേനൽച്ചൂടിൽ മരണപ്പെട്ട പശുക്കൾക്കുള്ള ആനുകൂല്യമുൾപ്പെടെ നൽകുന്നതിനായി റവന്യൂ വകുപ്പ് ദുരന്തനിവാരണ ഫണ്ടിൽനിന്നും 1,98,24,800/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. അത് ഉപയോഗിക്കും.

കേരളത്തിൽ 11587 കന്നുകുട്ടികൾക്ക് ചർമ്മ മുഴ വന്നതിനെത്തുടർന്ന് 294 എണ്ണം മരണപ്പെട്ടു. ഈ ഇനത്തിൽ 1.27 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇനിയും അത് ലഭിക്കാത്തവരുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ സഹിതം കൊണ്ടുവന്നാൽ ആയത് നൽകുന്നതിന് സാധിക്കും. കുളമ്പു രോഗത്തിനുള്ള വാക്സിൻ കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്നമുറയ്ക്ക് 6 മാസം കൂടുമ്പോൾ അത് വളരെ കൃത്യതയോടെ നൽകുന്നുണ്ട്. കുളമ്പുരോഗത്തിന്റെ

നാലാംഘട്ട വാക്സിനേഷൻ ഈ മാസം മുതൽ ആരംഭിക്കാൻ പോകുകയാണ്. ബ്രൂസല്ലോസിസ് രോഗത്തിനെതിരെയും ആവശ്യമായ വാക്സിൻ കൊടുക്കുന്നുണ്ട്.

ഇപ്പോൾ പ്രധാനമായും കണ്ടുവരുന്നത് പക്ഷിപ്പനിയാണ്. കേരളത്തിൽ പക്ഷിപ്പനിയിലൂടെ വളരെയധികം പ്രശ്നങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.-മാരെ അറിയിക്കണമെന്ന് തീരുമാനിച്ചു. ആലപ്പുഴയിലാണ് പക്ഷിപ്പനിമൂലം ഏറ്റവും കൂടുതൽ പക്ഷികളെ കൊന്നൊടുക്കിയിരിക്കുന്നത്. ആലപ്പുഴയിൽ 85297 പക്ഷികളും കോട്ടയത്ത് 22202 പക്ഷികളും പത്തനംതിട്ടയിൽ 7290 പക്ഷികളുമുൾപ്പെടെ ആകെ 1147089 പക്ഷികളെ കൊന്നൊടുക്കി. ആലപ്പുഴ ജില്ല മുഴുവൻ പക്ഷിപ്പനി വ്യാപിച്ചുകഴിഞ്ഞു. മൃഗസംരക്ഷവകുപ്പിന്റെ ദ്രുതകർമ്മസേനയുൾപ്പെടെ നല്ല പ്രവർത്തനം നടത്തിയെങ്കിലും ഇപ്പോൾ ആകാശത്തുകൂടി പറക്കുന്ന പ്രാവിനും കാക്കയ്ക്കും മയിലിനും ഏറ്റവും അവസാനം കൊക്കിനും പക്ഷിപ്പനി വന്നു. ഈ നാല് പക്ഷികളെയും പരിശോധനയ്ക്കായി ഭോപ്പാലിൽ അയച്ചു. അതിന്റെ റിസൾട്ട് വന്നപ്പോൾ അവയ്ക്കെല്ലാം പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പ്രശ്നം എത്രയുംവേഗം പരിഹരിക്കപ്പെടണം. കോട്ടയം,

പത്തനംതിട്ട എന്നീ ജില്ലകളിലെ ഒരോ താലൂക്കുകളിൽ ഇപ്പോൾ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാനുള്ള സംവിധാനം ചെയ്തിരിക്കുകയാണ്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്തെഴുതിയിട്ടുണ്ട്. അവരുടെ മറുപടി ലഭിക്കുന്നമുറയ്ക്ക് ഇക്കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കാൻ കഴിയും.

'മിൽമ' വളരെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ആ സ്ഥാപനത്തിന്റെ വരുമാനത്തിന്റെ ഭൂരിപക്ഷവും കൊടുക്കുന്നത് ക്ഷീരകർഷകർക്കാണ്. പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത വേണം. ഞാൻ കഴിഞ്ഞ ഒരു വർഷമായി ഇത് കൊണ്ടുവരാൻ ശ്രമിക്കുന്നു; അതിനായി സബ്സിഡി കൊടുക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾ പാലിന് 3 രൂപ സബ്സിഡി ഇന്നും കൊടുക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ, ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ പോയി അവിടെ പദ്ധതി വച്ചിട്ടുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്തിരുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ

വകുപ്പുമന്ത്രിയും ഒരു കത്ത് നൽകിയിട്ടുണ്ട്. അതുകൊണ്ട് മിക്കവാറും എല്ലാ പഞ്ചായത്തുകളും കൃത്യമായി എല്ലാമാസവും തുക കൊടുക്കുന്നുണ്ട്. ഇല്ലാത്തവരെ ഞങ്ങൾ കണ്ടെത്തും. ക്ഷീരവികസന വകുപ്പ് ഒരു രൂപയായിരുന്നു ആദ്യം സബ്സിഡി കൊടുക്കാൻ തീരുമാനിച്ചിരുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് അന്ന് പദ്ധതി പാസാക്കാത്തതുകൊണ്ടാണ് അങ്ങനെ തീരുമാനിച്ചത്. പക്ഷേ ഒരാൾക്ക് രണ്ടര ലക്ഷവും രണ്ട് ലക്ഷവും ഒരു ലക്ഷവുമൊക്കെ വച്ച് കൊടുത്തു. 40 ശതമാനത്തിന്റെ പരിധിയെക്കുറിച്ച് ചില അംഗങ്ങൾ ഇവിടെ പരാമർശിച്ചു. അത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിലായതിനാൽ ബഹുമാനപ്പെട്ട മന്ത്രിയെക്കൊണ്ട് എന്തെങ്കിലും ഇളവ് വരുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കാം. ഇത്തവണ കൂടുതൽ പാൽ ഉൽപാദിപ്പിക്കാൻ വേണ്ടി, തദ്ദേശസ്വയംഭരണ വകുപ്പ് 40 ഗ്രാമപഞ്ചായത്തുകളിൽ പതിനായിരക്കണക്കിന് പശുക്കളെ കൊടുക്കാനുള്ള പുതിയ പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള ശ്രമമാണ്. മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയിൽ 5 പശുക്കൾ, 10 പശുക്കൾ, 20 പശുക്കൾ എന്നിങ്ങനെയുള്ള പശുക്കളുടെ യൂണിറ്റുകളുണ്ട്. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഒരു പശു 90

ശതമാനം സബ്സിഡിയിൽ കൊടുക്കുന്നു. വെറ്ററിനറി യൂണിവേഴ്സിറ്റി നിരവധിയായ പദ്ധതികൾ നടപ്പിലാക്കി നല്ല മാറ്റങ്ങൾ കൊണ്ടുവരികയാണ്.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ. സൂചിപ്പിച്ചതുപോലെ കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, ആശ്രയ പദ്ധതി എന്നിങ്ങനെ മുട്ടയുല്പാദനത്തിന് പുതിയ പദ്ധതികൾ കെപ്കോ കേരളത്തിൽ കൊണ്ടുവരുന്നുണ്ട്. അത് എല്ലാ ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കിക്കൊണ്ട് പരമാവധി മുട്ടയുല്പാദനം നടത്തും. കേരള ചിക്കൻ പദ്ധതി വിപുലമായ നിലയിൽ കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും സർക്കാർ ഏറ്റെടുത്തുകഴിഞ്ഞു. സമയക്കുറവുമൂലം ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥന അനുവദിച്ചുനൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ സഭയിൽ സാധാരണ വളരെക്കുറച്ച് സംസാരിക്കുന്ന ആളായതിനാൽ എന്നെ വല്ലാതെ നിയന്ത്രിക്കരുതെന്ന് അങ്ങയോട് ദയവായി അപേക്ഷിക്കുന്നു. കേരളത്തിൽ ഒരു വനം വകുപ്പുണ്ടെന്ന് ജനപ്രതിനിധികൾക്ക് ഇന്നാണ്

തോന്നിയത്. അത് നല്ല കാര്യം. വനം വകുപ്പ് ഒരു ചർച്ചാ വിഷയമേ ആകാറില്ലെന്ന കാര്യം വർഷങ്ങളായി നിയമസഭയിലിരുന്ന എനിക്കും മറ്റെല്ലാവർക്കും അറിയാം. അത് ആ പ്രവർത്തനത്തിന്റെ മേന്മ കൊണ്ടാണോ മേന്മ കുറവുകൊണ്ടാണോ എന്നെല്ലാം നിങ്ങൾ വിലയിരുത്തുക. അതാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

വന്യജീവി ആക്രമണം ഒരു യാഥാർത്ഥ്യമാണ്. അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ചോദ്യോത്തര വേളയിലും സബ്മിഷനിലും അടിയന്തരപ്രമേയത്തിലും ഈ നിയമസഭയിൽ പലപ്പോഴായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഇവിടെ പരിഹാരമാർഗ്ഗമായി നിർദ്ദേശിക്കപ്പെട്ടത് എന്താണ്; ഈ സഭ നിർദ്ദേശിച്ച ഏതെങ്കിലും ഒരു കാര്യം ഞാൻ നിരാകരിക്കുകയോ ചെയ്യാതിരിക്കുകയോ ചെയ്തിട്ടുണ്ടോ? ...... ക്ഷമിക്ക് ശ്രീ. എം. വിൻസെന്റേ, ഞാൻ പറഞ്ഞു തുടങ്ങിയിട്ടേയുള്ളൂ. നിങ്ങൾ പ്രകോപിപ്പിച്ചാലും ഞാൻ അങ്ങോട്ട് പ്രകോപിപ്പിക്കില്ല. വന്യജീവി ആക്രമണം തടയാൻ എന്താണ് മാർഗ്ഗം? ഇവിടെ സംസാരിച്ചവർ പറയുന്നത് കേട്ടപ്പോൾ തോന്നി, വെടിവച്ചു കൊല്ലാൻ അനുവാദം കിട്ടിയാൽ ഈ പ്രശ്നം

പരിഹരിക്കുമെന്നാണ്. അത്രത്തോളം ആകാമോയെന്ന് സാവധാനം ആലോചിക്കു. നമ്മളിവിടെ ചർച്ച ചെയ്തപ്പോൾ പറഞ്ഞത് പ്രതിരോധ പ്രവർത്തനങ്ങൾ ഏർപ്പെടുത്തണമെന്നാണ്. പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള മലയോരമേഖലയിലെ എം.എൽ.എ.-മാർ എനിക്ക് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ മതിൽ കെട്ടണം, ട്രഞ്ച് കുഴിക്കണം, സോളാർ ഫെൻസിംഗ് സ്ഥാപിക്കണം, തൂക്കുവേലികൾ കെട്ടണം, റെയിൽ ഫെൻസിംഗ് സ്ഥാപിക്കണം, ആർ.ആർ.ടി.-കൾ സ്ഥാപിക്കണം എന്നെല്ലാമാണ് പറഞ്ഞിട്ടുള്ളത്. രണ്ടുതരം മാർഗ്ഗങ്ങളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാനുള്ളത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ ഒരു ചർച്ചയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഒന്ന് പ്രതിരോധ പ്രവർത്തനങ്ങൾ, രണ്ട് ശാശ്വതമായ പരിഹാരം. ഇപ്പോൾ നടത്തുന്നത് പ്രതിരോധ പ്രവർത്തനങ്ങളാണ്. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ. സൂചിപ്പിച്ചതുപോലെ ആ പരീക്ഷണങ്ങളൊന്നും വിജയിക്കുന്നില്ല. പരീക്ഷണങ്ങൾ നമ്മൾ എന്തുകൊണ്ടാണ് നടത്തിയത്; നമ്മുടെ കയ്യിൽ വേറെ

മാതൃകയില്ലായിരുന്നു. ഒരു മാതൃകയും ആരും ഇതുവരെയും നിർദേശിക്കപ്പെട്ടിട്ടുമുണ്ടായിരുന്നില്ല. ആ മാതൃകകൾ പരീക്ഷിച്ചു. ഏറ്റവും ഒടുവിൽ വയനാട്ടിൽ എ.ഐ. സംവിധാനം ഉപയോഗിച്ചുകൊണ്ടുള്ള ഒരു പരീക്ഷണം 70 മീറ്റർ ദൂരത്തിൽ നടത്തുന്നുണ്ട്. അത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമാണ്. അത് വിജയിക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ വിജയിക്കുകയാണെങ്കിൽ കേരളത്തിലെ ഹോട്ട്സ്പോട്ടുകളായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലെല്ലാം ഈ സാമ്പത്തിക വർഷത്തിലെയും അടുത്ത സാമ്പത്തിക വർഷത്തിലെയും സാമ്പത്തിക ധനസ്ഥിതി പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇതിന്റെ പ്രധാന്യം ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തിലെ വന്യജീവി ആക്രമണം ഒരു സവിശേഷ സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്മളെ അറിയിച്ചത്. അതിന്റെ ഫലമായി ഏകോപനം കൂടുതൽ ശക്തിപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥർ കഷ്ടപ്പെടുന്നുവെന്ന് ഇവിടെ സംസാരിച്ച ഇരിക്കൂർ എം.എൽ.എ. ശ്രീ. സജീവ് ജോസഫ് പറഞ്ഞു.

മുമ്പ് അങ്ങനെയായിരുന്നോ; വനം വകുപ്പിലെ ഉദ്യോഗസ്ഥരെ കണ്ടുകിട്ടണമെങ്കിൽ മഷിയിട്ട് നോക്കണമായിരുന്നു. ഇപ്പോൾ സംഭവസ്ഥലത്ത് അവർ എത്തുന്നില്ലേ; വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയയ്ക്കാനുള്ള ശ്രമങ്ങളിൽ അവർ ഏർപ്പെടുന്നില്ലേ; ഏതെങ്കിലും സ്ഥലത്ത് അത് നടക്കുന്നില്ലെന്ന് ചൂണ്ടിക്കാണിച്ചാൽ അത് നടത്തിക്കാൻ എന്തുനടപടിവേണമെങ്കിലും സ്വീകരിക്കും.

സംസ്ഥാനത്തിന് സാമ്പത്തിക ഞെരുക്കമുണ്ട്. അതെല്ലാവർക്കും അറിയാവുന്ന കാര്യവുമാണ്. ആ സാമ്പത്തിക ഞെരുക്കം വനം വകുപ്പിനെയും ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും വലിയൊരു വെട്ടിക്കുറവാണ് ഈ വർഷത്തെ പദ്ധതി വിഹിതത്തിൽ ഉണ്ടായിട്ടുള്ളത്. അതേസമയം വന്യജീവി ആക്രമണത്തിൽ ഗുരുതരമായി പരിക്കേൽക്കുന്നവർക്കും മരണപ്പെട്ടവർക്കും സഹായധനം നൽകുന്നതിനുവേണ്ടിയുള്ള സംഖ്യ 40 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ പരിമിതികൾക്കിടയിലും ഈ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയാണ് സംസ്ഥാന സർക്കാർ അങ്ങനെ ചെയ്തിട്ടുള്ളത്. മരണപ്പെട്ട ധാരാളം പേരുടെ

കുടുംബങ്ങൾക്ക് കാശ് കൊടുക്കാൻ ബാക്കിയുണ്ടെന്ന് ഇവിടെ പറഞ്ഞു. അതുസംബന്ധിച്ച് എനിക്കറിയില്ല, അങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കാം. അതത് സമയത്ത് ഇപ്പോൾ സഹായധനം കൊടുക്കുകയാണ്. പക്ഷേ അതിൽ ഒരു വ്യവസ്ഥയുണ്ട്. പിന്തുടർച്ചാവകാശം സംബന്ധിച്ച ഔദ്യോഗിക രേഖ ഹാജരാക്കിയാൽ മാത്രമെ രണ്ടാം ഗഡു കൊടുക്കാൻ സാധിക്കുകയുള്ളൂ. അത് ഉദാരമനസ്സുള്ളതുകൊണ്ടല്ല, നിയമപരമായി നാളെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടാണ്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായധനം നൽകുന്ന കാര്യത്തിൽ കാലതാമസമുണ്ടാകുന്നില്ലെന്നതാണ് യാഥാർത്ഥ്യം. അത് ദയവായി മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം)-കൾ വേണമെന്ന് ആവശ്യപ്പെട്ടു. ഇവിടെ ഇരുവശത്തും ഇരിക്കുന്നവർക്കറിയാം. 2019 മുതൽ 22 ആർ.ആർ.ടി.-കൾ അനുവദിക്കണമെന്ന പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലായിരുന്നു...... എന്നെ ഇതിന് കൊള്ളില്ലായിരിക്കാം. ഞാൻ അത്രയേ അതിനെപ്പറ്റി പറയുന്നുള്ളൂ....... ഇപ്പോഴാണ് 7 എണ്ണം അനുവദിച്ചത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടൽമൂലമാണ് ധനകാര്യ വകുപ്പുമന്ത്രി ഈ പരിമിതിക്കിടയിലും അത് അനുവദിച്ചത്. കാസർഗോഡ് ജില്ലയിൽ ആർ.ആർ.ടി. ഇല്ലെന്ന് പറഞ്ഞു. അത് ശരിയാണ്. 14 ജില്ലകളുള്ള ഒരു സംസ്ഥാനത്ത് 9 എണ്ണം അനുവദിച്ചാൽ എല്ലാ ജില്ലയിലും എത്തിക്കാൻ സാധിക്കില്ലെന്ന് നമുക്കെല്ലാവർക്കും അറിയാവുന്ന കണക്കാണ്. എന്നാലും അവരുടെ ആവശ്യം ന്യായമാണ്. കാരണം ഹോട്ട്സ്പോട്ടുകളായി പ്രഖ്യാപിച്ച ഒന്നാണ് കാസർഗോഡ് ജില്ല. അവിടെ ആർ.ആർ.ടി. വേണമെന്നത് ന്യായമായ ആവശ്യമാണ്. ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ.യും തൃക്കരിപ്പൂർ എം.എൽ.എ.യും അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഒരു സ്പെഷ്യൽ ആർ.ആർ.ടി.-യെ രൂപീകരിച്ച് കാസർഗോഡ് ജില്ലയുടെ പരാതികൾ തീർക്കാനുള്ള ശ്രമങ്ങൾ നടത്താനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതാണ് അക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്. ഇതിനകം 66 വന്യജീവികളെയാണ് പിടികൂടി പുനരധിവസിപ്പിച്ചിട്ടുള്ളത്. അങ്ങനെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് കോട്ടൂരിൽ ആന പരിപാലന കേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. ഒരു

ലോകോത്തര നിലവാരമുള്ള ആന പരിപാലന കേന്ദ്രമായി അത് മാറും. ഏതാനും മാസങ്ങൾക്കകം അതിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്യാൻ സാധിക്കും. അതുപോലെ തന്നെയാണ് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലെ പുത്തൂരിൽ സുവോളജിക്കൽ പാർക്ക് വരാൻ പോകുന്നത്. 2024 അവസാനിക്കുമ്പോഴേയ്ക്കും ഇന്ത്യയിലെതന്നെ ഏറ്റവും മാതൃകാപരമായ, എടുത്തുപറയത്തക്ക, വൈപുല്യമുള്ള സുവോളജിക്കൽ പാർക്കായി അത് മാറുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. അതും ഈ വർഷംതന്നെ പ്രവർത്തനമാരംഭിക്കും. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴി ഭാഗത്ത് ഒരു സഫാരി പാർക്ക് ഉണ്ടാക്കുമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി മുന്നോട്ടുപോകാനാണ് ആലോചിക്കുന്നത്. വന്യജീവികളുടെ സാന്നിധ്യത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകുന്നതിനെക്കുറിച്ചാണ് ഇവിടെ ഒരു പരാമർശം ഉണ്ടായിട്ടുള്ളത്. ഏർളി വാണിംഗ് സിസ്റ്റം എല്ലാ ഡിവിഷനുകളിലും സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. വന്യജീവി സാന്നിധ്യം അറിയിക്കുന്നതിന് ഏർളി

വാണിംഗ് സിസ്റ്റം, വാട്സ് ആപ്പ് ഗ്രൂപ്പ് മുഖേന സജ്ജമാക്കിയിട്ടുണ്ട്. അതുപോലെ Animal Intrusion Detection and Repellent System പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. അതുപോലെ വനമേഖലയെ ശ്രദ്ധിക്കുന്നതിനുവേണ്ടി നിലവിലുള്ള 261 ജനജാഗ്രതാ സമിതികളെ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. വന സൗഹൃദ സദസ്സിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ആ സദസ്സിൽ ഉന്നയിച്ച എല്ലാകാര്യങ്ങളും പരിഹരിക്കാൻ സാധിച്ചുവെന്ന് ഞാൻ അവകാശപ്പെടുന്നില്ലെങ്കിലും, വന സൗഹൃദ സദസ്സിൽ ലഭിച്ച 80 ശതമാനം പരാതികൾക്കും പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ 252 പഞ്ചായത്തുകളിലുൾപ്പെടുന്ന 52 നിയോജകമണ്ഡലങ്ങളിലാണിത് നടന്നത്. ആകെ 4797 പരാതികൾ ലഭ്യമായതിൽ 4311 പരാതികൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അത് ദയവായി ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം. വനം വകുപ്പ് ഉദ്യോഗസ്ഥരും ജനങ്ങളും തമ്മിൽ വേണ്ടത്ര സമ്പർക്കമില്ലായിരുന്നുവെന്ന യാഥാർത്ഥ്യം ഈ ചർച്ചകളിലൂടെ

മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനസൗഹൃദ വകുപ്പാക്കി ഈ വകുപ്പിനെ മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമായാണ് അങ്ങനെ ചെയ്തിട്ടുള്ളത്. മാറ്റം തുടങ്ങിയിട്ടുണ്ടെന്നേ ഞാൻ പറയൂ. ആ മാറ്റം പൂർത്തിയാക്കാൻ ഞങ്ങൾ ശ്രമിക്കുകതന്നെ ചെയ്യും.

കോമ്പൻസേഷനായി ഈ വർഷം, 20-06-2024 വരെ 3152 കേസുകളിലായി 5,45,00,000/- രൂപ സഹായധനമായി നൽകി കഴിഞ്ഞിട്ടുണ്ട്. അടുത്തവർഷവും 21.79 കോടി രൂപ കോമ്പൻസേഷൻ ഇനത്തിൽ നൽകാനുള്ള തയ്യാറെടുപ്പുകളാണ് നടത്തുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവർക്ക് ഇപ്പോൾ പത്തുലക്ഷം രൂപയാണ് നൽകുന്നത്. ആ തുക പൂർണ്ണമായും കേന്ദ്ര സർക്കാരാണ് കൊടുക്കുന്നതെന്നാണ് കേന്ദ്ര മന്ത്രി പറഞ്ഞത്. കേന്ദ്രസർക്കാരാണോ മുഴുവൻ തുക കൊടുക്കുന്നതെന്ന് അങ്ങാണ് പറയേണ്ടത്. കേന്ദ്ര സർക്കാരാണ് പത്തുലക്ഷം രൂപ കൊടുക്കുന്നതെങ്കിൽ നമ്മുടെ അയൽ സംസ്ഥാനങ്ങളിലുള്ളതുപോലെ,

സംസ്ഥാനത്തിന്റെ ഭാഗമായി അഞ്ചുലക്ഷം രൂപകൂടി നഷ്ടപരിഹാരം കൊടുത്ത് അത് വർദ്ധിപ്പിക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇക്കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുണ്ട്. കേരളം പത്തുലക്ഷം രൂപയാണ് നേരത്തേ തീരുമാനിച്ചിരുന്നത്. കർണാടക- 15 ലക്ഷം രൂപ, തമിഴ്നാട്-5 ലക്ഷം രൂപ, മഹാരാഷ്ട്രയും ഗുജറാത്തും 20 ലക്ഷം രൂപ, അങ്ങനെ എത്രയാണ് സഹായധനമായി നൽകേണ്ടതെന്ന് ഓരോ സംസ്ഥാനങ്ങളും തീരുമാനിച്ചു. എന്നാൽ കഴിഞ്ഞ തിരഞ്ഞെടുപ്പ് ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി വയനാട്ടിൽ വന്നിരുന്നു. തിരഞ്ഞെടുപ്പിന് മുമ്പുവന്നത് രാജ്യം നന്നാക്കാനുള്ള സദുദ്ദേശ്യം മാത്രമായിരിക്കില്ലല്ലോ? അത് നമുക്കെല്ലാവർക്കുമറിയാം. അതിൽ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടാകും. കേന്ദ്ര സർക്കാരാണ് ഈ പണം കൊടുക്കുന്നതെന്ന് അദ്ദേഹം അവിടെ വച്ച് പറഞ്ഞു. പത്തുലക്ഷം രൂപ വരെ കൊടുക്കണമെന്നാണ് പറയുന്നത്. തിരഞ്ഞെടുപ്പിന് ഒരുമാസം മുമ്പ്, 2024 രണ്ടാം മാസം, ഒരു ലെറ്റർ ഓഫ് മെമ്മൊറാണ്ടം കേരളത്തിന് ലഭിച്ചിരുന്നു. അദ്ദേഹം അവിടെ വന്നതിന്റെ തലേദിവസം ഒരു

ഉത്തരവിറക്കിയിരുന്നു. 'സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് പത്തുലക്ഷം രൂപ വരെ കൊടുക്കാവുന്നതാണ്...' എന്നായിരുന്നു അതിൽ പറയുന്നത്. അതൊരു ഉപദേശമാണ്. എന്നാൽ അതിലൊരു വസ്തുതയുമുണ്ട്. കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളാണ് നമ്മൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ആ പ്രോജക്ടുകളിൽ കേന്ദ്ര ഗവൺമെന്റിന് പങ്കാളിത്തമുണ്ട്. ഓരോ പ്രോജക്ടിലും 8, 9, 12 എന്നിങ്ങനെ മൂന്ന് കമ്പോണന്റുകളാണുള്ളത്. ആ കമ്പോണന്റുകളിൽ ഒന്നുമാത്രമാണ് ഈ പറഞ്ഞ കേന്ദ്ര സഹായം. കഴിഞ്ഞവർഷം വിവിധ പ്രോജക്ടുകളിലെ ഒന്നുമാത്രമെടുത്ത് കൂട്ടിനോക്കിയാൽ 1.71 കോടി രൂപയാണ് ആ ഇനത്തിൽ സംസ്ഥാനത്തിന് കിട്ടിയിട്ടുള്ളത്. നമുക്കങ്ങനെ നൽകുന്നുണ്ടെങ്കിൽ കണക്കുകൂട്ടി ഇത്ര തുക തരണമെന്ന് ആവശ്യപ്പെട്ടുകൂടേ എന്നിവിടെ ചോദിച്ചു. തീർച്ചയായും ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ അവർ തരുന്നുണ്ടെങ്കിൽ 27 കോടി രൂപ നമുക്ക് കിട്ടാനുണ്ട്. അത് കിട്ടാനുള്ള ശ്രമങ്ങൾ ഞങ്ങൾ നടത്തുന്നുണ്ട്. കിട്ടുമോയെന്ന് പറയാൻ സാധിക്കില്ല. ശ്രമിക്കാനേ കഴിയൂ. കേന്ദ്രസർക്കാർ ആ വാദം ഉന്നയിച്ച സ്ഥിതിക്ക്, അവരാണത്

നൽകുന്നതെങ്കിൽ 27 കോടി രൂപയിലധികം കിട്ടാനുണ്ട്. അതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതാണ് വസ്തുത. കഴിഞ്ഞ ചോദ്യോത്തര വേളയിൽ ഒരുദിവസം ഞാനിത് വ്യക്തമാക്കിയതാണ്. ബഹുമാനപ്പെട്ട അംഗം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞാൽ ഞാൻ നിസ്സഹായനാണ്. എനിക്ക് അങ്ങനെ നിങ്ങളോട് വഴക്കുകൂടാൻ സാധിക്കില്ല.

ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോൺ നല്ല മൂർച്ചയുള്ള പ്രസംഗമാണ് ഇന്നിവിടെ നടത്തിയത്. നന്നായി, അങ്ങനെതന്നെയാണ് വേണ്ടത്. പ്രതിപക്ഷത്തിരിക്കുമ്പോൾ അങ്ങനെ ചുണക്കുട്ടികളെപ്പോലെ പ്രസംഗിക്കണം. മുമ്പ് ഞാനും അങ്ങനെ തന്നെയായിരുന്നു. വാക്കുകൾ കുറച്ച് സൂക്ഷിച്ച് ഉപയോഗിക്കുന്നതാണ് നല്ലതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എല്ലാവരേയും ഉപദേശിച്ചിട്ടുണ്ട്. ആ ഉപദേശം ശ്രീ. റോജി എം. ജോൺ കേട്ടില്ലെന്ന് തോന്നുന്നു. ഞാൻ സ്ഥാനമൊഴിയുന്നതാണ് നല്ലതെന്ന് ബഹുമാനപ്പെട്ട ഇരിക്കൂർ എം.എൽ.എ. പറഞ്ഞു. ഞാൻ സ്ഥാനമൊഴിഞ്ഞാൽ പരിഹരിക്കപ്പെടുന്ന പ്രശ്നമാണോ വന്യജീവി സംഘർഷം?

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, വഴങ്ങുമോ? (മൈക്ക് ഓഫ്..)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഞാൻ എല്ലാവരോടും സ്നേഹപൂർവ്വമാണ് സംസാരിച്ചത്. സമയത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇപ്പോൾതന്നെ കുറച്ച് കൺസെഷൻ നൽകിക്കഴിഞ്ഞു.

രാജിവച്ചും വെടിവച്ചും പരിഹരിക്കാൻ കഴിയുന്നൊരു പ്രശ്നമല്ലായിതെന്ന് ദയവായി മനസ്സിലാക്കുക. ചില കാര്യങ്ങൾ ഇവിടെ ചെയ്യണമെന്ന് അദ്ദേഹംതന്നെ പറഞ്ഞു. അപ്രകാരം ചെയ്യണമെങ്കിൽ കേന്ദ്രനിയമത്തിൽ മാറ്റം ആവശ്യമാണ്. അതിനാവശ്യമായ നിവേദനങ്ങളും മെമ്മോറാണ്ടങ്ങളും നമ്മൾ പലവട്ടം സമർപ്പിച്ചു. ഞങ്ങൾ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയെ കണാൻ പോയപ്പോൾ അദ്ദേഹം പറഞ്ഞത്, ഇപ്പോൾ അത് പരിഗണിക്കാൻ സാധ്യമല്ല, അസാധ്യമാണ് എന്നാണ്. എന്നാൽ ഇപ്പോൾ ഒരു ശുഭ വാർത്തയുണ്ട്, ഞങ്ങൾ സമർപ്പിച്ച ആ പ്രൊപ്പോസൽ ഒന്നുകൂടി സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ഇന്നലെ ഒരു നിർദ്ദേശം വന്നിട്ടുണ്ട്. അത് ഫലിക്കുകയാണെങ്കിൽ കുറെക്കൂടി പ്രയോജനകരമായിരിക്കും.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, (മൈക്ക് ഓഫ്)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ക്ഷമിക്കണം, ആർക്കും വഴങ്ങണ്ട എന്നാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ വളരെ പക്വതയോടുകൂടിയ സമീപനമാണ് പീരുമേട് എം.എൽ.എ. സാധാരണ സ്വീകരിക്കാറുള്ളത്. എന്നെക്കാൾ ഏറെ പക്വതയും നല്ല ജീവിതാനുഭവങ്ങളുമുള്ള തൊഴിലാളി നേതാവുകൂടിയാണ് അദ്ദേഹം. പക്ഷേ, അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിക്കുകയോ അല്ലെങ്കിൽ കാര്യങ്ങൾ വേണ്ടത്ര മനസ്സിലാക്കാത്തതുകൊണ്ടോ ആണ്. പീരുമേടിലെ ഓഫീസ് കോട്ടയത്ത് കൊണ്ടുവന്നത് ഞാനാണോ? ഇടുക്കി ജില്ല രൂപം കൊള്ളുന്നതിനുമുമ്പ് അതിന്റെ ആസ്ഥാനം കോട്ടയമാണ്. ജില്ല രൂപം കൊണ്ടതിനുശേഷം ഇവിടെ നിരവധി വനം വകുപ്പുമന്ത്രിമാരുണ്ടായിട്ടുണ്ട്. ബാക്കി ഭാഗം ഞാൻ പൂരിപ്പിക്കുന്നില്ല.... അന്ന് എന്തുകൊണ്ട് മാറ്റിയില്ല? (...ബഹളം...) അങ്ങനെ തോക്കിൽ കയറി വെടിവയ്ക്കാതിരിക്കു.... ഞാൻ പറയട്ടെ... നിങ്ങൾ പറഞ്ഞത് ഞാൻ ക്ഷമയോടുകൂടി കേട്ടതല്ലേ. എന്താണ് മാറാതിരുന്നത്? എന്നാൽ ഇവിടെ

ഉന്നയിച്ചതനുസരിച്ച് ഇതുമായി ബന്ധപ്പെട്ട പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. കാനന പാതയുമായി ബന്ധപ്പെട്ട മറ്റൊരു കാര്യം അദ്ദേഹം ഇവിടെ പറഞ്ഞു. കോട്ടയം ഡിവിഷനുകീഴിലെ ശബരിമല പരമ്പരാഗത പാതയിലാണ് അങ്ങിവിടെ ഉന്നയിച്ച കാളകെട്ടിക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിലേയ്ക്കുള്ള വഴി നവീകരിക്കുന്നതിന് വനം വകുപ്പിന് എതിർപ്പില്ലായെന്ന കാര്യം അറിയിച്ചിട്ടുണ്ട്. അതിന് അനുമതിയും ഇതിനകംതന്നെ നൽകിക്കഴിഞ്ഞതാണ്. സത്രം എയർസ്ട്രിപ്പുകൾ യാഥാർത്ഥ്യമാകുമോയെന്ന് അദ്ദേഹം ചോദിച്ചു. ഞാൻ മാത്രം വിചാരിച്ചാൽ അതിന് ഉത്തരം പറയാൻ സാധിക്കില്ല. എൻ.സി.സി. വകുപ്പാണ് അത് ചെയ്യുന്നത്. പരിവേഷ് പോർട്ടലിൽ അവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഇപ്പോൾ മറ്റ് തടസ്സങ്ങളൊന്നുമില്ല. എൻ.സി.സി. വകുപ്പ് സ്റ്റേജ് 1 ക്ലിയറൻസിന് പരിവേഷ് പോർട്ടലിൽ അപേക്ഷ സമർപ്പിച്ചത് ഇക്കഴിഞ്ഞ മാസമാണ്. വനം വകുപ്പിന് എതിർപ്പില്ലാത്തതുകൊണ്ടുതന്നെ അത് അംഗീകരിച്ച് കിട്ടുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. മുല്ലപ്പെരിയാർ

പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്റ്റേജ് 1 ക്ലിയറൻസ് ഇതിനകംതന്നെ ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. അവിടെയും മറ്റ് തടസ്സങ്ങളൊന്നുമുള്ളതായി ഞാൻ കാണുന്നില്ല. വസ്തുതകൾ ഇതായിരിക്കെ എന്തുകൊണ്ടാണ് പരിണതപ്രജ്ഞനായ അങ്ങ് ഇങ്ങനെ പ്രകോപിതനായതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എനിക്കതിൽ പ്രതിഷേധവുമില്ല. കാരണം അദ്ദേഹം എന്നെക്കാൾ മുതിർന്ന ആളാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, (മൈക്ക് ഓഫ്)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: കാട്ടുതീ തടയാനൊന്നും ശ്രമിക്കുന്നില്ല എന്ന് ഇവിടെ പറയുകയുണ്ടായി. കാട്ടുതീ ശരിയായ ഒരു പ്രശ്നം തന്നെയാണ്. കാട്ടുതീ തടയാൻ ശ്രമിക്കുന്നില്ല എന്ന് പറഞ്ഞത് ശരിയല്ല. കാട്ടുതീ ഇത്തവണക വളരെ വ്യാപകമായി നമ്മുടെ കാടുകളെ നശിപ്പിച്ചിട്ടുണ്ട്. അതിൽ രണ്ട് കാര്യങ്ങളുണ്ട്. ഒന്ന്, സ്വാഭാവികമായി സംഭവിക്കുന്നത്; രണ്ട്, സംഭവിപ്പിക്കുന്നത്. ഇത് രണ്ടും ഒരുപോലെ പരിശോധിച്ച് നടപടി സ്വീകരിക്കാനാണ് വനം വകുപ്പ് വാച്ചർമാരെ കൂടുതലായി നിയമിച്ചുകൊണ്ടുള്ള ശ്രമങ്ങൾ നടത്തിയത്. ഇത്തവണ കാട്ടുതീ താരതമ്യേന

കുറവായിരുന്നുവെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. എന്നാലും കണക്കിൽ നിൽക്കേണ്ട കാര്യമല്ലിത്. കാട്ടുതീമൂലം വനം നശിക്കാൻ പാടില്ലെന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്.

എം.പി.-മാരുടെയും എം.എൽ.എ.-മാരുടെയും യോഗം വിളിച്ചുകൂട്ടണമെന്നാണ് ബഹുമാനപ്പെട്ട പേരാവൂർ എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചത്. സർക്കാരിൽനിന്ന് അയയ്ക്കുന്ന എല്ലാ കത്തുകളുടെയും കോപ്പി അതത് സമയത്ത് എം.പി.-മാർക്ക് അയയ്ക്കാറുണ്ട്. യോഗം വിളിച്ചുകൂട്ടുന്നത് വലിയ പ്രയാസമുള്ള കാര്യമല്ല. വേണമെങ്കിൽ യോഗം ചേരാം. പക്ഷേ എം.പി.-മാരുടെ യോഗം സാധാരണ കൂടാറുള്ളത് പാർലമെന്റ് സമ്മേളനം നടക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ യോഗം വിളിച്ചുകൂട്ടി ഓരോ വകുപ്പിന്റെയും കീഴിൽ കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. അവർ അക്കാര്യങ്ങൾ പാർലമെന്റിൽ ഉന്നയിക്കാമെന്ന് പറയാറുണ്ട്. ഞാൻ ബഹുമാനപ്പെട്ട വയനാട് എം.പി.-യെക്കുറിച്ച് ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹം വന്നു. എപ്പോഴാണ്? തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ. പിന്നെ അദ്ദേഹം കോമ്പൻസേഷൻ പ്രഖ്യാപിച്ചു.

അതെങ്ങനെയാണ്? നിയമപരമായി ശരിയോ തെറ്റോ എന്ന് എനിക്ക്....... (....ബഹളം......) ഞാൻ പോയില്ല.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ശ്രീ. പി. കെ. ബഷീർ ... അവിടെ ഇരിക്കു. ...(....ബഹളം......) അങ്ങ് സംസാരിച്ചോളൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രതിപക്ഷനേതാവ് ശ്രദ്ധിക്കണം. ഞാൻ എന്താണ് പറഞ്ഞത്. അദ്ദേഹം വന്നുവെന്നാണ്. അദ്ദേഹം വന്നു.

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ഇവിടെ പ്രതിപക്ഷ നേതാവ് സംസാരിക്കുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി, ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് അങ്ങനെയൊരു പരാമർശം നടത്തിയത് വളരെ ഖേദകരമാണ്. തെരഞ്ഞെടുപ്പ് കാലത്ത് മാത്രമല്ല, അവിടെ ഇത്തരം സംഭവങ്ങളുണ്ടായ എല്ലാ സമയത്തും, 'ഭാരത് ജോഡോ യാത്ര' നിർത്തിവച്ച് അദ്ദേഹം വയനാട് സന്ദർശിച്ചിട്ടുണ്ട്. പക്ഷെ വനം വകുപ്പിന്റെ ചുമതല മാത്രമല്ല വയനാടിന്റെ ചുമതല കൂടിയുള്ള അങ്ങ് ആ ജില്ലയിലേയ്ക്ക് കാലുകുത്തിയിട്ടില്ലല്ലോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി പറഞ്ഞത് എന്താണ്; ബഹുമാനപ്പെട്ട രാഹുൽ ഗാന്ധിയെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല എന്നാണ്. അത് കേട്ടതും, കാള പെറ്റുവെന്ന് കേട്ടപ്പോഴേയ്ക്കും ഇവർ എന്തിനാണ് കയർ എടുക്കുന്നത്. (....ബഹളം......) അങ്ങനെയല്ലേ അദ്ദേഹം പറഞ്ഞത്. ഒന്നും പറയുന്നില്ലെന്ന് പറഞ്ഞാൽ, .... എന്തിനാണ് ഇവർ ബഹളം വയ്ക്കുന്നത്. (....ബഹളം......)

മി.സ്പീക്കർ: യെസ്... യെസ്... അവിടെ ഇരിക്കൂ (....ബഹളം......) മിനിസ്റ്റർ അങ്ങ് സംസാരിച്ചോളൂ,

ശ്രീ. എം. ബി. രാജേഷ്: സർ, അവരുടെ മനസ്സിലെന്തോ ഉണ്ട്. കുറ്റബോധം കൊണ്ടാണോ ഇങ്ങനെ ബഹളം വയ്ക്കുന്നത്.

മി.സ്പീക്കർ: മിനിസ്റ്റർ അങ്ങ് സംസാരിച്ചോളൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രതിപക്ഷനേതാവ് പറഞ്ഞത് നമ്മൾ കേട്ടു. ദയവായി മറ്റുള്ളവരോട് ഇരിക്കാൻ പറയണം. പ്രതിപക്ഷനേതാവേ, അവരോട് ഇരിക്കാൻ പറയണം. ഞാൻ എന്താണ് പറഞ്ഞത്; ഞാൻ

പോയില്ലെന്ന കാര്യം അവർ ഇവിടെ പറഞ്ഞല്ലോ, (....ബഹളം......) നിങ്ങൾ വെറുതെ രോഷം കൊള്ളല്ലേ.

മി.സ്പീക്കർ: അദ്ദേഹം ക്ലാരിഫൈ ചെയ്യട്ടെ, (....ബഹളം......) അദ്ദേഹം ക്ലാരിഫൈ ചെയ്യട്ടെ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഒന്ന് ഇരിക്കൂ (....ബഹളം......) ഇവർ എന്താണ് പറയുന്നത്; ബഹുമാനപ്പെട്ട ശ്രീ. ടി. സിദ്ദിഖ് എന്താണ് പറയുന്നത്; പ്രതിപക്ഷ നിരയിലെ അംഗങ്ങൾ എന്താണ് പറയുന്നത്?

മി.സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അദ്ദേഹം ക്ലാരിഫൈ ചെയ്യട്ടെ, അദ്ദേഹം പറയുന്നത് നിങ്ങൾ കേൾക്കൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആ സമയത്ത് ഞാൻ പോയില്ലെന്ന് പറഞ്ഞത് സത്യമാണ്. എനിക്ക് പോകാൻ അന്ന് സാധിച്ചില്ല. അതിന് ഇത്രയ്ക്ക് രോഷം കൊള്ളുന്നത് എന്തിനാണ്? ആ ഒരു സംഭവം ഒഴിച്ച് വേറെ ഏത് കാര്യത്തിലാണ് ഞാൻ പോകാതിരുന്നത്; വയനാട്ടിൽ ഞാൻ എപ്പോഴാണ് വരാതിരുന്നത്; ഞാൻ വഴങ്ങുന്നില്ല. എല്ലാ സംഭവങ്ങളിലും ഞാൻ എത്തിപ്പെടാറുണ്ട്. പക്ഷേ ആ സമയത്ത് എനിക്ക് ഒരു

പ്രയാസമുണ്ടായിരുന്നു അതുകാരണം പോകാൻ സാധിച്ചില്ല. ഞാൻ പോയില്ലെന്ന് പറയുന്നു. അത് ശരിയാണ്. എന്തെങ്കിലും ആയിക്കോട്ടെ, (....ബഹളം......) ഇത് എന്താണ്;

മി.സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്....... ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് സംസാരിച്ചോളൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിങ്ങൾക്ക് എന്തെങ്കിലും അജണ്ടയുണ്ടോ; എന്നെ സംസാരിക്കാൻ അനുവദിക്കാത്തത് എന്താണ്?

മി.സ്പീക്കർ: പ്ലീസ്.... അങ്ങ് സംസാരിച്ചോളൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അദ്ദേഹത്തിന്റെ സഹായം നമുക്ക് ആവശ്യമാണെന്നാണ് ഞാൻ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ അദ്ദേഹത്തിന്റെ സഹായം ഇന്നത്തെ സാഹചര്യത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നാണ് ഞാൻ പറയാൻ ആഗ്രഹിച്ചത്. അത് നിങ്ങൾ കേൾക്കുന്നതിനുമുമ്പ് ചാടിയെഴുന്നേറ്റ് പ്രതിരോധം തീർക്കുന്നത്......... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങ്

ഇത് ഒരുപാട് കണ്ടതല്ലേ? ഇത് പറഞ്ഞത് ഇലക്ഷൻ കാലത്താണ്. എന്നോട് ചോദിച്ചതിന് ഞാൻ മറുപടി പറഞ്ഞതാണ്.

മി.സ്പീക്കർ: യെസ്.... യെസ്.... മിനിസ്റ്റർ അങ്ങ് സംസാരിച്ചോളൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് തടസ്സപ്പെടുത്തണമെന്ന് എന്താണ് ഇത്ര നിർബന്ധം. ശ്രീ. പി. കെ. ബഷീർ.....

മി.സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, പ്ലീസ്.... പ്ലീസ് ....

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ശ്രീ. ഇ. കെ. വിജയൻ ജാനകിക്കാട് ഇക്കോ ടൂറിസം പ്രശ്നം പരിഗണിക്കണമെന്ന് സൂചിപ്പിക്കുകയുണ്ടായി. അത് സജീവ പരിഗണനയിലാണ്. ബഫർ സോൺ സംബന്ധിച്ച വിഷയത്തിൽ നേട്ടമുണ്ടായത് ഒരു നേട്ടമായിക്കാണാനെങ്കിലും സാധിക്കേണ്ടേ? പ്രശംസിക്കേണ്ട; ഒരു പ്രശംസയും ഞാൻ പ്രതീക്ഷിക്കുന്നുമില്ല. ആരുടെയെങ്കിലും പ്രശംസയുടെ തേരിലേറി ഉന്നതിയിൽ എത്തിച്ചേരാൻ ആഗ്രഹിക്കുന്ന ഒരാളല്ല ഞാൻ. എന്നെ നിങ്ങൾക്ക് അറിയില്ല. പക്ഷേ അത് ചെറിയ കാര്യമായിരുന്നോ? ഞാൻ പ്രതിപക്ഷ നേതാവിനെ ഓർമ്മിപ്പിക്കുന്നു. അങ്ങ് ഈ സദസ്സിൽ പറഞ്ഞത് എന്താണ്? നിങ്ങളുടെ ഈ

നിലപാടുമായി നിങ്ങൾ സുപ്രീം കോടതിയിൽ പോയാൽ ആ വരാന്തയിൽ നിങ്ങളെ കയറ്റുകയില്ലെന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്. പക്ഷേ വരാന്തയിൽ കയറി, ജനങ്ങൾക്ക് അനുകൂലമായ തീർപ്പുണ്ടാക്കി, മുപ്പത്തിയെട്ട് ലക്ഷത്തോളം വരുന്ന കർഷക കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടി സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് കർഷകരുടെ പക്ഷത്താണെന്ന് തെളിയിക്കുന്ന നടപടികൾ സ്വീകരിച്ചു. നാളെയും അങ്ങനെയാണ്. ആ നിലപാട് തന്നെയാണ് സ്വീകരിക്കുക. കർഷക പക്ഷത്ത് നിൽക്കുകയാണ് ഞാൻ ചെയ്യുന്നത്. ഭരണഘടനാ ബാധ്യതകൾ വനം വകുപ്പുമന്ത്രി നിറവേറ്റണമെന്ന് ഇവിടെ പറയുകയുണ്ടായി. എന്താണ് എന്റെ ഭരണഘടനാ ബാധ്യത? വനം വകുപ്പുമന്ത്രി എന്ന നിലയിൽ എന്റെ ഭരണഘടനാ ബാധ്യത എന്താണെന്ന് ദയവായി ഒന്ന് പറഞ്ഞുതരണം. വന സംരക്ഷണവും വന്യജീവി സംരക്ഷണവുമാണ് എന്റെ ബാധ്യത. പക്ഷേ ഈ ഗവൺമെന്റിന് ഒരു നിലപാടുണ്ട്. എന്താണ് ആ നിലപാട്; ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് മറ്റ് എന്തിനെക്കാളും പ്രാധാന്യം നൽകണമെന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ

നിലപാട്. ആ നിലപാടിലാണ് ഞാൻ നിൽക്കുന്നത്. ആ നിലപാട് അനുസരിച്ച് പ്രവർത്തിക്കാൻ ഞാൻ ബാധ്യസ്ഥനാണ്. കാരണം ഞാൻ ഒരു സംവിധാനത്തിന്റെ ഭാഗമാണ്. ഞാനും അങ്ങനെയാണ് വിശ്വസിക്കുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കണം. അതിനുവേണ്ടിയുള്ള എളിയ ശ്രമങ്ങൾ മാത്രമെ ഇപ്പോൾ നടത്തിയിട്ടുള്ളൂ. ഇത് പോരായെന്ന് എനിക്കറിയാം. നിങ്ങളിൽ നിന്നും ക്രീയാത്മകമായ നിർദ്ദേശമാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. ദൗർഭാഗ്യവശാൽ എന്നെ എന്തോ ലക്ഷ്യം വച്ച് ടാർജറ്റ് ചെയ്യുകയാണെന്ന നിലയിലായിപ്പോയി ചിലരുടെ പരാമർശം. അതിലെനിക്ക് പ്രയാസമുണ്ട് സുഹൃത്തുക്കളെ. ആ പ്രയാസം ഞാൻ ഇവിടെ പറയുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നുവെന്ന് പറഞ്ഞാൽ എന്താണ് അതിന്റെ അർത്ഥം? ഈ പറയുന്ന പ്രവർത്തനങ്ങളൊന്നും നടത്താൻ ഞങ്ങൾ അനുവദിക്കില്ലെന്നല്ലേ; എന്തിനാണ് അങ്ങനെയൊരു കർക്കശമായ നിലപാട്? ഭരണപക്ഷത്തോ പ്രതിപക്ഷത്തോ ഇരിക്കുമ്പോഴുള്ള സ്വാഭാവികമായുള്ള പറച്ചിൽ പോരെ; അതിനും അപ്പുറത്തേയ്ക്ക് എന്തിനാണ് പോയത്; അത് ദയവായി വേണ്ടിയിരുന്നില്ലന്നേ ഞാൻ

പറയുന്നുള്ളൂ. നിങ്ങളോടൊക്കെ എനിക്ക് അങ്ങനയെ പറയാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഞാൻ പറയുന്നത്. പ്രതിപക്ഷനേതാവിന് അതറിയാം. നിങ്ങളോടൊന്നും മുഷിഞ്ഞ് സംസാരിക്കാൻ എനിക്കറിയില്ല. അതുകൊണ്ട് നമ്മൾ തമ്മിൽ അത് വേണ്ട. ഏതായാലും വനം വകുപ്പുമായി ബന്ധപ്പെട്ട ചർച്ച എന്റെ ഓർമ്മയിൽ ആദ്യമായാണ് ഇത്രയും സജീവമാകുന്നത്. ഈ ചർച്ച സജീവമായിയെന്നാണ് ഞാൻ പറഞ്ഞത്. എന്താണ് മലയാളഭാഷ അറിയാത്തതുപോലെ. ഈ ചർച്ച സജീവമായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. ഈ ചർച്ച സജീവമാക്കിയ അംഗങ്ങളോടെല്ലാവരോടും കൃതജ്ഞത രേഖപ്പെടുത്തുകയാണ്. ഞാൻ പറഞ്ഞ് തീരുമുമ്പേ എഴുന്നേറ്റാൽ എങ്ങനെയാണ്; എന്താണ് ശ്രീ. സണ്ണി ജോസഫ് നമുക്ക് അങ്ങനെ വേണമോ; പറഞ്ഞ് തീരുന്നതിനുമുമ്പ് എഴുന്നേറ്റാൽ എങ്ങനെയാണ്? സജീവമായി എന്ന് പറയുമ്പോൾ അത് മോശമായിപ്പോയി എന്നുപറഞ്ഞാൽ എങ്ങനെയാണ് ശരിയാകുന്നത്; എനിക്കത് മനസ്സിലാകുന്നില്ല. എന്റെ ഭാഷയിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അത് പറഞ്ഞാൽ തിരുത്തുന്നതാണ്. കുറേ വർഷങ്ങൾക്കുശേഷം വനം

വകുപ്പിനെക്കുറിച്ചുള്ള ചർച്ച സജീവമായ ഒരു ദിവസമാണിന്ന്. സജീവമായി എന്നുപറഞ്ഞത് തെറ്റാണോ; ആ വാക്ക് പിൻവലിക്കണമോ; പ്രതിപക്ഷനേതാവ് പറയൂ ഞാൻ ആ വാക്ക് പിൻവലിക്കണമോ; ഈ ചർച്ച സജീവമാക്കിയ എല്ലാവരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് എല്ലാവരോടും വിനീതമായി അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXI
## മൃഗസംരക്ഷണം

മി.സ്പീക്കർ: സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, ചാണ്ടി ഉമ്മൻ, കെ. ബാബു (തൃപ്പൂണിത്തുറ), പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, എ. പി. അനിൽ കുമാർ, എൽദോസ് പി. കുന്നപ്പിള്ളിൽ, അനൂപ് ജേക്കബ്, അൻവർ സാദത്ത്, സണ്ണി ജോസഫ്, റോജി എം. ജോൺ, സജീവ് ജോസഫ്, സനീഷ്കുമാർ ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ,

ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി.സ്പീക്കർ: യെസ്.. യെസ്... Technical error issue ഉണ്ട്..

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി.സ്പീക്കർ: ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXII
## ക്ഷീരവികസനം

മി.സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, എ. പി. അനിൽ കുമാർ, ടി. ജെ. വിനോദ്, റോജി എം. ജോൺ, സജീവ് ജോസഫ്, അനൂപ് ജേക്കബ്, എൽദോസ് പി. കുന്നപ്പിള്ളിൽ, എ. പി. അനിൽ കുമാർ, അൻവർ സാദത്ത്, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, ചാണ്ടി ഉമ്മൻ, കെ. ബാബു (തൃപ്പൂണിത്തുറ), പി. സി. വിഷ്ണുനാഥ്, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി.സ്പീക്കർ: ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV

## വനം

മി.സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, അൻവർ സാദത്ത്, എ. പി. അനിൽ കുമാർ, സജീവ് ജോസഫ്, സണ്ണി ജോസഫ്, റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സനീഷ്കുമാർ ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി.സ്പീക്കർ: ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.